ജനുവരി 2018

Price ₹ 25

# ജീവനും വെളിച്ചവും



കിള്ളിപ്പാലം സെന്റ് ജൂഡ് ദേവാലയത്തിൽ

# തീർത്ഥാടന തിരുന്നാൾ



**2018 ജനുവരി 25 മുതൽ ഫെബ്രുവരി 1 വരെ വരെ**

## കൊടിയേറ്റ്

ജനു. 25 ന്
വൈകിട്ട് 7 ന്
റവ. ഫാ. ജേക്കബ് സ്റ്റെല്ലസ്
(റെക്ടർ, സെന്റ് ജൂഡ് ഷ്രൈൻ)

തിരുന്നാൾ ദിനങ്ങളിൽ വൈകു. 5 ന്
**ജപമാല, നൊവേന, ദിവ്യബലി**

തിരുന്നാൾ ദിനം – ഫെബ്രുവരി 1 വൈകു. 5 ന്
**ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി**

മുഖ്യകാർമികൻ :
**ബിഷപ്പ് ഡോ. ക്രിസ്തുദാസ്.ആർ**
(തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ)

**ഭക്തജനങ്ങൾക്ക് സ്വാഗതം**

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഓഖി ദുരിതാശ്വാസ
നിധിയിലേക്ക് ഉദാരമായി സംഭാവന ചെയ്യുക.
South Indian Bank Sasthamangalam Branch A/C No. 0503053000004024 (IFSC Code : SIBL 0000503)
Latin Archdiocese of Trivadnrum

റെക്ടർ, പാരിഷ് കൗൺസിൽ & തിരുന്നാൾ കമ്മിറ്റി

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ജനുവരി
പുസ്തകം - 42 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# ഓഖിയിൽ പതറിയ നാടും, ശാസ്ത്രവും

കേരളത്തിന്റെ തെക്കൻ തീരത്തും കന്യാകുമാരിയിലും ആഞ്ഞുവീശിയ ചുഴലിക്കാറ്റിന്റെ നൊമ്പരങ്ങൾ വിട്ടുമാറാതെ നിൽക്കുകയാണ്. കൈവിട്ടുപോയ ദുരന്ത അറിയിപ്പും അതിനേക്കാളും അശ്രദ്ധമായ സുരക്ഷാ പ്രവർത്തനങ്ങളും ഓരോ മത്സ്യത്തൊഴിലാളിയുടെയും മനസ്സിലുയർത്തുന്ന ചോദ്യങ്ങൾ വിവരണാതീതമാണ്. എന്തേ ഞങ്ങളുടെ സ്ഥിതി ഈ ഗതിയിൽ. ഞങ്ങൾക്കായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾപോലും കൈമലർത്തി നിൽക്കുന്നു. ശാസ്ത്രക്കുതിപ്പിന് കിടപ്പാടം പോലും ഒഴിഞ്ഞുകൊടുത്ത ഞങ്ങളുടെ ശാസ്ത്രം, കടലിന്റെ ശാസ്ത്രം, കടൽദുരന്തങ്ങളുടെ ശാസ്ത്രം മെനയാൻ വൈകുന്നത് എന്തുകൊണ്ട്? വിവരസാങ്കേതിക രംഗത്തെ കുതിപ്പിലൂടെ ലോകം തങ്ങളുടെ കൈപ്പിടിയിലാണെന്ന് അഹങ്കരിക്കുന്ന, കാറ്റിന്റെയും കടലിന്റെയും മുൻപിൽ പകച്ചുനിൽക്കുന്ന ശാസ്ത്രലോകം എന്തേ ഹുങ്ക് നടിക്കുന്നു. ആശങ്കകളിൽ നിന്നുയരുന്ന ജനരോഷത്തിന്റെ പൊരുളറിയണം. അവയ്ക്ക് ഫലപ്രദമായ അറുതിവരുത്തണം. ഇനിയും ഇത്തരം ദുരന്തങ്ങളിൽ ജീവനുകൾ പൊലിയരുത്.

ദുരന്തമുഖം നൽകുന്ന പാഠങ്ങൾ നമുക്ക് കൈവെള്ളയിൽ കുറിക്കാം. നമുക്കുള്ളിലെ കടലറിവുകളെയും കാറ്ററിവുകളെയും ശാസ്ത്ര അറിവുകളോട് മെനഞ്ഞുചേർക്കാം. പറവകളും മൃഗങ്ങളും പ്രകൃതിയുടെ ചേഷ്ടകളെ ഗണിച്ചറിയുംവിധം കടലിന്റെ ശാസ്ത്രവും കാറ്റിന്റെ ശാസ്ത്രവും കൊള്ളിയാനുകളുടെ ശാസ്ത്രവും അറിയുന്ന മത്സ്യത്തൊഴിലാളി സമൂഹത്തെ സാമൂഹ്യനിർമ്മിതിയിൽ പങ്കാളികളാക്കാം. ഇനിയും ഇത്തരം ദുരന്തങ്ങൾ നമ്മുടെ വരുംതലമുറകളെ ചിഹ്നഭിന്നമാക്കാതിരിക്കാൻ നമുക്ക് ശ്രമിക്കാം, പ്രാർത്ഥിക്കാം. ദുരന്തത്തിൽ കാണാമറയത്തേക്ക് അകന്നുപോയവർക്ക് ആദരാഞ്ജലികളുടെ കയ്യൊപ്പ് ചാർത്താം. അവരെന്നും നിത്യതയുടെ ശോഭയിൽ ജ്വലിക്കട്ടെ.

ഓഖി ദുരന്തത്തിനിരയായ എല്ലാ മക്കളോടും ചേർന്ന് നടക്കാം. അവരുടെ ഉയിർത്തെഴുന്നേല്പ് രാജ്യത്തിന്റെയും ഉയർത്തെഴുന്നേല്പായി ഉദ്ഘോഷിക്കാം.

– പത്രാധിപർ




## ശാന്തിയുടെ നക്ഷത്രം

ഡോ. ജോർജ്ജ് ഓണക്കൂർ എഴുതിയ ശാന്തിയുടെ നക്ഷത്രം എന്ന ലേഖനം ഉന്നത നിലവാരം പുലർത്തി. ആദ്യമായി തിരുപ്പിറവിയുടെ ആഹ്ലാദം ദർശിക്കാൻ ആട്ടിയന്മാർക്കാണല്ലോ സൗഭാഗ്യമുണ്ടായത്. സാധാരണക്കാരിലേക്കാണ് ഇന്നും രക്ഷയുടെ സന്ദേശം എത്തിക്കേണ്ടത്. ദൈവത്തിന്റെ പേര് കരുണയെന്ന് ഫ്രാൻസിസ് പാപ്പ പറയുമ്പോൾ നമ്മുടെ കരുണയുടെ കരങ്ങൾ പാവപ്പെട്ടവരിലേക്കും പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കും അവശരിലേക്കും നീട്ടേണ്ടതുണ്ട്. ഡിസംബർ 25 ന് മാത്രം ആഘോഷിക്കേണ്ടതല്ല ക്രിസ്മസ്. അത് ഓരോ ക്രിസ്ത്യാനിയും അനുദിന ജീവിതത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. പാപികളെ രക്ഷിക്കാൻ തന്റെ ഏക പുത്രനെ മണ്ണിലേക്കയച്ച ദൈവപിതാവിന്റെ അനന്തസ്നേഹവും അനന്തനന്മയും അനന്ത കാരുണ്യവും നാം പിന്തുടരേണ്ടതാണ്.

– ജെറാൾഡ് ബി.മിരാൻഡ




## ക്രിസ്മസ് പതിപ്പ് മനോഹാരിത പകർന്നു

മഞ്ഞുപൊഴിയുന്ന ഡിസംബറിന്റെ മനോഹാരിതയും വശ്യസൗന്ദര്യവും നിറഞ്ഞതായിരുന്നു 'ജീവനും വെളിച്ചവും' ഡിസംബർ ലക്കം. മാസികയുടെ ഓരോ പേജും അതിലെ ചിത്രങ്ങളും ജീവൻ തുടിക്കുന്നവയായിരുന്നു. സമൂഹത്തിലെ വ്യത്യസ്ത തുറകളിലെ വ്യക്തികളുടെ ക്രിസ്മസ് അനുഭവങ്ങൾ ഉൾപ്പെടുത്തിയത് നന്നായി. ബാഹ്യമായ ആഘോഷങ്ങളല്ല എന്നിലൂടെയുള്ള ക്രിസ്തുവിന്റെ സമൂഹത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ക്രിസ്മസിന്റെ ആന്തരിക സത്തയെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ബെത്‌ലേഹേമിലെ രണ്ടായിരം വർഷങ്ങൾക്കുമുൻപ ത്തെ തിരുപ്പിറവിയെ അനുസ്മരിച്ചുകൊണ്ട് സൂസപാക്യം പിതാവെഴുതിയ ലേഖനം ഹൃദയത്തെ നൊമ്പരപ്പെടുത്തി. രക്ഷകനെ പ്രസവിക്കാൻ മറിയത്തിന് സത്രത്തിൽ ഇടം ലഭിക്കാത്തതു പോലെ തിന്മയും അഹങ്കാരവും ലൗകിക മോഹങ്ങളും നിറഞ്ഞ നമ്മുടെ ഹൃദയങ്ങളിലും ഉണ്ണിയേശു വന്നുപിറക്കാതെ പോകുന്നുവല്ലോയെന്ന ഉൾക്കാഴ്ച ലഭിച്ചു. എന്നിലേക്ക് നോക്കി നല്ല കുമ്പസാരം നടത്തുവാനും ഉള്ളിൽ ഉണ്ണിയേശു പിറക്കുന്ന അനുഭൂതി അനുഭവിക്കാനും പ്രസ്തുത ലേഖനം സഹായിച്ചു.

– സെബാസ്റ്റ്യൻ, പാളയം

## കഥയും വേണം

ഡിസംബർ ലക്കത്തിലെ ആശ.സിയുടെ കവിത നല്ല നിലവാരം പുലർത്തി. കവിതകൾ ധാരാളമുണ്ടായിരുന്നെങ്കിലും ഒരു കഥകൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ എന്നാശിച്ചു പോയി. മാസികയിൽ ഓരോ ലക്കത്തിലും കഥ ഉൾപ്പെടുത്തണമെന്നപേക്ഷിക്കുന്നു.

– വിയാന, മാമം

## ക്രിസ്മസ് അനുഭവങ്ങൾ വേറിട്ടുനിന്നു

ഡിസംബർ ലക്കത്തിൽ ജിജി തോംസൺ, ആൽബി ഡിക്രൂസ്, ഡോ. ഡാലിയ, ലോറൻസ് ഫെർണാണ്ടസ്, ഫിലോമിനാ സേവി, പൊന്നാക്ഷിയമ്മ തുടങ്ങയവരുടെ ക്രിസ്മസ് അനുഭവങ്ങൾ നന്നായിരുന്നു. യേശു ഇന്നും ജീവിക്കുന്ന സജീവ ദൈവമാണെന്ന ക്രൈസ്തവ വിശ്വാസത്തെ ഒന്നുകൂടി ആഴപ്പെടുത്തുന്നതരത്തിൽ ഉജ്ജ്വലമായിരുന്നു ഓരോ അനുഭവങ്ങളും. പുൽക്കൂട്ടിലല്ല എന്റെ ഹൃദയത്തിലാണ് ക്രിസ്തു ജനിക്കേണ്ടതെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു ഓരോ അനുഭവങ്ങളും. വീടിന് പുറത്തല്ല എന്റെ ഹൃദയത്തിലെ നക്ഷത്രത്തെ നോക്കിയാണ് ഞാനും എന്റെ കുടുംബവും പ്രകാശമായ ക്രിസ്തുദേവനെ അനുഗമിക്കേണ്ടതെന്ന ചിന്തയിലേക്ക് നയിച്ച അനുഭവങ്ങൾ പ്രസിദ്ധപ്പെടുത്തിയ 'ജീവനും വെളിച്ചവും' മാസികയും അണിയറ ശില്പികൾക്ക് പ്രാർത്ഥനയും ആശംസകളും.

– വിക്ടർ തോമസ്, ശ്രീകാര്യം

ജീവനും വെളിച്ചവും
ജനുവരി 2018

# താളുകളിൽ

## ലേഖനം

6 ഓഖി വിതച്ച നൊമ്പരങ്ങൾ
മോൺ. യൂജിൻ എച്ച്. പെരേര

13 പുതുവർഷം കൂട്ടായ്മയുടേതാകട്ടെ
ഫാ. ജെ.മെൽക്കൺ

16 ഓഖി: തീരാത്ത വേദനയും തോരാത്ത കണ്ണീരും

20 ഓഖി നിന്റെ പേര് കണ്ണ് എന്നാണ്...എന്നിട്ടും
ഫാ. തീയോഡേഷ്യസ് ഡിക്രൂസ്

22 ഓഖിയുടെ വിളവെടുപ്പ്
അഗസ്റ്റിൻ കണിപ്പിള്ളി

## സ്ഥിരം പംക്തികൾ

15 കവിത

25 വാർത്തകൾ

30 അല്മായ വേദി

31 അടിസ്ഥാന ക്രൈസ്തവ സമൂഹം

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.





ലേഖനം

മോൺ. യൂജിൻ എച്ച്. പെരേര

# ഓഖി വിതച്ച നൊമ്പരങ്ങൾ

തീരദേശത്തിന് ദുരന്തങ്ങൾ അന്നും ഇന്നും അന്യമല്ല. എന്നാൽ ഓഖി ചുഴലിക്കാറ്റ് ദുരന്തം വിതച്ചത് നമ്മുടെ അജ്ഞതകൊണ്ടല്ല, ബന്ധപ്പെട്ടവരുടെ അനാസ്ഥകൊണ്ടാണ്.



പോറ്റമ്മയായ അറബിക്കടലിൽ ആഞ്ഞുവീശിയ ‘കണ്ണ്’ എന്നു വിശേഷണമുള്ള ‘ഓഖി’ ചുഴലിക്കാറ്റ് കേരളത്തിന്റെ തെക്കൻ തീരത്തും, തമിഴ്നാടിന്റെ കന്യാകുമാരി ജില്ലയിലും സംഹാര താണ്ഡവം നടത്തിയാണ് കടന്നുപോയത്. ഇതുകണ്ട് ഒരിക്കൽക്കൂടി വിറങ്ങലിച്ചുനിൽക്കുന്ന തീരവാസികളോട് ചേർന്ന് ഭരണ, ഉദ്യോഗസ്ഥ സംവിധാനങ്ങളും നിസ്സഹായമായി നിൽക്കുന്ന കാഴ്ചയാണ് കാണാനായത്. 2004 ൽ ആഞ്ഞടിച്ച സുനാമിത്തിരകളെ ഭീതിയോടെ നോക്കിക്കണ്ട അതേ നിസ്സഹായാവസ്ഥ. രാജ്യത്തെ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകിയ മുന്നറിയിപ്പിനെ അവഗണിച്ചതുമൂലം ഉണ്ടായ വലിയ ദുരന്തക്കയത്തിൽപ്പെട്ടുപോയ കടലിന്റെ മക്കൾ. രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും സമ്പദ്വ്യവസ്ഥയ്ക്ക് പ്രതിവർഷം 3700 കോടി രൂപ വിദേശനാണ്യമായും ഒരുലക്ഷം കോടി രൂപ ആഭ്യന്തരവരുമാനമായും നേടിക്കൊടുക്കുന്നു. ഈ മത്സ്യത്തൊഴിലാളികളുടെ നിസ്സഹായത നമ്മുടെ നാടിനെ ലജ്ജിച്ച് തല താഴ്ത്തേണ്ട സ്ഥിതിയിലേക്ക് തള്ളിവിട്ടു.

29-ാം തീയതി വൈകുന്നേരം കടലിൽപ്പോയ റോബർട്ട് വർഗീസ് പറയുന്നത് ഏകദേശം 44 കിലോമീറ്റർ സഞ്ചരിച്ച് കടലിൽ ചൂണ്ട എറിഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് കാറ്റ് ആഞ്ഞുവീശാൻ തുടങ്ങിയത്. ഏകദേശം 10 മണിയോടെ കാറ്റിന്റെ ശക്തി വർധിച്ചു.അർധരാത്രിയോടെ കാറ്റും കടലും രൗദ്രഭാവം പൂണ്ടു. ഇതുകണ്ട് കരയിലേക്ക് ജീവരക്ഷാർത്ഥം വഞ്ചി തിരിച്ചെങ്കിലും ശക്തമായി വീശിയ കാറ്റിനെ മറികടന്ന് കരയിലെത്താൻ വളരെ പണിപ്പെട്ടു. പതിവ് ക്രമമനുസരിച്ച് വെളുപ്പിന് 5 മണിയോടെ കരയിലെത്തേണ്ട ഇവർ 8 മണിക്ക് ശേഷമാണ് തീരമണഞ്ഞത്. എനിക്കും കൂട്ടുകാർക്കും ചുഴലിക്കൊടുങ്കാറ്റിൽ നിന്നും രക്ഷപ്പെടാനായെങ്കിലും ഭാര്യാപിതാവ് ഇപ്പോഴും കരകാണാക്കടലിൽ തോണി തുഴയുകയാണ് എന്ന ആശങ്ക അവശേഷിക്കുന്നു. ആ പിതാവിനെ കാത്തിരിക്കുന്ന അമ്മയോടും മക്കളോടും ചേർന്ന് ഉറ്റവരും ഉടയവരും മടങ്ങിയെത്താത്ത ആയിരക്കണക്കിന് അമ്മമാരും, സഹോദരിമാരും, മക്കളും, നാട്ടുകാരും കാത്തിരിക്കാൻ തുടങ്ങിയിട്ട് ഇന്ന് 24 ദിവസം പിന്നിടുകയാണ്.

**രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ മത്സ്യത്തൊഴിലാളികൾ തുടക്കംമുതൽ അഭ്യർത്ഥിച്ചെങ്കിലും ഉത്തരവാദപ്പെട്ടവർ അതിന് തയ്യാറായില്ല. ആ സന്ദർഭത്തിലാണ് പ്രക്ഷുബ്ധമായ കടലിലും ധീരതയോടെ രക്ഷാപ്രവർത്തനത്തിന് മത്സ്യത്തൊഴിലാളികൾ ഒറ്റക്കെട്ടായി മുന്നോട്ടുവന്നത്.**

വലിയ ദുരന്തം വിതച്ച ഓഖി ചുഴലിക്കാറ്റിന്റെ നാൾവഴി പരിശോധിക്കുമ്പോൾ അമേരിക്കയിലെ കാലാവസ്ഥ ഏജൻസിയായ ജോയിന്റ് ടൈഫൂൺ വാണിംഗ് സെന്റർ നവംബർ 20-ാം തീയതി മുതൽ തായ്‌ലാന്റ് കടലിടുക്കിൽ ഉത്ഭവിച്ച കാർമേഘം ശ്രീല

ങ്കൻ തീരത്തുവച്ച് ന്യൂനമർദ്ദമായി രൂപപ്പെട്ടതായി വിവരിക്കുന്നു. ഇക്കാര്യം ബിസിനസ് ലൈൻ എന്ന മാസിക പോലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ രാജ്യത്തിന്റെ മെട്രീയോളജിക്കൽ ഡിപ്പാർട്ടുമെന്റും സംസ്ഥാന ദുരന്ത നിവാരണ സംവിധാനവും എത്തിച്ചേർന്ന നിലപാടുകളാണ് ഈ വലിയ ദുരന്തത്തിനും വിവരിച്ചാൽ തീരാത്ത മനുഷ്യക്കുരുതിക്കും ഇടയാക്കിയത്. ഇന്നത്തെ കണക്കുകൾ പ്രകാരം 70 മൃതദേഹങ്ങളും 350 ലേറെ മത്സ്യത്തൊഴിലാളികളും കടലിന്റെ കാണാമറയത്തായിരിക്കുമ്പോൾ അക്ഷന്ത്യവും കുറ്റകരവുമായ കൃത്യവിലോപത്തിന് ഇവർ മറുപടി പറയണം.

നവംബർ 30-ാം തീയതി രാവിലെ കടലിൽ പോയി ചുഴലിക്കാറ്റിൽ അകറ്റപ്പെട്ട മുത്തപ്പന്റെ മകൻ തദേവൂസിന് പറയാനുള്ളത് മറ്റൊരു ദുരന്ത കഥയാണ്. രാവിലെ 10 മണിയോടെ ചുഴലിക്കാറ്റിൽപ്പെട്ട് വള്ളം മറിഞ്ഞ അദ്ദേഹം 30-ാം തീയതി വൈകുന്നേരം 6.30 മുതൽ സഹായമഭ്യർത്ഥിച്ച് ഈ ലേഖകൻ ഉൾപ്പെട്ട പലരേയും മൊബൈൽ ഫോണിൽ വിളിച്ചെങ്കിലും വേണ്ട സഹായം ലഭിച്ചില്ല. അതുവഴി കടന്നുപോയ കുളച്ചൽ ബോട്ടിലെ തൊഴിലാളികളാണ് രക്ഷപ്പെടുത്തി കരയിൽ എത്തിച്ചത്. ലൂക്കാസിൽവയ്ക്കും പറയാനുള്ളത് ഇത്തരം നിസ്സഹായതയുടെ അനുഭവം തന്നെയാണ്. 30-ാം തീയതിയുണ്ടായ വൻകാറ്റിലും തിരയിലും പെട്ട് മറിഞ്ഞുപോയ ചാളത്തടിയിൽ പിടിച്ചുകിടന്ന അദ്ദേഹം 11.30 മുതൽ തുമ്പ ഭാഗത്ത് നിന്ന് വടക്കോട്ട് കടലിൽ ഒഴുകി നടന്നെങ്കിലും രാജ്യവും സംസ്ഥാനവും ഒരുക്കിയ സുരക്ഷാ പ്രവർത്തനങ്ങൾക്ക് തന്നെ രക്ഷപ്പെടുത്താനായില്ല. ഏകദേശം 4 മണിയോടെ മാമ്പള്ളിയിലെ മത്സ്യത്തൊഴിലാളികളുടെ ധീരമായ ഇടപെടലാണ് ജീവൻ

**ദുരന്തമുഖത്ത് നേരിട്ട നിസ്സഹായതയാണ് റോഡ് ഉപരോധങ്ങൾ, റെയിൽ ഉപരോധം, രാജ്ഭവൻ മാർച്ച് എന്നിവയായി രൂപപ്പെട്ടത്. 29, 30 തീയതികളിൽ തെക്കൻ കേരളത്തിലും, കന്യാകുമാരി ജില്ലയിലും ആഞ്ഞടിച്ച ചുഴലിക്കൊടുങ്കാറ്റിനെ വേണ്ട ഗൗരവത്തോടെ സർക്കാരുകൾക്ക് കാണാനോ സമയോചിതമായി ഇടപെടാനോ കഴിയാതെ പോയത് ഈ ദുരന്തത്തിന്റെ വ്യാപ്തിയും ആളപായവും, യാനങ്ങളുടെ നാശനഷ്ടവും വർധിപ്പിച്ചു.**

രക്ഷിച്ചത്. ഇത്തരം കരളലിയിപ്പിക്കുന്ന അനുഭവമാണ് ലൂയിസ് മകൻ കാർളോസിന്റേതും. ചുഴലിക്കാറ്റിൽ പ്പെട്ട് കട്ടമരം മറിഞ്ഞ് ഒഴുകി നടന്ന കാർലോസ് സർവ്വധൈര്യവും വീണ്ടെടുത്ത് പ്രക്ഷുബ്ധമായ തിരകളെ മുറിച്ച് കരയിലേക്ക് നീന്തി. അദ്ദേഹത്തെ കടൽത്തിരകളിൽ നിന്നും രക്ഷപ്പെടുത്തിയത് അഞ്ചുതെങ്ങ്-പൂന്തുറയിലെ ധീരരായ മത്സ്യത്തൊഴിലാളി യുവാക്കളാണ്. നമ്മുടെ സംവിധാനങ്ങളുടെ രക്ഷാപ്രവർത്തനങ്ങളുടെ വ്യാപ്തിയും ധീരതയും അധികാരികൾ വാനോളം പുകഴത്തുമ്പോഴും കടലിലകപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അനുഭവങ്ങൾ വ്യത്യസ്ഥമാണ്. ഈ ദുരന്തമുഖത്ത് ദിവസങ്ങളോളം ജീവനുവേണ്ടി ആഞ്ഞടിക്കുന്ന കാറ്റിലും കടലിലും കോളിലുംപെട്ട മത്സ്യത്തൊഴിലാളികൾക്ക് വിവരിക്കാനുള്ളത് ദുരന്ത നാടകങ്ങളിലെ കഥാനായകന്മാരെ വെല്ലുന്ന അനുഭവങ്ങളാണ്. നമ്മുടെ രാജ്യത്തിന്റെ നേവിയും, കോസ്റ്റ്ഗാർഡും, എയർഫോഴ്സും, ഹെലികോപ്റ്ററുകളും പറന്നുയർന്ന് രക്ഷാപ്രവർത്തനങ്ങൾ ധീരതയോടെ ഏറ്റെടുത്തു എന്ന് അവകാശപ്പെടുമ്പോഴും ലോറൻസ് ബർണാർഡിന് പറയാനുള്ള കരളലിയിപ്പിക്കുന്ന അനുഭവങ്ങളാണ്. 29-ാം തീയതി ഉച്ചതിരിഞ്ഞ് മൂന്നുമണിയോടെയാണ് ആന്റണി മകൻ ലോറൻസുമായി ക





*പ്രധാനമന്ത്രി നരേന്ദ്രമോദി ഓഖി ദുരിതബാധിതരെ സന്ദർശിക്കാൻ പൂന്തുറയിലെത്തിയപ്പോൾ. മുഖ്യമന്ത്രി പിണറായി വിജയനേയും കാണാം*

ടലിലേക്ക് പോയത്. വിഴിഞ്ഞം ഹാർബറിന് നേരെ 21 മൈൽ ഉള്ളിലാണ് ചൂണ്ട എറിഞ്ഞത്. സന്ധ്യയോടെ കാറ്റിന്റെ ശക്തി വർധിച്ചുവന്നു. അർധരാത്രിയോടെ ആഞ്ഞടിക്കാൻ തുടങ്ങിയ കാറ്റിന്റെ ശക്തികണ്ട് കരയിലേക്ക് മടങ്ങിവരാൻ ശ്രമിച്ചെങ്കിലും ഉൾക്കടലിലേക്ക് വഞ്ചിയെ വലിച്ചുകൊണ്ടു പോവുകയാണുണ്ടായത്. 30 ന് ഏകദേശം 10.30 മണിയോടെ ആഞ്ഞുവീശിയ ചുഴലിക്കാറ്റിൽപ്പെട്ട രണ്ടുപേരും ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. തിരകളിലും കാറ്റിലുംപെട്ട് വള്ളം മറിഞ്ഞു. രണ്ടുപേരും വടത്തിൽ പിടിച്ച് മറിഞ്ഞ വള്ളത്തോട് ചേർന്നുകിടന്നു. 1-ാം തീയതി നേരം വെളുത്തപ്പോഴേക്കും ദിശ വിവരിക്കാൻ കഴിയാത്തവിധം വടക്കോട്ട് കാറ്റ് എടുത്തുകൊണ്ടുപോയി. ചുറ്റും ഹെലികോപ്റ്റർ, നേവിയുടെ കപ്പൽ, കോസ്റ്റ് ഗാർഡ് ഒക്കെ നീങ്ങുന്നത് കാണാമായിരുന്നു. തുണി ചുഴറ്റി വിളിച്ചു. വള്ളത്തിലെ പങ്കായം ഉയർത്തി വിളിച്ചു. 2-ാം തീയതി ആയപ്പോഴേക്കും ലോറൻസ് ആന്റണി അവശനായിരുന്നു. ഞാൻ അവനോട് പറഞ്ഞു, ദൈവത്തെ വിളിക്കുക. നമ്മൾ മരിച്ചാലും അന്ത്യനാളിൽ അവൻ നമ്മെ രക്ഷിക്കും. പെയ്യുന്ന മഴയുടെ അതിശൈത്യത്തിൽ ഞങ്ങൾ രണ്ടാളും വടത്തിൽ പിടിച്ചു കടലിന്റെ ചൂടിനായി വെള്ളത്തിൽ കിടന്നു. അപ്പോൾ ലോറൻസ് ആന്റണി വിളിച്ചു പറയുന്നുണ്ടായിരുന്നു, "ആംബുലൻസ് വരുന്നു. നമുക്ക് പോകാം." ജീവിതമാകുന്ന ആംബുലൻസിൽ കയറി അവൻ പോവുകയാണെന്ന് എനിക്കറിയില്ലായിരുന്നു. 3-ാം തീയതി നേരം പുലർന്നപ്പോൾ ഞാൻ വള്ളത്തിന്റെ പുറത്ത് കയറിയിരുന്നു. വള്ളത്തിലേക്ക് കയറാൻ ആന്റണിയെ ലോറൻസ് വിളിച്ചു. എന്നാൽ അവൻ കടലിന്റെ ആഴങ്ങളിലേക്ക് മറഞ്ഞുപോയിരുന്നു. ഞാൻ പ്രതീക്ഷകൈവിടാതെ കാത്തുകിടന്നു. അപ്പോൾ അതുവഴി വന്ന ഒരു വിദേശ കപ്പലാണ് എന്നെ വാരിയെടുത്ത് പ്രാഥമിക ചികിത്സ നൽകി ഭക്ഷണം തന്നത്. ഫിലിപ്പീൻസിൽ നിന്നുള്ള തൊഴിലാളികളായിരുന്നു കപ്പലിലുണ്ടായിരുന്നത്. അവരുടെ കാരുണ്യവായ്പാണ് എന്നെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നത്. ക്യാപ്റ്റൻ വയർലെസിൽ വിളിച്ചു പറഞ്ഞതനുസരിച്ച് ഹെലികോപ്റ്റർ വന്ന് എന്നെ കരയിലും തുടർന്ന് ആംബുലൻസിൽ ആശുപത്രിയിലും എത്തിച്ചു. രക്ഷാ പ്രവർത്തനങ്ങൾ സജീവമായി നടന്നു എന്നു അവകാശപ്പെടുമ്പോഴും ഇന്നും കട്ടപ്പുറത്തിരിക്കുന്ന മറൈൻ എൻഫോഴ്സ്മെന്റിന്റെയും, തീരദേശ പോലീസ് സേനയുടെയും, വിഴിഞ്ഞത്തുനിന്നും രക്ഷാപ്രവർത്തനത്തിലേർപ്പെട്ട കോസ്റ്റ് ഗാർഡിന്റെയും ഒക്കെ ദുഃസ്ഥിതിയിലേക്ക് വിരൽചൂണ്ടുന്നതാണ് ഇത്തരം അനുഭവങ്ങൾ. ഇതുതന്നെയാകണം ദുരന്തത്തിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും മത്സ്യത്തൊഴിലാളി പ്രസ്ഥാനങ്ങൾക്കും ഇതേ സമൂഹത്തിന്റെ വികാരവായ്പുള്ള സഭയ്ക്കും പറയാനുള്ളത്.

രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ മത്സ്യത്തൊഴിലാളികൾ തുടക്കംമുതൽ അഭ്യർത്ഥിച്ചെങ്കിലും ഉത്തരവാദപ്പെട്ടവർ അതിന് തയ്യാറായില്ല. ആ സന്ദർഭത്തിലാണ് പ്രക്ഷുബ്ധമായ കടലിലും ധീരതയോടെ രക്ഷാപ്രവർത്തനത്തിന് മത്സ്യത്തൊഴിലാളികൾ ഒറ്റക്കെട്ടായി മുന്നോട്ടുവന്നത്. പൂവാർ, അടിമലത്തുറ, വിഴിഞ്ഞം, പൂന്തുറ, തുമ്പ ഗ്രാമങ്ങളിലെയും തൊഴിലാളികൾ 80 ഓളം ബോട്ടുകളിലായി 3-ാം തീയതി രാവിലെ തന്നെ യാത്രപുറപ്പെട്ടു. കൂട്ടംകൂട്ടമായി തേങ്ങാപ്പട്ടണം തുടങ്ങി ആലപ്പുഴവരെയുള്ള കടൽ അരിച്ചുപെറുക്കി. കുറേ ജീവനുകളും, ധാരാളം മൃതദേഹങ്ങളുമായാണ് മടങ്ങിയെത്തിയത്. ദുരന്തം വളരെ വലുതാണെന്ന് മനസ്സിലാക്കി സഭാ സംവിധാനങ്ങളെല്ലാം ഉണർന്ന് പ്രവർത്തിച്ചു. രക്ഷാപ്രവർത്തനങ്ങളിലെ സജീവ ഇടപെടൽ, രക്ഷിക്കപ്പെട്ട് ആശുപത്രികളിൽ കഴിയുന്ന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി വീണ്ടെടുക്കൽ തുടങ്ങി പ്രാദേശികതല





*കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ പൂന്തുറ ദുരിതബാധിതമേഖലയിൽ. മന്ത്രിമാരായ മേഴ്സികുട്ടിയമ്മ, കടകംപള്ളി സുരേന്ദ്രൻ സമീപം*



*കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധി പൂന്തുറയിൽ എത്തിയപ്പോൾ*

ത്തിൽ ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരോട് കൂടെ ആയിരിക്കാനും വൈദികരടങ്ങുന്ന സംഘങ്ങളെ നിയോഗിച്ചു. കൂടാതെ ദുരന്തബാധിതരുടെ ആത്മീയ-മാനസിക സ്ഥിതി, ആരോഗ്യസ്ഥിതി, പുനരധിവാസ പ്രവർത്തനം, വിദ്യാഭ്യാസ വളർച്ച എന്നിവ ഉറപ്പുവരുത്തുന്നതിനായി ഏഴ് പ്രത്യേക സമിതികൾക്കും രൂപം നൽകി. ഈ സന്ദർഭത്തിലും ജനങ്ങളിൽ നിന്ന് ഉയർന്നുവന്ന വികാരങ്ങളെ വേണ്ടരീതിയിൽ കൈകാര്യം ചെയ്യാനോ, ശമിപ്പിക്കാനോ, വേണ്ട നടപടികൾ സ്വീകരിക്കാനോ വ്യവസ്ഥതിക്ക് കഴിഞ്ഞോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

ദുരന്തമുഖത്ത് നേരിട്ട നിസ്സഹായതയാണ് റോഡ് ഉപരോധങ്ങൾ, റെയിൽ ഉപരോധം, രാജ്ഭവൻ മാർച്ച് എന്നിവയായി രൂപപ്പെട്ടത്. 29, 30 തീയതികളിൽ തെക്കൻ കേരളത്തിലും, കന്യാകുമാരി ജില്ലയിലും ആഞ്ഞടിച്ച ചുഴലിക്കൊടുങ്കാറ്റിനെ വേണ്ട ഗൗരവത്തോടെ സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് കാണാനോ സമയോചിതമായി ഇടപെടാനോ കഴിയാതെ പോയത് ഈ ദുരന്തത്തിന്റെ വ്യാപ്തിയും ആളപായവും, യാനങ്ങളുടെ നാശനഷ്ടവും വർധിപ്പിച്ചു. തമിഴ്നാട്, കേരള, ലക്ഷദ്വീപ്, മഹാരാഷ്ട്ര, കർണാടക, ഗോവ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളെയും ഇന്ത്യയുടെ അയൽരാജ്യങ്ങളെയും രക്ഷാപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയതും ചുഴലി ദുരന്തത്തെ മറ്റൊരു വലിയ ദുരന്തമായി അവശേഷിപ്പിക്കുന്നു.

ആളപയാത്തിന്റെയും മത്സ്യബന്ധന ഉപകരണങ്ങൾ, വീടുകൾ, വ്യക്തി-കുടുംബ-സമൂഹതലത്തിൽ സംഭവിച്ചിരിക്കുന്ന ആഘാതങ്ങൾ എന്നിവ അക്കങ്ങൾ കൊണ്ട് തിട്ടപ്പെടുത്താവുന്നവയല്ല. ഇനിയും മടങ്ങിവരാത്ത മുന്നൂറിലേറെ മത്സ്യത്തൊഴിലാളികൾ ഉയർത്തുന്ന ആശങ്കകൾ അർഹിക്കുന്ന ഗൗരവത്തോടെയും, യുദ്ധകാലാടിസ്ഥാനത്തിലും സ്ഥായിയായ മാറ്റത്തിനുതകുന്ന രീതിയിലും ആവിഷ്കരിച്ച് നടപ്പാക്കണം. സ്വന്തമല്ലാത്ത കാരണങ്ങളാൽ ഭവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർഷാവർഷം കടലെടുത്ത് നശിക്കുന്ന സ്ഥിതി സമഗ്രതയോടെ നോക്കിക്കണ്ട് പരിഹരിക്കണം. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ദുരന്തങ്ങളുടെയും മുന്നറിയിപ്പുകൾ യഥാസമയം നൽകാനുള്ള സംവിധാനങ്ങൾ സമഗ്രമായി പുനഃക്രമീകരിക്കുകയും സജ്ജമാക്കുകയും വേണം. കടലറിവുകളും, നാട്ടറിവുകളും, കടൽ സുരക്ഷയിലും മുന്നറിയിപ്പ് സംവിധാനങ്ങളിലും സമഗ്രമായി സംയോജിപ്പിക്കണം. കൂടാതെ മത്സ്യത്തൊഴിലാളികളെ സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമാക്കി നിലവിലുള്ള സംവിധാനങ്ങൾ പുനഃക്രമീകരിക്കണം. ജീവിക്കാനായി തൊഴിലുപകരണങ്ങൾക്കും, ഭവനങ്ങൾക്കും, വിദ്യഭ്യാസത്തിനും എടുത്ത കടങ്ങൾ മുഴുവനും എഴുതിതള്ളണം. രാജ്യത്തെ തീരമേഖലകളും പുഴയോരങ്ങളും നേരിടുന്ന പ്രശ്നങ്ങളെ സമഗ്രമായി അവലോകനം ചെയ്ത് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വിദ്യാഭ്യാസ ആരോഗ്യരംഗത്തെ കുറവുകൾ ഉൾപ്പെടെ പരിഹരിക്കാൻ കേന്ദ്രത്തിൽ ഫിഷറീസ് മന്ത്രാലയം സ്ഥാപിച്ച് നിവലിലെ കുറവുകൾ പരിഹരിക്കാൻ നടപടികൾ ആവശ്യമാണ്.

ശബ്ദമില്ലാത്തവന്റെ ശബ്ദമായി എല്ലാവിധ പ്രതിബന്ധങ്ങൾക്കും ചെവികൊടുക്കാതെ ഉറച്ചുനിൽക്കുന്ന മാദ്ധ്യമപ്രവർത്തകരും, പൊതുപ്രവർത്തകരും വലിയ ആക്ഷേപങ്ങളാണ് ഏറ്റുവാങ്ങുന്നത്. സംസ്ഥാന മനുഷ്യാവകാശ കമ്മിഷനും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് വകുപ്പും, മറ്റ് പൊതു പ്രവർത്തകരും വ്യവസ്ഥിതിയുടെ പുഴുക്കുത്തുകൾ എടുത്തുകാണിച്ചപ്പോൾ ഉണ്ടായ വിലകുറഞ്ഞ പ്രതികരണങ്ങളും നടപടികളും, കാലചക്രത്തിലെ ഇരുണ്ടരേഖകളായി അവശേഷിക്കും. മത്സ്യത്തൊഴിലാളി സമൂഹത്തോട് ചേർന്നുനിന്ന മാദ്ധ്യമപ്രവർത്തകർക്കെതിരെ സംസ്ഥാനത്തെ ഒരു വിദഗ്ധ നിയമജ്ഞനും, മാദ്ധ്യമസഹയാത്രികനും പ്രതികരിച്ചത് ഇങ്ങ



*ഓഖി ദുരിതബാധിതമേഖലയിൽ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് സന്ദർശിച്ചപ്പോൾ. വലിയതുറ ഇടവക വികാരി ഫാ. മെൽക്കണെയും കാണാം*

നെയാണ്, "മാധ്യമതീരത്ത് അവശേഷിക്കുന്ന മാലിന്യങ്ങൾ നിരവധിയാണ്." ഈ പരാമർശം അദ്ദേഹത്തിന്റെ മാധ്യമ ബോധത്തിന്റെയും നീതിബോധത്തിന്റെയും വിലകുറഞ്ഞ ആവിഷ്കാരമായി മാത്രമേ പൊതുസമൂഹം വിലയിരുത്തുകയുള്ളൂ.

നിസഹായതയുടെയും, ദുഃഖത്തിന്റെയും അഴിമുഖത്തുനിൽക്കുമ്പോഴും പൊതുസമൂഹത്തിൽ നിന്നും സഹയാത്രികരിൽ നിന്നും മാധ്യമങ്ങളിൽ നിന്നും ശാസ്ത്രസമൂഹത്തിൽ നിന്നും ദുരന്തനിവാരണ സംവിധാനങ്ങളെക്കുറിച്ചും, ദുരന്ത അറിയിപ്പിനെക്കുറിച്ചുമുള്ള ആക്ഷേപങ്ങൾ ഉത്തരവാദപ്പെട്ടവരുടെ ആത്മവിമർശനത്തിനും, പുനരവലോകത്തിനും ഇടയാക്കും എന്നുതന്നെയാണ് കരുതുന്നത്.

ഡിസംബർ മാസം 17-ാം തീയതി സംസ്ഥാന മുഖ്യമന്ത്രി വിളിച്ചുചേർത്ത കേരളത്തിലെ മത്സ്യമേഖലയിലെ തൊഴിലാളി പ്രസ്ഥാനങ്ങളുടെയും, സഭാപ്രതിനിധികളുടെയും യോഗം ഒന്നടങ്കം ചൂണ്ടിക്കാണിച്ച മത്സ്യമേഖല നേരിടുന്ന അവഗണനയും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും അവലോകന വിധേയമാക്കുകയും കാര്യക്ഷമമായ നവീകരണത്തിനും പുനരുജ്ജീവനത്തിനും ഇടയാക്കും എന്ന് പ്രത്യാശിക്കുന്നു.

ഈ ദുരന്തമുഖത്തേക്ക് ഇറങ്ങിവന്ന സംസ്ഥാന ഭരണകൂടവും, തമിഴ്നാട് ഭരണകൂടവും രാജ്യത്തിന്റെ പ്രതിരോധ മന്ത്രി നിർമ്മല സീതാരാമനും, അൽഫോൺസ് കണ്ണന്താനവും, പ്രധാനമന്ത്രിയും ഈ രംഗത്തെ കുറവുകൾ അടിയന്തിരമായി പരിഹരിക്കുകയും ദുരന്തത്തിൽ അകപ്പെട്ട രാജ്യത്തിന്റെ പൗരന്മാരുടെ ആകുലതകളുടെ ഗൗരവം പരിഗണിച്ച് വേണ്ട നടപടികൾ കൈക്കൊള്ളും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ഇക്കാര്യത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രകൃതിക്ഷോഭങ്ങളുടെ മുന്നറിയിപ്പ് സംവിധാനം നമ്മുടെ രാജ്യത്തിന് മത്സ്യത്തൊഴിലാളി സമൂഹം തന്നെ സംഭാവന നൽകിയ ഇന്ത്യൻ സ്പെയ്സ് റിസർച്ച് സ്ഥാപനത്തിന്റെ (ഐഎസ്ആർഒ) സഹായസഹകരണത്തോടെ ഉപഗ്രഹ അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം ശക്തിപ്പെടുത്തണം. ദേശീയ മെട്രോളജിക്കൽ വിഭാഗം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തീരദേശ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ്, നേവി, എയർഫോഴ്സ്, യുദ്ധക്കപ്പലുകൾ, യുദ്ധവിമാനങ്ങൾ ഉൾപ്പെടെ ഏകോപിപ്പിക്കാനും സുസജ്ജമാക്കാനുമുള്ള നിർദ്ദേശങ്ങളുണ്ടായി. കൂടാതെ കൊച്ചിൻ ഷിപ്പിയാർഡിന് രാജ്യത്തിനു സ്ഥലം ഒഴിഞ്ഞുകൊടുത്ത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി 'മറൈൻ ആംബുലൻസ്' അത്യാധുനിക സംവിധാനങ്ങളോടെ വികസിപ്പിച്ചെടുക്കണമെന്നതും അത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി വിനിയോഗിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഈ ദുരന്തത്തിന്റെയും അതിന്റെ അനന്തരഫലങ്ങളുടെയും, വ്യാപ്തിയും സാർവ്വദേശീയ ഇടപെടലുകളുടെയും അനിവാര്യത പരിഗണിച്ച് ദേശീയ ദുരന്തമായി പ്രഖ്യാപിച്ച് കേന്ദ്രസർക്കാരിന്റെ അടിയന്തിര ഇടപെടലുകളും ഉണ്ടാകണം.

ഇക്കാര്യത്തിൽ സഭയുടെ ഇടപെടലുകളും വിമർശന വിധേയമായിട്ടുണ്ട്. സഭ എന്നും ദുരിതബാധിതരോടുചേർന്നാണ് നിന്നിട്ടുള്ളത്. 2004 ൽ സുനാമി ആഞ്ഞുവീശി വിവരണാതീതമായ നാശനഷ്ടം വിതച്ചപ്പോഴും സഭാസമൂഹങ്ങളും, പ്രാദേശിക സഭാസംവിധാനങ്ങളും ദുരിതബാധിതരോടൊപ്പമായിരുന്നു. ഭാരത സഭയുടെ സാമൂഹിക വിഭാഗമായ കാരിത്താസ് ഇന്ത്യ ഇത്തരം ദുരന്തമുഖത്ത് ലാത്തൂരിലും ആന്ധ്രായിലും, ഉത്തരാഞ്ചലിലും, നേപ്പാൾ, ബംഗ്ലാദേശ് ഉൾപ്പെടെ രാജ്യങ്ങളിലും പ്രശംസനീയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. തിരുവനന്തപുരം പ്രാദേശിക സഭ മത്സ്യത്തൊഴിലാളി മക്കളുടെ ദുരിതത്തിൽ ഇടപെടുമ്പോൾ വസ്തുതകളെ നിസാരവൽക്കരിക്കാനുള്ള ശ്രമങ്ങൾ പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. ചുഴലിക്കൊടുങ്കാറ്റിന്റെ ദുരന്തങ്ങൾ നേരിടുന്ന തീരദേശമേഖലയും ഇതരമേഖലയും അത് വൈപ്പിൻകരയിലായാലും ചെല്ലാനത്തായാലും ബീമാപള്ളിയിലായാലും മലപ്പുറത്തായാലും കാസർകോഡായാലും ദുരന്തബാധിത സമൂഹങ്ങൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് പരിമിതികളെ അതിജീവിക്കാനും തീരദേശ മേഖല നൂറ്റാണ്ടുകളായി അനുഭവിക്കുന്ന വിവേചനങ്ങളെ അതിജീവിക്കാനാകണം. രാജ്യത്തിന്റെ ബഹിരാകാശ സ്വപ്നങ്ങൾക്ക് ചിറക് വിടർത്താൻ സ്ഥലവും വീടും വിട്ടുകൊടുത്ത ജനം ഇന്നും അവഗണനയുടെയും ആട്ടിപ്പായിക്കലിന്റെയും ദുഃഖപുത്രിമാരും, പുത്രന്മാരുമായി തന്നെ തുടരുന്നു. അതുപോലെ മത്സ്യമേഖല നൂറ്റാണ്ടുകളായി നേരിട്ടുകൊണ്ടിരിക്കുന്ന അവഗണനയുടെ തിരുമുറ്റത്ത് നിന്ന് ഉയർത്തെഴുന്നേൽക്കുന്ന സ്ഥിതി ഉണ്ടാകണം. ആ ഉയർത്തെഴുന്നേല്പിന്റെ ശംഖൊലിയാണ് ഓഖി ദുരന്തമുഖത്തുനിന്ന് മത്സ്യത്തൊഴിലാളികളൊന്നൊടങ്കം സർക്കാരുകളുടെയും പൊതു സമൂഹത്തിന്റെയും മുന്നിൽ ഒറ്റക്കെട്ടായി ഉയർത്തുന്നത്. ■

ലേഖനം

ഫാ. ജെ. മെൽക്കൺ

# പുതുവർഷം കൂട്ടായ്മയുടേതാകട്ടെ

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുതുവർഷത്തെക്കുറിച്ച് എന്ത് സ്വപ്നം നെയ്യാൻ സാധിക്കും. കണ്ണീർ ഉണങ്ങാത്ത കടൽത്തീരത്ത് ഉദയസൂര്യന്റെ കിരണങ്ങളുടെ സൗന്ദര്യം വർണിക്കാനാവുമോ. കുടുംബത്തിന്റെ ഭാരം ചുമന്നിരുന്നവർ കടലിന്റെ അടിത്തട്ടിൽ നിശ്ചലരായിപോയി എന്ന യാഥാർത്ഥ്യം പോലും വിശ്വസിക്കാനാകാതെ കടലും നോക്കി "കടലമ്മേ നിനക്ക് ഞങ്ങളെ എങ്ങനെ ചതിക്കാനായി" എന്ന് പറഞ്ഞുവിലപിക്കുന്നവരോട് എന്ത് ആശ്വാസം പറയാൻ സാധിക്കും. അമ്മയുടെ പ്രകരമേറ്റവരെ മറ്റാര് ആശ്വസിപ്പിക്കും.

നമ്മുടെ വിശ്വാസം തന്നെയാണ് നമ്മുടെ പ്രത്യാശ. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ 'പ്രത്യാശയിലാണ് നമ്മൾ രക്ഷപ്രാപിക്കുന്നത്' (റോമ. 8:24). പലർക്കും പല അഭിപ്രായം ഇതിനെക്കുറിച്ച് പറയാനുണ്ടാകും. പ്രത്യാശയുടെ ശാസ്ത്രത്തേയും ആധുനിക പ്രത്യയശാസ്ത്രങ്ങളേയും, രാഷ്ട്രീയതീരുമാനങ്ങളേയും അളവുകോലുകൊണ്ട് നിർവചിക്കുന്നവരുണ്ടാകും. എന്നാൽ യാഥാർത്ഥ്യം ഒന്നുമാത്രം.

## മരണത്തെ തോല്പിച്ച ക്രിസ്തു

ജ്യോതിഷികളായ പൂജരാജാക്കന്മാർ നക്ഷത്രപ്രഭയുടെ അർത്ഥം മനസ്സിലാക്കി നക്ഷത്രത്തെ അനുയാത്ര ചെയ്തു ബദ്‌ലഹേമിലെത്തി രാജാധിരാജനായ ക്രിസ്തുവിനെ ആരാധിച്ചു. വി. ഗ്രിഗറി നസിയാൻസ് പറയുന്നു ആ നിമിഷം തന്നെ ജ്യോതിഷം അവസാനിച്ചു. കാരണം പിന്നീട് ക്രിസ്തു നിശ്ചയിച്ച ഭ്രമണപഥത്തിലൂടെയാണ് നക്ഷത്രങ്ങൾ ചലിച്ചത് – "അവർ മറ്റൊരു വഴിയേ സ്വദേശത്തുപോയി" (മത്താ. 2:12). ഈ ദൃശ്യം ലോകത്തിന്റെ ചിന്തകളെ തകിടം മറിക്കുന്നു. പദാർത്ഥത്തിന്റെ നിയമങ്ങളോ, പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങളോ അല്ല മനുഷ്യവംശത്തെയും ലോകത്തെയും ആത്യന്തികമായി ഭരിക്കുന്നത്. മറിച്ച്, ഒരു ദൈവീകവ്യക്തി നക്ഷത്രങ്ങളെ അതായത് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത്. അവസാന വാക്ക്, പദാർത്ഥനിയമങ്ങളുടെയോ പരിണാമസിദ്ധാന്തങ്ങളുടെയോ അല്ല; യുക്തി, മനസ്സ്, സ്നേഹം ഇവയുൾക്കൊള്ളുന്ന ഒരു വ്യക്തിയുടേതാണ്. കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ "സ്വർഗം ശൂന്യമല്ല, ജീവിതം കേവലം പദാർത്ഥികമായ നിയമങ്ങളുടെയോ, യാദൃശ്ചികതയുടെയോ ഒരു സൃഷ്ടിയല്ല. എല്ലാറ്റിന്റെയും ഉള്ളിലും അതേ സമയം തന്നെ എല്ലാറ്റിനും അതീതമായും വ്യക്തിപരമായ ഒരു ഇച്ഛാശക്തിയുണ്ട്. സ്നേഹമായി യേശുവിൽ സ്വയം വെളിപ്പെടുത്തിയ ഒരു ചൈതന്യമുണ്ട് (ccc nn.1817-1821). ഈ ദൈവീകചൈതന്യമാണ്; പരിപൂർണ്ണസ്നേഹമാണ് നമ്മെ നയിക്കുന്നത്, പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത്. അവൻ നമുക്ക് എല്ലാം നന്മയായി പരിണമിപ്പിക്കും. ഇതാണ് നമ്മുടെ പ്രത്യാശ.

**ദുരന്തമുഖത്തുനിന്ന് പ്രതീക്ഷയുടെ പുതുവർഷത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. നമുക്ക് തിരിഞ്ഞുനോക്കാനേറെയുണ്ടാവും. കോട്ടങ്ങളുടെയും നേട്ടങ്ങളുടെയും ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും ശേഷിപ്പുകൾ ബാക്കിയുണ്ടായേക്കാം. അവയിൽ അനാവശ്യമായതിനെ വിസ്മരിച്ച് നന്മയുടെ വിത്തുകൾ വിതച്ച് പുതുവർഷത്തെ വരവേൽക്കാം...**

സങ്കീർത്തനത്തിൽ നമ്മൾ ഇപ്രകാരം പ്രാർത്ഥിക്കും: “കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് കുറവുണ്ടാകുകയില്ല..... മരണത്തിന്റെ നിഴൽവീണ താഴ്‌വരയിൽക്കൂടി നടന്നാലും, ഒരനർത്ഥവും ഞാൻ ഭയപ്പെടുകയില്ല. കാരണം അങ്ങ് എന്റെ കൂടെയുണ്ട്.... ” (സങ്കീ. 23:1–4). യേശു നമ്മോട് പറഞ്ഞത്: “ ഞാൻ നല്ലിടയനാണ്.’’ മരണത്തിന്റെ താഴ്‌വരയിൽക്കൂടി കടന്നുപോകുന്ന പാതകൾപോലും അറിയാവുന്നയാളാകണം യഥാർത്ഥ ഇടയൻ. ആർക്കും അനുഗമിക്കാനാകാത്ത അന്ത്യ നിശ്ബ്ദതയുടെ പാതയിലും എന്നോടൊപ്പം നടക്കുവാനും എന്നെ നയിക്കുവാനും കഴിയുന്നവൻ: അവൻ ഈ പാതയിലൂടെ സ്വയം കടന്നുപോയിട്ടുണ്ട്. മരണത്തിന്റെ സാമാജ്ര്യത്തിലേക്കവൻ ഇറങ്ങിച്ചെന്നു, മരണത്തെ അവൻ കീഴ്പ്പെടുത്തി, അവനോടുകൂടെ നമുക്ക് ആ പാത തരണം ചെയ്യാനാവുമെന്ന് ഉറപ്പുനൽകുന്നതിനുവേണ്ടി, നമ്മെ അനുഗമിക്കുവാൻ അവൻ മടങ്ങിവരുകയും ചെയ്തു. മരണത്തിൽപോലും എന്നെ അനുഗമിക്കുന്ന ഒരാളുണ്ടെന്ന തിരിച്ചറിവ്. അതാണ് നമ്മുടെ പ്രത്യാശയുടെ ശക്തി. ഏത് മരണത്തിന്റെ അടിത്തട്ടിലും അവൻ നമ്മോട് കൂടെയുണ്ട്. അവന്റെ ചെങ്കോലും ദണ്ഡും നമുക്ക് ബലമേകും.

വിശ്വാസത്തിലൂടെയുള്ള പ്രത്യാശ സ്വായത്തമാക്കി കഴിഞ്ഞാൽ ‘നമ്മൾ’ എന്ന കല സ്വായത്തമാക്കാൻ പരിശ്രമിക്കണം. ഒറ്റയ്ക്ക് വിജയം കൈവരിക്കാം. മത്സര ഓട്ടത്തിൽ വിജയിക്കാം എന്ന ചിന്തകൾ അസ്ഥാനത്താണ്. ഞാൻ, എന്റെ എന്ന പതിവുശൈലികൾക്ക് പകരം നമ്മൾ, നമ്മുടെ എന്ന രീതി അവലംബിക്കുന്നതാണ് ഇന്നത്തെ കാലത്ത് ജീവിതവിജയത്തിന് ആധാരം. കൂടെയുള്ളവരെ ചിലപ്പോൾ കൂടെ ജോലി ചെയ്യുന്നവരാകാം, കുടുംബാംഗങ്ങളാകാം, സുഹൃത്തുക്കളാകാം കൂട്ടായി ഉത്തരവാദിത്വം പങ്കുവയ്ക്കപ്പെടുന്നിടത്താണ് സന്തോഷവും വിജയവും കണ്ടെത്താനാവുക.

ഒരു പ്രശ്നമുണ്ടാകുമ്പോൾ സമൂഹത്തെ, കുടുംബത്തെ, ബന്ധുക്കളെ, സുഹൃത്തുക്കളെ, സാഹചര്യങ്ങളെ ഒക്കെ നമ്മൾ കുറ്റപ്പെടുത്താറുണ്ട്. ചിലപ്പോൾ കുടുംബത്തിനുള്ളിൽ നമ്മൾ കലഹം ഉണ്ടാക്കുകയും ചെയ്യാറുണ്ട്. എന്നാൽ തിരിച്ച് നമ്മുടെ ഉത്തരവാദിത്വങ്ങളിൽ, പ്രവർത്തനങ്ങളിൽ എത്രമാത്രം നാം മറ്റുള്ളവരെ വിശ്വാസത്തിൽ എടുക്കാറുണ്ട്. പ്രശ്നങ്ങളെപ്പോലും കൂട്ടായി നേരിടാതെ ഒറ്റയ്ക്ക് നേരിടാനാണ് നമ്മൾ പരിശ്രമിക്കാറ്. ഈ പുതുവർഷത്തിൽ ഈ ശൈലി ഒന്നു മാറ്റിപിടിക്കാം. ‘‘നമ്മൾ’ എന്ന കൂട്ടായ ശൈലി പ്രാവർത്തികമാക്കാം. വിശ്വാസത്തോടെ ക്രിസ്തുവിന്റെ കൈപിടിക്കുന്നതുപോലെ വിശ്വാസത്തോടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും കൈപിടിച്ച് മുന്നേറാം. ■


തങ്ങളുടെ ജീവിതം ദൈവത്തിനും
ദൈവമക്കൾക്കുമായി സമർപ്പിക്കുവാൻ താല്പര്യമുള്ള
എല്ലാ യുവതികളേയും
പരിശുദ്ധ മറിയത്തിന്റെ വിമല ഹൃദയസഭയിലേക്ക്
സ്വാഗതം ചെയ്തുകൊള്ളുന്നു.

പുതുവത്സരാശംസകൾ
നേർന്നുകൊണ്ട്,

**ഐസിഎം സിസ്റ്റേഴ്സ്**

സെന്റ് റോക്സ് കോൺവെന്റ്
തോപ്പ്, തിരുവനന്തപുരം

കവിത

സോജ ആന്റണി
Std.XI സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ പൂന്തുറ

# വിലാപ തീരം

ആഴക്കടലിൽ പൊലിഞ്ഞു
എൻ ഉറ്റവരുടെ ജീവനുകൾ
അനന്തമാം കടലിൽ ജീവനുവേണ്ടി
പോരാടി എൻ പ്രിയ സോദരൻ

പ്രതീക്ഷകളോടെ വീട്ടിൽ
നിന്നിറങ്ങിയവർ തിരിച്ചെത്തില്ലെന്ന്
ഒരിക്കലും കരുതിയില്ല
ഉറ്റവർ ബന്ധുക്കൾ.

കാണാമറയത്ത് സ്വജീവൻ
പണയം വച്ച് സഹോദരരേ
തേടി പോയവർ എത്തിയത്
ഉറ്റവർ തൻ മൃതദേഹങ്ങളുമായ്

കാറ്റിലും കോളിലും
കടലമ്മ
തങ്ങളെ
രക്ഷിക്കുമെന്ന പ്രതീക്ഷയോടെ
പോയ കടലോര മക്കൾ

എന്നാൽ കടലിലാണ്
തങ്ങളുടെ അന്ത്യമെന്ന്
കരുതിയില്ല ആ പാവം
കടലിന്റെ മക്കൾ

ഈ ദുരന്തത്തിൽ
നഷ്ടപ്പെട്ടത് കുടുംബങ്ങളുടെ
അത്താഴവും തങ്ങളുടെ
കാവൽക്കാരുമാണ്.

ഉറ്റവർക്കായുള്ള
കാത്തിരിപ്പിൽ
അവർ ഓരോ
ദിനവും തള്ളിനീക്കി

ആ നിമിഷം
ഞാൻ കണ്ടു
വിങ്ങിപ്പൊട്ടുന്ന
ഹൃദയങ്ങളെ

അലമുറയിട്ട്
അവർ അവരുടെ
വികാരങ്ങളും പരാതികളും
ഉയർത്തി കാട്ടി

അണപൊട്ടി
ഒഴുകി കണ്ണുകളിൽ
നിന്ന് കണ്ണുനീർ
കടൽ

പ്രതിഷേധങ്ങളും
പരിഹാസങ്ങളും
ഓരോ ദിനവും
കൂടിവന്നു

ജനപ്രതിനിധികൾ
ജനങ്ങൾക്ക് നേരെ
തിരിഞ്ഞു അവരെ
കുറ്റപ്പെടുത്തി

ആർക്കും മനസ്സിലാക്കാൻ
കഴിയില്ല
കടലിന്റെ മക്കളുടെ
കണ്ണുനീർ

എങ്കിലും സഹായഹസ്തവുമായ്
ചില നല്ല കരങ്ങൾ
അവർക്കുനേരെ
തിരിഞ്ഞു.

അച്ഛനെയും മക്കളെയും
കാത്തിരിക്കുന്നവരുടെ മുമ്പിൽ
എല്ലാ ഹൃദയങ്ങളും
ഒന്നുവിതുമ്പി

ഉറ്റവർക്കായുള്ള
ബന്ധുക്കളുടെയും
നാട്ടുകാരുടെയും കാത്തിരിപ്പ്
ഇന്നും തുടരുകയാണ്

എന്നാൽ ഓഖിയേക്കാൾ
ശക്തമായി അവരുടെ
പ്രാർത്ഥനകൾ ഇന്നും
തീരങ്ങളിൽ ആഞ്ഞടിക്കുന്നു.

മറക്കില്ല ഒരിക്കലും
മറക്കാൻ കഴിയില്ല
കടലിന്റെ മക്കൾക്ക്
'ഓഖിയെ....'





# ഓഖി

ഓഖി, തീരദേശവാസികളുടെ കണ്ണുകളിൽ തീരാകണ്ണീർമഴ സൃഷ്ടിച്ചുകൊണ്ട് കടന്നുപോയ ചുഴലിക്കൊടുങ്കാറ്റ്, കടലും കരയും ഇളക്കിമറിച്ചുകൊണ്ടുപോയപ്പോൾ നഷ്ടമായത് കുറെ ജീവനുകളും പ്രതീക്ഷകളും ആശ്രയങ്ങളുമാണ്. ഉൾപ്രദേശങ്ങളിൽ കൃഷി ഉൾപ്പെടെയുള്ള വസ്തുവകകൾ കാറ്റിൽ ഉലഞ്ഞാടിയപ്പോൾ തീരപ്രദേശങ്ങൾക്ക് നഷ്ടമായത് പ്രിയപ്പെട്ടവരുടെ ജീവനുകൾ ആണ്. കടലിനോട് മല്ലടിച്ച് ലഭിച്ച സമ്പാദ്യവുമായി തിരികെ എത്താം എന്ന് യാത്രപറഞ്ഞ് ഇറങ്ങിയവർ ഇന്ന് ഏതോ അറിയപ്പെടാത്ത ദ്വീപിലെ അന്തേവാസികളോ, അതോ കടലിലെ ഉപ്പുവെള്ളത്തിൽ ചാഞ്ചാടിയാടുന്ന ചേതനയറ്റ ശരീരങ്ങളോ ആയിരിക്കും. തന്റെ മകന്റെ, ഭർത്താവിന്റെ, സഹോദരങ്ങളുടെ അച്ഛന്റെ വരവിനായി കാത്തിരിക്കുന്ന കുടുംബാംഗങ്ങളുടെ കണ്ണീർ പ്രാർത്ഥനകൾ നിലവിളിയായി പ്രപഞ്ചത്തിൽ മാറ്റൊലി കൊള്ളുന്നു. ജീവനോട് എത്തിച്ചുതരണേ കടലമ്മേ... എന്ന് നിലവിളിച്ചിരുന്ന നാവുകൾ ഇന്ന് ഒരു നോക്ക് കാണാൻ ചേതനയറ്റ ശരീരമെങ്കിലും നൽകണേ എന്നായി മാറുമ്പോൾ... പ്രതീക്ഷയുടെ അവസാന കിരണവും കെട്ടടങ്ങുകയാണോ?

കാത്തിരിക്കുന്നവരുടെ അവസ്ഥ ഇതാണെങ്കിൽ, ഓഖിക്ക് ഇരകളായി കടലിൽ കഴിയുന്നവരുടെ അവസ്ഥ, മാനസികാവസ്ഥ എന്തായിരിക്കാം... ബന്ധുമിത്രാദികളെയും സഹയാത്രികരെയും നഷ്ടപ്പെട്ട് കരയുമായോ കരയിലുള്ളവരുമായോ യാതൊരു ബന്ധവും ഇല്ലാതെ അനന്തവിശാലമായ സമുദ്രത്തിന്റെ മാറിലെ ഉപ്പുവെള്ളത്തിൽ കന്നാസിലോ, തടികഷ്ണത്തിലോ താങ്ങിപ്പിടിച്ച് അഭയത്തിനായി, ആശ്രയത്തിനായി നിലവിളിക്കുന്നവർ. മുകളിൽ ആകാശം മാത്രം. ഇവരുടെ നിലവിളി, ദയനീയമായ കിടപ്പ് ഇവ കണ്ട് നക്ഷത്രങ്ങൾ കണ്ണ് ചിമ്മിയിട്ടുണ്ടാകും. അവയ്ക്ക് കരങ്ങളുണ്ടായിരുന്നെങ്കിൽ രക്ഷിക്കാനായി കരം നീട്ടിയേനെ. ജീവനും മരണത്തിനുമിടയിലെ ഈ ഉഞ്ഞാലാട്ടത്തിൽ ദൈവദൂതരെപ്പോലെ എത്തുന്ന ബോട്ടുകളോ, ഹെലികോപ്റ്ററോ, മറ്റ് രക്ഷാപ്രവർത്തകരോ...

ദൈവം രണ്ടാം ജന്മം നൽകി കരയ്ക്കെത്തിച്ച, ഒരിക്കലും കാണാൻ കഴിയില്ല എന്നോർത്ത് മനമുരുകി കരയുന്ന ബന്ധുജനങ്ങളുടെ മുമ്പിലെത്തുമ്പോൾ ഒരു ഉയർത്തെഴുന്നേൽപ്പ് എന്നല്ലാതെ മറ്റെന്താണ് കരുതേണ്ടത്. ഒരിക്കലും വറ്റാത്ത ദൈവകരുണയുടെ ഫലം അനുഭവിച്ച ചില സഹോദരങ്ങളുടെ കടലിലെ നേർക്കാഴ്ചകൾ നിങ്ങളുടെ കണ്ണ് നനയിക്കുകയും ഉൾക്കണ്ണ് തുറപ്പിക്കുകയും ചെയ്യും.

ആർത്തലയ്ക്കുന്ന തിരമാലകളുടെ ഇടയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെടുത്തി നാട്ടിലെത്തിച്ച അടിമലത്തുറ സ്വദേശി സിൽവാകുരിശ് ഇപ്പോഴും ആ നിമിഷങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ പൊട്ടിക്കരയുന്നു, അദ്ദേഹത്തിന്റെ കണ്ണുനീരിന് കാരണവും ഉണ്ട്. ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ഏറ്റവും ഭയാനകരവും വേദനാജനകവുമായ നിമിഷങ്ങൾ ഇപ്പോഴും അദ്ദേഹത്തെ വേട്ടയാടുന്നുണ്ടായിരിക്കണം. ചങ്ങാതിമാരായ ആറുപേർ പതിവുപോലെ ഫൈബർ വള്ളത്തിൽ കടലിൽ പോയി, ആഞ്ഞടിച്ച കാറ്റിലും തിരകളിലും പെട്ട് വള്ളം തലകീഴായി മറിഞ്ഞു. ആറുപേരും കടലിലേക്ക് എറിയപ്പെട്ടു. കാറ്റിലും മഴയിലും പെട്ട് രക്ഷപ്പെടാൻ മറ്റൊരു മാർഗവും ഇല്ലാതെ കമിഴ്ന്ന് കിടക്കുന്ന ബോട്ടിൽ തൂങ്ങിക്കിടക്കാൻ ശ്രമിക്കു



**തിരുവനന്തപുരം ജില്ലയിൽ നിന്നുമാത്രം 25 പേരുടെ ജീവനെടുത്തും 124 പേരെ കാണാമറയത്താക്കിയും കടന്നുപോയ ഓഖി ദുരന്തത്തിന്റെ ശേഷിപ്പുകളായി വേദനിച്ചു കഴിയുന്ന തീരദേശ ജീവിതത്തിന്റെ നേർപരിച്ഛേദങ്ങൾ...**

*തയ്യാറാക്കിയത്*
**ഡോ. ഐറിസ്**
**പ്രകാശ് എഫ്.എസ്.**
**ജെറാൾഡ് മിരാൻഡ**
**ക്ലിന്റൻ എൻ.സി. ഡാമിയൻ**

# തീരാത്ത വേദനയും തോരാത്ത കണ്ണീരും

ന്നു. ഇതിനിടയിലാണ് തങ്ങളിൽ ഒരാളായ അന്തോണിപിച്ച മരണമടയുന്നത്. നോക്കണേ... വിധിയുടെ വിളയാട്ടം, കൂടെ ഉണ്ടായിരുന്ന സഹപാഠിയുടെ ജഡവും വള്ളത്തിൽ കിടത്തി തിരമാലയോടും കാറ്റിനോടും മല്ലടിച്ച് കഴിയുക അതും മൂന്ന് ദിനങ്ങൾ, കൂടെ ഉണ്ടായിരുന്നവരുടെ ചങ്ക് കലങ്ങാൻ ഇനിയെന്താണ് വേണ്ടത്. കൂട്ടുകാരന്റെ ജഡം നാട്ടിലെത്തിക്കാനോ കഴിയാത്ത അവസ്ഥ... വള്ളം ഒരിഞ്ച് മുന്നോട്ടെടുക്കാനാവുന്നില്ല. കാറ്റിൽപ്പെട്ട് വട്ടം കറങ്ങുന്നു. ജീർണിച്ച് തുടങ്ങിയ ആത്മമിത്രത്തെ കടലിൽ ഉപേക്ഷിക്കാതെ നിർവ്വാഹമില്ല. അവസാനം അതും കടലിൽ ഉപേക്ഷിച്ചു. കാറ്റും കോളും ശക്തി പ്രാപിച്ചു. വള്ളം പലവുരു തകിടം മറിഞ്ഞു കൂടെ ഉണ്ടായിരുന്നവർ, വള്ളത്തിലെ കയറുകളിൽ തൂങ്ങിക്കിടന്നിരുന്നവർ ഓരോരുത്തരായി പിടിവിട്ട് വെള്ളത്തിലേക്ക് താഴ്ന്നുപോകുന്നു. കൂടെയുള്ളവരെ രക്ഷിക്കാനോ ഒന്ന് ഉറക്കെ നിലവിളിക്കാനോ കഴിയാത്ത അവസ്ഥ. ഭക്ഷണമോ, ദാഹജലമോ ഇല്ലാതെ മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ. ഭാര്യ, മക്കൾ.... എന്താവും അവരുടെ അവസ്ഥ. മനസ്സിൽ ചിന്തകളുടെ വേലിയേറ്റം..... തീർത്തും അവശനായി അതിനിടയ്ക്ക് ഏതോ ദൈവദൂതനെപ്പോലെ ഒരു ഹെലികോപ്റ്റർ എത്തി രക്ഷിച്ചു.

ഇത്രയും വേദനകൾ സഹിച്ച് നാട്ടിലെത്തി തന്റെ ഭാര്യയെയും മക്കളെയും കാണാൻ കഴിഞ്ഞത് അനുഗ്രഹമായി കരുതുന്നു ഈ സഹോദരൻ. അതിനിടയിലും തന്റെ സഹപ്രവർത്തകരെക്കുറിച്ചുള്ള ഓർമ്മ അദ്ദേഹത്തിന്റെ മനസ്സിനെ പൊള്ളിച്ചു. കണ്ണുകൾ നിറയുന്നു. ചുണ്ടുകൾ വിറയ്ക്കുന്നു. കൈതൊഴുത് അവരെ കൂടി രക്ഷിക്കണേ എന്ന് പ്രാർത്ഥിക്കുന്നു. അത് പിന്നീട് നിലവിളിയായി മാറുന്നു. ഉറങ്ങാറില്ല. ഒന്ന് കണ്ണടച്ചാൽ മനസ്സിലെത്തുന്ന ചിന്തകളാൽ ഞെട്ടി ഉണരും, കൂട്ടുകാരുടെ പേരുകൾ ഉറക്കെവിളിക്കും.... ഇതാണ് അപകടത്തിൽ നിന്ന് തിരിച്ചെത്തിയ സിൽവ കുരിശിന്റെ നേർക്കാഴ്ച. ദൈവം സിൽവാ കുരിശിന് ശക്തി നൽകട്ടെ മനസ്സിനും ശരീരത്തിനുമേറ്റ മുറിവുകളെല്ലാം കാലത്തിന്റെ പ്രയാണത്തിൽ തുടർ ജീവനത്തിനുള്ള ശക്തിയായി തീരട്ടെ....

മൂന്ന് പെൺമക്കളെയും മാറോട് ചേർത്ത് നിലവിളിക്കുന്ന വിഴിഞ്ഞം കടകുളം കോളനിയിലെ പോൺസിലി എന്ന വീട്ടമ്മയുടെ ദാരുണ ദൃശ്യം ആരുടെയും മനസ്സിനെ ഉലയ്ക്കാതിരിക്കില്ല. ഓഖി ചുഴലിക്കൊടുങ്കാറ്റ് ആഞ്ഞുതകർത്തത് ഒരു കുടുംബത്തിന്റെ നെടുംതൂണിനെ തന്നെയാണ്. തങ്ങളുടെ ഏക ആശ്രയവും പ്രതീക്ഷയുമായ പ്രിയ പിതാവ് മടങ്ങിയെത്തും എന്ന പ്രതീ



ക്ഷയിലാണ് മൂന്ന് പെൺമക്കളും. തന്റെ കുടുംബത്തിന് വേണ്ടി മാത്രം ജീവിച്ച ഭർത്താവ് വിൽഫ്രഡ്. കഠിനാദ്ധ്വാനി, കിട്ടുന്ന പണം കൊണ്ട് കുടുംബം പോറ്റണം, മൂന്ന് പെൺമക്കളെ പഠിപ്പിക്കണം. മൂത്തവൾ ബി. ടെക് വിദ്യാർത്ഥിനി, മറ്റു രണ്ടുപേർ പ്ലസ്-ടുവിനും, എട്ടാം ക്ലാസിലും പഠിക്കുന്നു. ലക്ഷക്കണക്കിന് രൂപയുടെ കടബാധ്യത. പെൺകുട്ടികളുടെ തുടർവിദ്യാഭ്യാസം, ഭാവി ഇവയെല്ലാം മുന്നിൽ കണ്ടുകൊണ്ട് വിശ്രമമില്ലാതെ കടലുമായി മല്ലിട്ട് ലഭിക്കുന്ന മത്സ്യസമ്പത്തുകൊണ്ട് ജീവിക്കുന്ന ഒരു യഥാർത്ഥ മത്സ്യത്തൊഴിലാളി. ഇതുവരെ മടങ്ങിയെത്താത്ത ആ കുടുംബത്തിന്റെ അത്താണിയെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്ന കുടുംബാംഗങ്ങൾ, ഇനിയെന്ത്? എന്ന ആ കുടുംബത്തിന്റെ ചോദ്യത്തിന് മുന്നിൽ ആരും പകച്ചുപോകും.

കടലിന്റെ കരാളഹസ്തത്തിൽ നിന്ന് രക്ഷപ്രാപിച്ച് നാട്ടിലെത്തുകയും തുടർന്ന് മരണമടയുകയും ചെയ്ത പുല്ലുവിള ഇരയിമ്മൻതുറ നിവാസിയായ രതീഷിന്റെ കുടുംബവും എന്താണ് തങ്ങൾക്ക് സംഭവിച്ചതെന്നറിയാതെ പകച്ചുനിൽക്കുകയാണ്. ഓഖി ചുഴലിക്കാറ്റിന്റെ ഭീകരതയിൽ നിന്ന് ജീവനോടെ രക്ഷിച്ച് നാട്ടിലെത്തിച്ച വ്യക്തിയാണ് രതീഷ്. ദിവസങ്ങളായി കാണാതിരുന്ന ഭർത്താവിന്റെ വരവറിഞ്ഞ ഭാര്യ മിനിമോൾക്ക് ആശ്വാസം തോന്നി. പക്ഷേ ആ ആശ്വാസം അധികം നീണ്ടുനിന്നില്ല. മൂന്നുനാലുദിനം കടലിൽ കിടക്കുന്നതിനിടയിൽ ശരീരത്തിനുള്ളിൽ ഉപ്പുവെള്ളം കയറി അന്തരീകാവയവങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. അരോഗ്യനില മോശമായതിനാൽ മെഡിക്കൽ കോളേജ് ഐസിയുവിൽ പ്രവേശിക്കുകയും മരണം സംഭവിക്കുകയും ചെയ്തു. നോക്കണേ വിധിയുടെ ക്രൂരത, ജീവനോടെ കൈവെള്ളയിൽ ഇട്ടുതന്നിട്ട് തട്ടിപ്പറിച്ചെടുത്ത ജീവൻ... ഈശ്വരാ ഇവരെ എങ്ങനെയാണ് ആശ്വസിപ്പിക്കുക....

പുല്ലുവിള കിഴവിവിളാകം പുരയിടത്തത്തിൽ വിൽഫ്രഡിന് 47-ാം വയസ്സിൽ മൂന്നാം ജന്മത്തിന്റെ ധന്യത. കടലിനെയും തീരത്തെയും വിറപ്പിച്ച ഓഖിയുടെ സംഹാരതാണ്ഡവത്തിൽ മുന്നുദിവസം ഉൾക്കടലിൽ മരണത്തെ മുഖാമുഖം കണ്ട വിൽഫ്രഡിനെ രക്ഷിയുടെ തീരത്തെത്തിച്ചത് വ്യോമസേനയുടെ ഹെലികോപ്റ്റർ. മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കുശേഷം വീട്ടിൽ വിശ്രമിക്കുമ്പോൾ കൈവിരലുരുളരുന്ന ജപമണികളിലൂടെ ദൈവത്തിന് നന്ദിപറയുകയാണ് ഈ ഭാഗ്യവാൻ. നവംബർ 29 ബുധനാഴ്ച വൈകിട്ട് മൂന്നുമണിക്ക് 4 ബോട്ടുകളിലായി 20 അംഗസംഘം അടിമലത്തുറയിൽ നിന്നും കടലിലേക്കുപോയി വിൽഫ്രഡ് സാധാരണയായി പുല്ലുവിളയിൽ നിന്നാണ് മത്സ്യബന്ധനത്തിന് പോകാറുള്ളത്. ബോട്ടിൽ ഒപ്പം ആറുപേർ 30 ന് രാവിലെ അതിശക്തമായ ചുഴലിക്കാറ്റും പേമാരിയും പ്രക്ഷുബ്ധമായ കടലിൽ വള്ളങ്ങൾ ആടിയുലഞ്ഞു. മാനം മുട്ടെയുള്ള തിരമാലകളും കാറ്റും വള്ളങ്ങളെ ചുഴറ്റിയെറിഞ്ഞു. വള്ളങ്ങളും കൂടെയുള്ളവരും കാണാമറയത്തേക്കു തെറിച്ചുപോയി. മാമലകൾ പോലെയുള്ള തിരച്ചുഴിയിൽ വിൽഫ്രഡിനെ കറക്കി കടലിന്റെ താഴ്ച്ചയിലേക്ക് കൊണ്ടുപോയി. ഉപ്പുവെള്ളം കുടിച്ചു. ഒരിറ്റ് ആശ്വാസത്തിനായി പിടച്ചു. എങ്ങനെയോ ഓളപ്പരപ്പിലേക്ക് പൊങ്ങുവന്നു. ഒരൽപ്പം ശ്വാസം ഉള്ളിൽ കയറിക്കാണും. പിന്നെയും തിരച്ചുഴിയിൽ വട്ടം കറങ്ങി താഴേക്ക്.

വെള്ളിയാഴ്ച വൈകുന്നേരം വ്യോമസേനയുടെ ഹെലികോപ്ടർ നിരീക്ഷണം നടത്തുമ്പോൾ അവർ കാണുകയും രക്ഷപ്പെടുത്തുകയും ചെയ്തു. ശംഖുംമുഖം എയർപോർട്ടിലിറക്കുകയും ചെയ്തു. അവിടെ നിന്നും മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് അഞ്ചുദിവസം തീവ്രപരിചരണ വിഭാഗത്തിലേയും നാലുദിവസം വാർഡിലെ ചികിത്സയ്ക്കും ശേഷം വീട്ടിലേക്ക്. ദേഹത്തെ മുറിവുകൾ ഉണങ്ങിയെങ്കിലും രണ്ടുമാസത്തെ വിശ്രമം ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മറ്റു ജോലികൾ അറിഞ്ഞുകൂടാത്തതിനാൽ അന്നന്നത്തെ അന്നം തേടി കടൽപ്പണിക്കുതന്നെ പോകണം.

തിരുവനന്തപുരം ലത്തീൻ അതിരൂപയുടെ തീരങ്ങളെല്ലാം തന്നെ ദുരന്തത്തിന്റെ കയങ്ങളിലേക്ക് എറിയപ്പെട്ടു. അതിൽ നഷ്ടങ്ങളുടെ പട്ടികയിൽ മുന്നിൽ നിൽക്കുന്നത് പൂന്തുറയാണ്.

ഇവിടെനിന്നുള്ള സുരേഷ് തലനാരിഴയ്ക്കാണ് ഓഖിയിൽ നിന്നും രക്ഷപ്പെട്ടത്. “പതിവുപോലെ 29 ന് വൈകുന്നേരം കടലിൽ പോയപ്പോഴും ഒരുതരത്തിലുള്ള മാറ്റവും കണ്ടില്ല. എന്നാൽ ഉള്ളിൽ വലിവ് ശക്തമായിരുന്നു. 25 നോട്ടിക്കൽ മൈലിൽ നങ്കൂരമിട്ടുകിടന്നു. സാധാരണ ഒരു മൈൽ അല്ലെങ്കിൽ രണ്ടുമൈൽ ഒഴുക്കിന്റെ കൂടെ പെട്ടെന്ന് വ്യത്യാസം വരും. എന്നാൽ വലിവിന് വ്യത്യാസം വന്നു. മുപ്പത്തി അഞ്ച് നോട്ടിക്കലിലേക്ക് കൊണ്ടുപോയി ഞങ്ങളെ. ഉള്ളിൽ ഭയം നിറഞ്ഞനിമിഷം. കരകാണാൻ ആകാതെ അലയുകയായിരുന്നു. ഉള്ളിലേക്ക് വള്ളം വലിച്ചുകൊണ്ട് പോകുന്നതുപോലെ. തലങ്ങും വിലങ്ങും ഓടാൻ തുടങ്ങി. സാധാരണയായി കരയിലെത്തുന്നതിന്റെ മൂന്നിരട്ടി സമയം വേണ്ടിവന്നു കരയെത്താൻ. ഒരു പ്രതീക്ഷയും ഇല്ലാതെ ദൈവത്തെ വിളിച്ച് വള്ളം കരയ്ക്കടുപ്പിച്ചു. കരയ്ക്കുവന്നപ്പോൾ കാണുന്നത് നിലവിളികളും ആശങ്കകളും നിറഞ്ഞമുഖങ്ങളാണ്. അവിടെവച്ചാണ് ഞങ്ങൾ മനസ്സിലാക്കിയത് കട

ലിൽ ഞങ്ങളെ വട്ടംകറക്കിയത് ഓഖി എന്ന ചുഴലിക്കാറ്റായിരുന്നു എന്നത്.

സുരേഷിൽ നിന്നും മുത്തപ്പനിലേക്ക് വരുമ്പോൾ ഓഖിയുടെ തീവ്രത ഏറിവരികയാണ്. രണ്ടുദിവസം കടലിൽ ഓഖിയുമായി മല്ലിട്ടു കിടന്ന മദ്ധ്യവയസ്കൻ. ഒപ്പമുണ്ടായിരുന്ന യുവാക്കളായ വിനേഷിനേയും സാബുവിനേയും കൺമുന്നിൽ ഓഖി കവർന്നുകൊണ്ടുപോകുമ്പോൾ നിസഹായകനായി നോക്കി നിൽക്കാനേ അദ്ദേഹത്തിന് സാധിച്ചുള്ളൂ.

''30 ന് അതിരാവിലെ 5.30 മണിയായിവരുന്നു സമയം. കടലിന്റെ വലിവിന് മാറ്റം വരാൻ തുടങ്ങി. അപ്പുറത്ത് നിലവിളികൾ ഉയരുന്നു. ആ നിലവിളികൾക്കിടയിൽ വള്ളങ്ങൾ പൊട്ടുന്ന ശബ്ദവും. പെട്ടെന്നുതന്നെ ഞങ്ങളുടെ വള്ളവും കറങ്ങാൻ തുടങ്ങി. പെട്ടെന്ന് ഞങ്ങളുടെ വള്ളം മറിഞ്ഞു. എന്നെ അടിത്തട്ടിലേക്ക് എടുത്തെറിയും....... അതേപടി തിരികെ മുകളിലേക്ക് കൊണ്ടുവരികയും ചെയ്തു. ഞാനും സാബുമോനും വിനേഷ് മോനും (കാണായവരിൽ ഏറ്റവും പ്രായം കുറഞ്ഞ മത്സ്യത്തൊഴിലാളി) തണുത്ത് വിറച്ചുകിടന്നു. അടുത്തൊരു വൻതിരമാല വന്ന് വിജേഷിനെ അകലങ്ങളിലേക്ക് കൊണ്ടുപോയി. എനിക്ക് നോക്കി നിൽക്കാനേ ആയുള്ളൂ. ദൈവത്തെയും മാതാവിനെയും വിളിച്ച് മണിക്കൂറുകളോളം അന്നമില്ലാതെ കടലിൽ നീന്തി അലഞ്ഞു. കുളച്ചൽ ഭാഗത്തേക്കുപോയ ബോട്ടുകണ്ട് നിലവിളിച്ചു. അതിൽ കയറാൻ ഒന്നരമീറ്റർ ദൂരം മാത്രേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഒന്നരമണിക്കൂർ എടുത്തു അതിന്മേൽ നീന്തിക്കയറാൻ. കയറിപ്പറ്റിയപ്പോഴും വളരെ അപകടകരമായിരുന്നു ആ യാത്ര. വൻ തിരമാലകൾക്കിടയിൽ ബോട്ട് ചരിഞ്ഞു. അതിനിടയിൽ സാബുവും തെറിച്ചുപോയി. ജീവൻ പണയപ്പെടുത്തി ഞങ്ങൾ അവസാനം കൊല്ലത്തെ വാടിയിൽ ഓടിയെത്തുകയായിരുന്നു. പറഞ്ഞുതീരുമ്പോഴും ആകണ്ണുകൾ കവിഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു.

പൂന്തുറയിലെ മാർലെയ്ൻ അദ്ധ്വാനിയായ 38 വയസ്സുള്ള കടൽപ്പണിക്കാരൻ. ഭർത്താവിന്റെ തിരോധാനം ഭാര്യയായ നിർമ്മലയേയും മക്കളായ മഹേഷ് (എട്ടാം ക്ലാസ്), നിമ്മി (അഞ്ചാം ക്ലാസ്) എന്നിവരേയുമാണ് തീരാദുഃഖത്തിലാഴ്ത്തിയത്. നിർമ്മലയ്ക്ക് നഷ്ടമായത് ജീവിതമാണ്. നവംബർ 29-ാം തീയതി കടൽപ്പണിക്ക് പോകുന്നതിനുമുൻപ് മാർലെയ്ൻ ഒരു കൊച്ചു വീട് ഒറ്റിക്കെടുത്ത് തന്റെ കുടുംബത്തെ അവിടേക്ക് മാറ്റിപാർപ്പിച്ചിരുന്നു. ഒരന്തിപോലും ആ സ്വാസ്ഥ്യത്തിൽ തങ്ങാത്ത മാർലൈന്റെ വരവും കാത്ത് നിർമ്മലയും മക്കളും കടലിലേക്ക് കണ്ണുംനട്ടിരിക്കുന്നു.

അടിമലത്തുറയിലെ മേഴ്സിയേയും സെലിനെയും എത്ര പേർക്കറിയാമെന്നറിയില്ല. മേഴ്സിക്ക് 40 വയസ്സ്. നാലു മക്കൾ. മൂന്നാണും ഒരു പെണ്ണും. ഭർത്താവ് അൽഫോൺസ് 42 വയസ്സ്. അനുജത്തി സെലിന് 28 വയസ്സ്. ഭർത്താവ് ലോറൻസിന് 35 വയസ്സ്. അവർക്ക് അഞ്ചുവയസ്സുള്ള ഒരു മകളും നാലുമാസം പ്രായമുള്ള മകനും. മേഴ്സി വലിയൊരു കടക്കെണിയിലാണ്. അവരുടെ മാതാപിതാക്കൾ മാനസികാസ്വാസ്ഥ്യമുള്ളവർ. ആശുപത്രിയിൽ മേഴ്സിയാണ് കടമെടുത്ത് അനുജത്തിയുടെ കല്യാണം നടത്തിയത്. രണ്ടുപേരുടെയും ഭർത്താക്കന്മാരെ ഓഖിയിൽ നഷ്ടമായിരിക്കുന്നു. ഇവർ ആറുമക്കളും വൃദ്ധമാതാപിതാക്കളുമായി ജീവിതത്തിലേക്ക് എന്ന് ചുവടുവച്ചുതുടങ്ങും.

രണ്ടുദിവസം മുൻപ് മൃതദേഹം തിരിച്ചറിഞ്ഞെത്തിച്ച സ്റ്റെല്ലസ് (47) ന്റെ കുടുംബം - സുശീലയും മൂന്ന് പെൺമക്കളും ഒരു മകനും. സ്റ്റെല്ലസ് എന്ന പ്രിയങ്കരനെ കടൽകവർന്നു എന്ന് വിശ്വസിക്കാനാകാതെ പകച്ചിരിക്കുകയാണ്. മൂത്തമകൾ സുമയെ മൂന്നുവർഷം മുൻപ് അയച്ചു. രണ്ടുമക്കളുണ്ടവൾക്ക്. ഭർത്താവ് കടൽപ്പണിക്കാരൻ. രണ്ടാമത്തവൾ സെൽവി. പ്ലസ്-ടുവരെ പിടിച്ചു. ജനുവരി 8 ന് അവളുടെ കല്യാണം ഉറച്ചിരിക്കുകയാണ്. ഇളയമകൾ സോണിയ ആയുർവേദ പഠനം പൂർത്തിയാക്കി തൊഴിൽ കാക്കുന്നു. 19 പേരുടെ ഒരു സംഘം അടിമലത്തുറയിൽ നിന്നും ഫൈബർ വള്ളത്തിലും മരത്തിലുമായി പോയതാണ്. പതിനാറുപേരും മടങ്ങി. നഷ്ടമായ മൂവരിലൊരാൾ സ്റ്റെല്ലസാണ്. ഇനി ഈ നാലുപെണ്ണുങ്ങളും ഒരു മകനും ജീവിതത്തിലേക്ക് കരകേറുന്നതെന്ന്. ഇവിടെയും സ്ത്രീകളാരും പണിയെടുത്ത് ശീലമുള്ളവരല്ല.

പരുത്തിയൂരിൽ നിന്നുള്ള ഫാ. ആൻഡ്രൂസിന്റെ (പള്ളം ഇടവക വികാരി) സഹോദരൻ പനിയടിമ (52) യാത്രയായപ്പോൾ അവശേഷിച്ചത് അമ്മയും ഭാര്യയും മൂന്നുകുഞ്ഞുങ്ങളും.

ഫാ. സ്റ്റാൻലിക്ക് (വേളി ഇടവക സഹവികാരി) നഷ്ടമായത് സഹോദരീഭർത്താവ് ഡേവൻസനെ. ഭിന്നശേഷിക്കാരിയായ സഹോദരി വിമലയ്ക്ക് ഇനി ഏക ആശ്രയം മകൾ മാത്രം.

പരുത്തിയൂർ സ്വദേശി ഫാ. ജേക്കബ് ഒസിഡിക്ക് സ്വന്തം സഹോദരനെയും പുല്ലുവിളയിൽ നിന്നുള്ള ഫാ. ശാന്തപ്പന് സഹോദരീപുത്രൻ രതീഷ് (30) നെയും നഷ്ടമായി.

തെക്കേ കൊല്ലംകോട് ഇടവകയിലെ സിന്ധുജയ്ക്ക് നഷ്ടമായത് ഭർത്താവ് അലക്സാണ്ടറിനെയും (32) സഹോദരൻ മേരി ജോണിനെ (30) യുമാണ്.

ചിന്നത്തുറയിലെ റബീഷയ്ക്ക് അപ്പനും ആങ്ങളമാരും അമ്മാവനും നഷ്ടപ്പെട്ടു. ആ വീട്ടിൽ അവൾക്കാശ്രയിക്കാൻ ഒരാൺതരിപോലും ബാക്കിയില്ല. ■



# ഓഖി നിന്റെ പേര് കണ്ണ് എന്നാണ്...

● ഫാ. തീയോഡേഷ്യസ് ഡിക്രൂസ്

നവംബർ 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8 മണിമുതൽ അറബിക്കടലിൽ വീശിയടിച്ച ഓഖി ദുരന്തം നേരിൽ കാണുവാനായി ഒട്ടേറെപ്പേർ കാഴ്ചക്കാരായി തീരദേശത്തെത്തിയിരുന്നു. ആർത്തലച്ചു പെയ്യുന്ന മഴയും ആഞ്ഞുവീശുന്ന കൊടുങ്കാറ്റും എന്താണ് സംഭവിക്കുന്നതെന്നോ സംഭവിക്കാൻ പോകുന്നതെന്നോ അറിയാതെ തലങ്ങുംവിലങ്ങുമായി നടക്കുന്ന പോലീസ് ഉദ്യോഗസ്ഥരും ജനങ്ങളും. അവിടെ നടന്ന അനേകം കാഴ്ചകളിലൊന്നിലേക്ക് എന്റെ ശ്രദ്ധ ഉടക്കി. സാധാരണ രീതിയിൽ കടലടിക്കുന്നതിന് കുറച്ചുള്ളിലായി ഒരു ചെറുവെള്ളം ഒഴുകി നീങ്ങുന്നു. ആ കൊച്ചുവള്ളത്തിൽ നീങ്ങുന്നത് തീരപ്രദേശത്തെ മൂന്നു കുടുംബങ്ങളുടെ ഉപജീവന അത്താണിയായ ഒരുകൂട്ടം മത്സ്യത്തൊഴിലാളികൾ കരഞ്ഞും വിളിച്ചും ഒച്ചപ്പാടുണ്ടാക്കി. തീരക്കടലിൽ ഒഴുക്കിനൊപ്പം നീങ്ങുന്നു. അതിൽ രണ്ട് ചെറുപ്പക്കാർ കുതിച്ചുയരുന്ന തിരമാലകളെ അവഗണിച്ച് കടലിലേക്ക് ചാടി നീന്തിച്ചെന്ന് ആ വള്ളം രക്ഷപ്പെടുത്താൻ മുതിരവേ സഹസഞ്ചാരികൾ അവരെ തടഞ്ഞു. ഏകദേശം കഷ്ടിച്ച് അരമണിക്കൂർ പിന്നിട്ടു കാണും ശക്തിയായി ഉയർന്ന ഒരു വൻതിരമാല ആ വള്ളം കടപുഴക്കിയെറിയുന്നതുപോലെ അടിച്ചുടച്ച് ഛിന്നഭിന്നമാക്കി കടലിൽ ചിതറി. അന്ധാളിച്ചുപോയി. പാവം മത്സ്യത്തൊഴിലാളികൾ. അവരുടെ എല്ലാമെല്ലാമായിരുന്ന ആരോഗ്യമാതാ വള്ളം തകർന്നു തരിപ്പണമായി. ഒപ്പം അവരുടെ ജീവിതങ്ങളും. ഈ സമയം 17 പേർ ചേർന്ന് കരയിലിരുന്ന അതുപോലൊരു വള്ളത്തെ വലിച്ച് സുരക്ഷിതമാക്കാൻ കൂടുതൽ കരയിലേക്ക് നീക്കുന്നുണ്ടായിരുന്നു. അത് അറേബ്യൻ ഉൾക്കടലിൽ സംഭവിച്ചുകൊണ്ടിരുന്ന ഒരു വൻദുരന്തത്തിന്റെ ആമുഖമായിരുന്നു. ഏറെ താമസിയാതെ വാർത്താ പ്രക്ഷേപണങ്ങളിലെല്ലാം ഓഖി ചുഴലിക്കാറ്റിന്റെ നടുക്കുന്ന അറിയിപ്പുകൾ അക്ഷരാർത്ഥത്തിൽ മരവിപ്പിക്കുന്ന വാർത്തകളുടെ കുത്തൊഴുക്കായിരുന്നു. ദുരന്തം രൂക്ഷതയേറുമ്പോൾ കീഴ്മേൽമറിഞ്ഞ അനേകം വങ്ങളിൽ ഒന്നിലായിരുന്നു വിജീഷും അവന്റെ അച്ഛൻ വിൻസെന്റും. വള്ളം ചുഴലിക്കാറ്റാൽ കീഴ്മേൽ മറിഞ്ഞുതകർന്നടിച്ച് പൊട്ടിയ വള്ളത്തിന്റെ ഒരു വലിയ തടികഷണത്തിൽ അച്ഛനും മകനും പിടിച്ചുകിടന്ന് കരയെ നോക്കി നീന്തുന്നുണ്ടായിരുന്നു. ദിവസം ഒന്നുകഴിഞ്ഞു, രണ്ടു കഴിഞ്ഞു. മൂന്നാം ദിവസം വെള്ളത്തിന്റെ കഠിനമായ തണുപ്പും അടിയൊഴുക്കും ചേർന്ന താണ്ഡവം കെട്ടടങ്ങിയില്ല. വിജീഷ് നോക്കിയപ്പോൾ ക്ഷീണിച്ചവശനായ അവന്റെ സ്വന്തം അച്ഛൻ കിടുകിടെ വിറയ്ക്കുന്നു. എന്നാൽ അതിനേക്കാളും അവശനായിരുന്നു വിജീഷ്. അവൻ ശരീരത്തിൽ അണിഞ്ഞിരുന്ന ബനിയൻ ഊരിയെടുത്ത് അച്ഛന് കൊടുത്തുകൊണ്ട് പറഞ്ഞു. അച്ഛനിത് പുതയ്ക്ക്. ആ ബനിയൻ അച്ഛൻ വാങ്ങിയതും വിജീഷ് എന്നെന്നേക്കുമായി ആഴിയുടെ ആഴങ്ങളിലേക്ക് മുങ്ങിത്താണു. ക്ഷീണിതനായ വിൻസെന്റ് വിറയാർന്ന ശബ്ദത്തിൽ വിളിച്ചു. വിജീഷേ... വിജീഷേ പക്ഷേ ആ വിളികേൾക്കാൻ വിജീഷ് ഉണ്ടായിരുന്നില്ല. രക്ഷാപ്രവർത്തകർ രക്ഷപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച



വിൻസെന്റ് പറഞ്ഞു, എന്റെ മകനെ കടലമ്മ കൊണ്ടുപോയി. എന്നെ ആരോഗ്യമാതാവ് കാത്തുപാലിച്ചു. സാരമില്ല കുറെകഴിയുമ്പോൾ ഞാനും പോകുമല്ലോ എന്റെ മകന്റെ അടുത്തേക്ക്. ഇന്ന് ഈ തീരങ്ങളിൽ നക്ഷത്രവിളക്കുകളൊന്നും കത്തുന്നില്ല. ഒരിടത്തും കുട്ടികൾ ജിംഗിൾബെൽസ് പാടുന്നില്ല. കാരണം നക്ഷത്രങ്ങൾ തൂക്കേണ്ട കരകളും കൂരകളും ഓഖി ചുഴലിക്കാറ്റ് പറത്തിക്കൊണ്ടുപോയിരിക്കുന്നു. ഇന്ന് തീരദേശദേവാലയങ്ങളിൽ മേൽക്കൂരയില്ലാത്ത പുൽക്കൂടുകളാണ് നിർമ്മിച്ചിരിക്കുന്നത്. ഓഖി ദുരന്തം വിതച്ച തീരദേശഗ്രാമങ്ങളിൽ

# എന്നിട്ടും...?

നിന്നും സ്വന്തം കൈകൊണ്ടു വാരിയെടുത്ത മണലിലായിരിക്കും പുൽക്കൂട്ടിലെ എല്ലാ രൂപങ്ങളും നിരത്തപ്പെടുന്നത്. തന്റെ അമ്മയും ജ്യേഷ്ഠനും അമ്മാവനും അനുജനും സ്വന്തം വീടും നഷ്ടപ്പെട്ട ത്രേസ്യായെന്ന പെൺകുട്ടി കടലും ആകാശവും നോക്കി നഷ്ടങ്ങളുടെ നിർജീവിതയിലിരുന്നു കൊണ്ട് ഒന്നുകരയുക പോലും ചെയ്യാനാവാതെ ജീവച്ഛവമായിരിക്കുന്നു. ഇനി എന്തെന്നറിയാതെ, എങ്ങോട്ടെന്നറിയാതെ കനത്തുകരിവാളിച്ച മുഖവുമായിക്കിടക്കുന്ന ത്രേസ്യാമ്മയെ കാണുമ്പോൾ ഒരക്ഷരം പോലും ആശ്വാസവാക്കായി പറയാൻ പോലും കഴിയാതെ നിശബ്ദനായി പോയി ഞാൻ. വീടും സ്വത്തും സ്വന്തമായവരേയും കലക്കിയെറിഞ്ഞും കവർന്നുകൊണ്ടുപോയി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ബിഎസ്‌സി നേഴ്സിംഗ് പഠിക്കുന്ന ജിജിനയേയും സോണിയായേയും പത്താം ക്ലാസിൽ പത്തിനും എപ്ലസ് കിട്ടിയ സിസലും കരഞ്ഞുകൊണ്ട് പറഞ്ഞു. അച്ചാ, ഞങ്ങൾക്ക് പഠിക്കണം. അച്ചൻ ഞങ്ങളുടെ കാര്യവും പറയണം. ഞങ്ങളെ ഫീസ് –92000 രൂപയാണ്. ഇന്നിപ്പോ ദുരിതാശ്വാസ ക്യാമ്പിന്റെ വരാന്തപോലും ഞങ്ങൾക്ക് സ്വന്തമായി ഇല്ല അച്ചാ എന്റെ ഫീസെങ്കിലും ഒഴിവാക്കി തരണം ഞാൻ പട്ടിണി കിടന്നെങ്കിലും പഠിക്കാം. ഓഖി നിന്റെ പേര് കണ്ണ് എന്നാണ്. എന്നിട്ടും നീയെന്തേ ഇത്ര നിർദ്ദാക്ഷിണ്യം കണ്ണില്ലാത്തവരെ പോലെ ഞങ്ങളുടെ കടലിലും കടൽത്തീരത്തും അഴിഞ്ഞാടി ഓർമ്മകളിൽ ദുരന്ത സംഭവങ്ങളുടെ വേലിയേറ്റം എന്നെയും മരവിപ്പിക്കുന്നു. എന്റെ ഈശ്വരാ നീ തന്നെ രക്ഷിക്കുക. ■

# പ്രസന്ന ഇന്ന് പ്രസന്നയാണ്



പ്രസന്നയുടെ പ്രസരിപ്പും പ്രസന്നതയും ഇന്ന് പലർക്കും അത്ഭുതവും പ്രചോദനവുമാണ്. കാരണം കാലം സമ്മാനിച്ച ജീവിത വഴിയിലെ കണ്ണീർ കായലിൽനിന്നും പ്രസന്ന നീന്തി കയറിയത് പ്രതീക്ഷയുടെ ജീവിത തുരുത്തിലേക്കാണ്. ക്യാൻസർ രോഗത്തിന്റെ മനംമടുപ്പിക്കുന്ന നിരാശകൾക്കിടയിലും യൗവനത്തിൽ ഉപേക്ഷിച്ചുപോയ ഭർത്താവിന്റെ വേർപാട് വേദനയിലും തന്റെ ഉദരത്തിൽ പിറന്ന രണ്ടുപിഞ്ചുകുഞ്ഞുങ്ങളോടൊപ്പം ജീവിത്തിൽ നിന്നും ഒളിച്ചോടാൻ ഒരുവേള മനസ്സ് പ്രേരിപ്പിച്ചപ്പോഴും അരുതെന്ന് വിലക്കി ജീവിക്കാൻ ആത്മാവിനെ ഉത്തേജിപ്പിച്ച പ്രപഞ്ച നിയന്താവിന്റെ വാത്സല്യത്തിൽ പ്രസന്ന ഇന്ന് സംതൃപ്തയാണ്. ഇന്ന് പ്രസന്നയ്ക്ക് നിത്യവൃത്തിക്ക് പാങ്ങുണ്ട്. പാചകകലയിൽ തിളങ്ങുന്ന പേരുണ്ട്, അംഗീകാരമുണ്ട്. അമ്മയോടൊപ്പം ജീവിതനൗക തുഴയാൻ സഹായിക്കുന്ന മകനുണ്ട്. മാതൃകാ ദമ്പതികളായ മകളും മരുമകനും ഉണ്ട്.

വട്ടിയൂർക്കാവിൽ ഒരു ദരിദ്രകുടുംബത്തിലായിരുന്നു പ്രസന്നയുടെ ജനനം. പ്രീഡിഗ്രി വരെ പഠിച്ച പ്രസന്ന ഏറെക്കഴിയാതെ വിവാഹിതയായി. കെടിഡിസി സമുദ്രാ ഹോട്ടലിൽ ജീവനക്കാരനായിരുന്നു ഭർത്താവ്. തിരുവനന്തപുരം എയർപോർട്ടിന് സമീപമായിരുന്നു അയാളുടെ വീട്. വിവാഹത്തിന്റെ ആദ്യനാളുകൾ സന്തോഷമായി കടന്നുപോയി. അതിനിടയിൽ ഭർത്താവ് തികഞ്ഞ മദ്യപാനിയും ധൂർത്തിനടിമയുമാണെന്ന അറിവ് പ്രസന്നയെ ആകെ തളർത്തി. മക്കളെ വളർത്താനായി പ്രസന്ന ശംഖുമുഖം കടപ്പുറത്ത് ഐസ്ക്രീം വിൽപ്പനയ്ക്കിറങ്ങി. അവിടെയും ഭർത്താവിന്റെ ഉപദ്രവം തുടർന്നിരുന്നു.

ഏറെ കഴിയുന്നതിന് മുമ്പ് പ്രസന്നയെയും മക്കളെയും ഉപേക്ഷിച്ച് അയാൾ നാടുവിട്ടു. പറക്കമുറ്റാത്ത രണ്ടു പിഞ്ചുകുഞ്ഞുങ്ങളെ മാറോട് ചേർത്തുപിടിച്ച് തേങ്ങാനേ ആ ദിവസങ്ങളിൽ പ്രസന്നക്ക് കഴിഞ്ഞുള്ളൂ. ഇവിടെ തളരാൻ പാടില്ല. ജീവിതത്തിന്റെ കാപാഠ്യം അറിയാതെ മക്കളെ വളർത്തണം. പ്രസന്നയുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ മക്കളും അയൽക്കാരും താങ്ങും തണലുമായി. അങ്ങനെയിരിക്കെ ഇടിത്തീപോലെ വേറൊരു ദുരന്തം. പ്രസന്നയുടെ കിഡ്നിയിൽ മുഴ. ചികിത്സയുടെ ഭാഗമായി മുഴ നീക്കം ചെയ്തു. ആരോഗ്യം വീണ്ടെടുക്കും മുൻപ് പരിശോധനാഫലം വന്നു. പ്രസന്നയ്ക്ക് ക്യാൻസറാണ്. പിന്നെ തീരാദുഃഖത്തിന്റെ നാൾവഴികൾ മക്കളെ ഓർത്ത് എല്ലാം സഹിക്കാൻ, ജീവിക്കാൻ പ്രസന്നയെ ദൈവം പ്രേരിപ്പിച്ചു. അയൽക്കാരും സഹോദരങ്ങളും തുണയായി. സുമനസ്സുകളുടെ പ്രേരണയിയിൽ പ്രസന്നയ്ക്ക് കെപ്കോയിൽ ദിവസവേതനത്തിൽ ജോലി ലഭിച്ചു. മികച്ച ഒരു പാചകക്കാരിയെന്ന പേര് സമ്പാദിക്കാൻ പ്രസന്നയ്ക്ക് അധികകാലം വേണ്ടിവന്നില്ല. കലാവൈദഗ്ധ്യത്തോടെ കേക്കുണ്ടാക്കാൻ മിടുക്കനായ മകന് ഗൾഫിൽ ജോലി കിട്ടി. കെപ്കോയിലെ ജോലിക്കിടയിൽ പലതരം പലഹാരങ്ങൾ ഉണ്ടാക്കി മറ്റുകടകളിൽ വിൽക്കാൻ തുടങ്ങിയതോടെ ജീവിതം പച്ചപിടിച്ചുതുടങ്ങി. ഇതിനിടെ മകളുടെ വിവാഹവും നടന്നു. കഴിഞ്ഞ ഓണക്കാലത്ത് ഒരു പാചകമത്സരത്തിൽ പ്രഗത്ഭമതികളോടൊപ്പം മത്സരിച്ച് ഒന്നാം സ്ഥാനവും നേടി. കരിക്കുപായസം നുണഞ്ഞ് വിശിഷ്ടവ്യക്തികളായ ശബരിനാഥ് എംഎൽഎയും സബ് കളക്ടർ ദിവ്യഎസ്.അയ്യരും ചേർത്തുപിടിച്ച് അഭിനന്ദിച്ചപ്പോൾ പ്രസന്ന ഇതുവരെ നേരിട്ട ജീവിത ദുഃഖങ്ങൾ ഒരുവേള മറന്നു. ഇനി പിന്നോട്ടില്ലെന്ന് അവൾ പ്രതിജ്ഞയെടുത്തു.

**– സിസ്റ്റർ സലോമി ഐസിഎം**



വർത്തമാനം

അഗസ്റ്റിൻ കണിപ്പിള്ളി

# ഓഖിയുടെ വിളവെടുപ്പ്

സുനാമി സമാനമായ ഓഖി ദുരന്തം കേരള, തമിഴ്നാട് തീരദേശ ജനതയ്ക്ക് സമ്മാനിച്ച വേദനയുടെ മുറിവുകൾ ഇനിയും ഉണങ്ങിത്തുടങ്ങിയിട്ടില്ല. കേരളത്തിന്റെയും തമിഴ്നാടിന്റെയു തീരങ്ങളിലൂടെ കഴിഞ്ഞ നവം. 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റും തുടർന്നുണ്ടായ മഴയും കനത്ത ആൾനാശമാണ് കേരളത്തിനും തമിഴ്നാടിനും സമ്മാനിച്ചത്. ഇതുവരെയുള്ള കണക്കനുസരിച്ച് 174 പേർ ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞു. ഇതിൽ 25 പേർ തിരുവനന്തപുരം സ്വദേശികളാണ്. 124 പേരെ ഇനിയും കണ്ടെത്താനുണ്ട്. എറണാകുളം ജില്ലയിലെ ചെല്ലാനം മുതൽ തമിഴ്നാട്ടിലെ തൂത്തൂർ വരെയുള്ള തീരദേശമേഖലയിലാണ് ഓഖി ദുരന്തം വിതച്ചത്.

കേരള സർക്കാരിന്റെ ഉദാസീനതയാണ് ഓഖി ദുരന്തത്തിന്റെ വ്യാപ്തി ഇത്രയേറെ വർധിപ്പിച്ചത്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകിയ മുന്നറിയിപ്പുകൾ സംസ്ഥാന സർക്കാർ ഗൗരവത്തിലെടുത്തില്ലെന്നതാണ് ഇതിനുകാരണം. നവം.29 -ാം തീയതി ലഭിച്ച കാലാവസ്ഥാ മുന്നറിയിപ്പ് അവഗണിച്ച സംസ്ഥാന സർക്കാർ 30-ാം തീയതി വ്യാഴാഴ്ചമാത്രമാണ് ചുഴലിക്കാറ്റ് മുന്നറിയിപ്പ് കിട്ടിയതെന്ന അവകാശവാദത്തിൽ സ്വയം കൃതാർത്ഥരാകുകയാണ്. എന്നാൽ കേരളം അൽപ്പം വിവേചനബുദ്ധി ഉപയോഗിച്ചിരുന്നുവെങ്കിൽ, തമിഴ്നാട് മാതൃകയിൽ മുൻകരുതലുകൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും മനുഷ്യജീവനുകളെ ഓഖ് അപഹരിക്കില്ലായിരുന്നു. ശ്രീലങ്കൻ തീരത്തുണ്ടായ ന്യൂനമർദ്ദംമൂലം ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്ന് 28-ാം തീയതിയും ന്യൂനമർദ്ദം മൂലം മണിക്കൂറിൽ 65 കി.മീ. വേഗതയിൽ കാറ്റിന് സാധ്യതയുണ്ടെന്നും കടൽ പ്രക്ഷുബ്ധമാകുമെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും 29-ാം തീയതിയും ന്യൂനമർദ്ദത്തിന്റെദിശമാറി കേരളതീരത്തുകൂടി കടന്നുപോകുമെന്നും ഇത് ഒരു ചുഴലിക്കാറ്റാകാൻ സാധ്യതയുണ്ടെന്നും 30-ാം തീയതി രാവിലെ 8 മണിക്കും മുന്നറിയിപ്പ് ലഭിച്ചിട്ട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാനോ സർക്കാരിനെ അറിയിക്കാനോ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് കഴിഞ്ഞില്ല. ഒടുവിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുഴലിക്കാറ്റിന് ഔദ്യോഗികമായി പേരിട്ട് അറിയിപ്പ് നൽകിയപ്പോൾ മാത്രമാണ് ഇങ്ങനെ ഒരു ദുരന്തസാധ്യതയെക്കുറിച്ച് സംസ്ഥാന സർക്കാർ ചിന്തിച്ചുതുടങ്ങിയത്. 65 കി.മീ. വേഗതയിൽ വീശുന്ന കാറ്റ് ചുഴലിക്കാറ്റായി മാറിയേക്കാമെന്ന സാധ്യത കണക്കിലെടുക്കാൻ കഴിയാതെ പോയ സംസ്ഥാന സർക്കാരിന്റെ നിലപാട് ലജ്ജാകരം തന്നെ. സർക്കാരിന്റെ ഉദാസീനതയാണ് ഓഖി ദുരന്തത്തെ ക്ഷണിച്ചുവരുത്തിയത്.

മാത്രവുമല്ല, ആഞ്ഞടിച്ച ചുഴലിക്കാറ്റിനെ തുടർന്ന് പ്രക്ഷുബ്ധമായ കടലിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിൽ ഒരുവേള സർക്കാർ സംവിധാനങ്ങൾ സ്തംഭിച്ചുപോയി. 29-ാം തീയതി കാറ്റിനും കടൽക്ഷോഭത്തിനും സാധ്യതയുണ്ടെന്ന മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്നെങ്കിൽ ഒരൊറ്റ മത്സ്യത്തൊഴിലാളികളുടെയും ജീവൻ നഷ്ടപ്പെടുമായിരുന്നി

ല്ല. 29 ന് കടൽപ്പണിക്ക് പോയ വള്ളങ്ങളിലെയും ബോട്ടുകളിലെയും തൊഴിലാളികളാണ് 29-നും 30 നും ഉണ്ടായ ഓഖി ദുരന്തത്തിൽ കടലിൽ കുടുങ്ങിയത്. 30-ാം തീയതി രാവിലെ മുതൽ മടങ്ങിയെത്തേണ്ട വള്ളങ്ങളും ബോട്ടുകളും കാണാതായതോടെ തുറകൾ അസ്വസ്ഥമായി. പേമാരിയും കാറ്റും അവഗണിച്ച് തീരദേശവാസികൾ തങ്ങളുടെ പ്രിയപ്പെട്ടവരെയും കാത്ത് കടൽപ്പുറങ്ങളിലും പള്ളിമുറ്റങ്ങളിലും പ്രാർത്ഥനകളും തേങ്ങലുമായി തിങ്ങിക്കൂടി. നിമിഷങ്ങൾ പിന്നിടുന്തോറും ഭയാശങ്കകളുടെ കനംകൂടിക്കൊണ്ടിരുന്നു. തേങ്ങലുകൾ കൂട്ടക്കരച്ചിലുകളായി. തങ്ങളുടെ പ്രിയപ്പെട്ടവരെ രക്ഷിക്കണമെന്ന മുറവിളി അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു. സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി കടലറിവുള്ള കടലിന്റെ മക്കൾ രക്ഷാപ്രവർത്തനത്തിന് കടലിൽ പോകാൻ തയ്യാറായി. എന്നാൽ ആദ്യം അതിന് അധികൃതർ അനുമതി നൽകിയില്ല. അതോടെ മത്സ്യത്തൊഴിലാളികൾ പ്രക്ഷുബ്ധരായി. രക്ഷാപ്രവർത്തനത്തിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി ജനങ്ങൾ റോഡുപരോധിച്ചു. സഭാ നേതൃത്വം ഇടപെട്ട് അധികൃതരുമായി ചർച്ച നടത്തി. പിന്നെ അടിമലത്തുറ, പൂവാർ, പൂന്തുറ, തുമ്പ, വെട്ടുകാട്, കൊച്ചുവേളി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ ഡിസം.3 ന് 80 ബോട്ടുകളിലായി രക്ഷാപ്രവർത്തനത്തിന് കടലിൽ ഇറങ്ങി. തേങ്ങാപ്പട്ടണം മുതൽ ആലപ്പുഴ വരെ നടത്തിയ തെരച്ചിലിൽ ഒട്ടേറെ ജീവനുകളെ രക്ഷിക്കാനും ഒട്ടേറെ മൃതദേഹങ്ങൾ കണ്ടെത്താനും അവർക്ക് കഴിഞ്ഞു. ഈ ശ്രമത്തിന് നേരത്തെ അനുമതി ലഭിച്ചിരുന്നെങ്കിൽ മരണസംഖ്യ ഇത്രയേറെ ഉയരില്ലായിരുന്നു. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകാനെത്തിയ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഹെലികോപ്റ്ററിൽ സഞ്ചരിച്ച് സെൽഫിയെടുത്ത് ഫെയ്സ് ബുക്കിൽ ഇട്ടതും മത്സ്യത്തൊഴിലാളികളുടെ കൂട്ടക്കരച്ചിൽ തുറയുടെ സ്വഭാവരീതിയാണെന്ന മന്ത്രി മേഴ്സിക്കുട്ടിയമ്മയുടെ പ്രസ്താവനയും കടുത്ത പ്രതിഷേധത്തിനും വിമർശനത്തിനും ഇടയാക്കി. ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ട ഭരണനേതൃത്വം തുറയിലേക്ക് എത്താൻ അറച്ചുനിന്നു. ഒരുവേള സർക്കാർ സംവിധാനങ്ങളിലെ രക്ഷാപ്രവർത്തകർക്ക് നിങ്ങളുടെ ജീവന് ഭീഷണിയുണ്ടെങ്കിൽ കടലിൽ പോകരുതെന്ന നിർദ്ദേശം വരെ നൽകപ്പെട്ടിരുന്നു. മത്സ്യത്തൊഴിലാളികളുടെ രോഷപ്രകടനവും അതിരൂപതാ നേതൃത്വത്തിന്റെ അവസരോചിത ഇടപെടലുമാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഇത്രയെങ്കിലും സജീവമാക്കിയത്.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അതിരൂപതയിൽ എട്ടുസമിതികൾക്ക് രൂപം നൽകി സാങ്കേതിക വിദഗ്ധരെയും ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തി ചർച്ചകളും കർമ്മപദ്ധതികളും ആവിഷ്കരിച്ചു. ഇതൊക്കെയാണെങ്കിലും ദുരന്തബാധിതരെ നേരിട്ടുകാണാൻ നാലുദിവസം കഴിഞ്ഞാണ് മുഖ്യമന്ത്രി പിണറായി വിജയൻ വിഴിഞ്ഞം ദുരിതമേഖലയിലെത്തിയത്. പക്ഷേ, ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് മുഖ്യമന്ത്രിക്ക് ഒന്നാം നമ്പർ സ്റ്റേറ്റ് കാർ ഉപേക്ഷിച്ച് അവിടെ നിന്ന് സ്ഥലംവിടേണ്ടിവന്നു. ജനരോഷം അത്രവലുതായിരുന്നു. അതേസമയം കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ ദുരിതബാധിതരെ വന്നുകണ്ട് ആശ്വസിപ്പിച്ചുപോയി.

ഓഖി തീരദേശമേഖലയെ ഒറ്റപ്പെടുത്തി. കാരണം ഓഖി ദുരന്തം ഈ മേഖലയെ മാത്രമാണ് ബാധിച്ചത്. ദുരന്തത്തിനിരയായവർ ഒരേസമുദായത്തിൽപ്പെട്ടവരും. അതുകൊണ്ടുതന്നെ ലത്തീൻ സമുദായം ഒറ്റപ്പെട്ടുപോയതുപോലെ. ഒരുവേള ചില മാധ്യമങ്ങൾ അത്തരം ഒരു പ്രചരണത്തിലൂടെ സഭാനേതൃത്വങ്ങളെ താറടിച്ചുകാണിക്കാനും ശ്രമിക്കാതിരുന്നില്ല. എന്നാൽ കേരളത്തിലെ ദൃശ്യ അച്ചടിമാധ്യമങ്ങൾ ഒന്നടങ്കം ദുരിതബാധിതർക്കൊപ്പം നിലകൊണ്ടു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ രക്ഷാപ്രവർത്തനങ്ങളെയും ദുരിതാശ്വാസ പ്രവർത്തനങ്ങളെയും തലനാരിഴകീറി വിലയിരുത്തി. വിമർശിക്കേണ്ടവയെ യാതൊരുപഴുതുമില്ലാതെ വിമർശിച്ചു. ദുരിതമേഖലയിൽ കൈയും മെയ്യും മറന്ന് ദുഃഖിതരോടൊപ്പം ആയിരുന്ന തിരുവനന്തപുരം അതിരൂപതാ നേതൃത്വത്തിന് പിന്തുണയുമായി രംഗത്തെത്തി. ദുരിതമേഖലയിലേക്ക് സർക്കാരിന്റെ ശ്രദ്ധയാകർഷിക്കാൻ ദുരിതബാധിതർക്ക് പ്രക്ഷോഭവുമായി രംഗത്തെത്തേണ്ടിവന്നു. റോഡുകളും നാഷണൽ ഹൈവേകളും ഉപരോധിച്ചു. കുഴിത്തുറ റെയിൽവേ സ്റ്റേഷൻ പിക്കറ്റുചെയ്തു. രാഷ്ട്രീയ നേതാക്കളെ തടഞ്ഞുവച്ച് പ്രതിഷേധം അറിയിച്ചു. എന്തിനേറെ ദുരിതമേഖലയോട് ചിറ്റമ്മനയം സ്വീകരിച്ച മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കളെയും പ്രതിഷേധത്തിന്റെ മുൾമുനയിൽ നിർത്തി. പിന്നീട് ദുരന്തമേഖലയിലെത്താൻ തങ്ങൾക്ക് അവസരം ഒരുക്കണമെന്നാവശ്യപ്പെട്ട് മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ആർച്ച്ബിഷപ്പ്സ് ഹൗസ് കയറിയിറങ്ങിയത് ഇതിന്റെ ഗൗരവം

## ഓഖിക്കുപിന്നാലെ സാഗർ

**ഓഖിക്കുപിന്നാലെ ഒരു ചുഴലിക്കാറ്റുകൂടി വന്നാൽ അതിന്റെ പേര് സാഗർ എന്നായിരിക്കും. കാരണം കാറ്റുകൾക്കിടാൻ നേരത്തെ തന്നെ 64 പേരുകൾ തയ്യാറാക്കി വച്ചിട്ടുണ്ട്. 2004 മുതലാണ് ലോക കാലാവസ്ഥ സംഘടന ഇന്ത്യൻ മഹാ സമുദ്രത്തിലെ കാറ്റുകൾക്ക് പേരിട്ടുതുടങ്ങിയത്. ഇതുവരെ 48 കാറ്റുകൾക്ക് പേരിട്ടു. 49 –ാതാണ് ഓഖി. ബംഗ്ലാദേശ് നിർദ്ദേശിച്ച പേരാണ് ഇത്. കണ്ണ് എന്ന് അർത്ഥം. അടുത്തകാറ്റിന് പേരിടാനുള്ള അവകാശം ഇന്ത്യയ്ക്കാണ്.**



വർധിക്കുന്നു. അപ്പോഴെല്ലാം ദുരിതബാധിതരുടെ പക്ഷത്തായിരുന്നു സഭയും സഭാനേതൃത്വവും.

ദുരിതമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുനഃരധിവാസമുൾപ്പെടെ ഒരു പാക്കേജിന് ആവശ്യപ്പെട്ട് ലത്തീൻ അതിരൂപതാ നേതൃത്വത്തിന്റെ ആഭിമുഖ്യത്തിൽ ഡിസം.11 ന് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നിന്നും രാജ്ഭവന് മുന്നിലേക്ക് നടത്തിയ മാർച്ച് ദേശീയശ്രദ്ധയാണ് നേടിയത്. സംഘാടന മികവും ജനപങ്കാളിത്തവും അച്ചടക്കവും കണ്ട് ഇതരസമുദായ സംഘടനകൾ അസൂയപ്പെട്ടു. അത്രക്ക് മാതൃകാപരമായിരുന്നു മാർച്ചിന്റെ സംഘാടനം. രാജ്ഭവൻ മാർച്ച് പാളയത്തുവച്ച് നെയ്യാറ്റിൻകര രൂപതാ അധ്യക്ഷൻ ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ ഫ്ളാഗ് ഓഫ് ചെയ്തു. രാജ്ഭവന് മുമ്പിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം മാർച്ച് ഉദ്ഘാടനം ചെയ്തു. മാർച്ചിനുശേഷം മാർച്ച് കടന്നുപോയ രാജവീഥികൾ ദുഃഖം അണപൊട്ടി ഒഴുകുമ്പോഴും മാലിന്യമുക്തമാക്കിയ കടലിന്റെ മക്കളുടെ ചെയ്തികൾ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായി. ഇതെല്ലാം കണ്ടിട്ടാകണം എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി ലത്തീൻ സമുദായത്തെ കണ്ടുപിടിക്കണമെന്ന് തന്റെ സമുദായാംഗങ്ങളോട് ആഹ്വാനം ചെയ്തത്. ഇത്രയൊക്കെ ആയിട്ടും ഭരണ-രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ഓഖി ദുരന്തത്തിന്റെ ആഘാതം കുറച്ചുകാട്ടി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നതിലായിരുന്നു താല്പര്യം. ഓഖി ദുരന്തം സംബന്ധിച്ച് അതിരൂപതാ നേതൃത്വം മുന്നോട്ടുവച്ച ആവശ്യങ്ങളോടുള്ള ആദ്യ പ്രതികരണങ്ങൾ അത്തരത്തിലായിരുന്നു. ഓഖി ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുക, ഓഖി ദുരന്തം സർവകക്ഷിയോഗം വിളിച്ച് ചർച്ചചെയ്യുക, ദുരന്തമേഖലയ്ക്കായി പ്രത്യേകം പാക്കേജ് പ്രഖ്യാപിക്കുക, പ്രധാനമന്ത്രി ദുരിതബാധിത പ്രദേശം സന്ദർശിക്കുക കടലിൽ പോയ മുഴുവൻ മത്സ്യത്തൊഴിലാളികളെയും കണ്ടെത്തുംവരെ തെരച്ചിൽ നടത്തുക, മരണമടഞ്ഞവരുടെ കുടുംബത്തിനും പരിക്കേറ്റവർക്കും കഷ്ടനഷ്ടങ്ങൾ സംഭവിച്ചവർക്കും തക്കതായ നഷ്ടപരിഹാരങ്ങൾ നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് അതിരൂപതാ നേതൃത്വം മുന്നോട്ടുവച്ചത്. ഈ ആവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രിയെ രണ്ടിലേറെ തവണ രൂപതാ നേതൃത്വം നേരിൽക്കണ്ട് നിവേദനം നൽകി. ഓഖി ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കഴിയില്ലെന്ന് പിന്നീട് കേന്ദ്രസർക്കാർ പാർലമെന്റിൽ പ്രഖ്യാപിച്ചു. എന്നാൽ സംസ്ഥാന സർക്കാർ സർവകക്ഷിയോഗം വിളിക്കാൻ തയ്യാറായി. കേന്ദ്രസർക്കാരിനോട് ഓഖി ദുരിതാശ്വാസ പാക്കേജ് ആവശ്യപ്പെട്ട് ശുപാർശ നൽകി. ഓഖി ദുരന്തത്തിൽപ്പെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്ക് 25 ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. കേന്ദ്രസർക്കാർ രണ്ടുലക്ഷം രൂപ അനുവദിച്ചു. കടലിൽ കാണാതായവർക്കുവേണ്ടി കോസ്റ്റ്ഗാർഡ്, നേവി, ദുരന്ത നിവാരണ അതോറിറ്റി തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് തെരച്ചിലിന് തയ്യാറായി. തിരുവനന്തപുരം അതിരൂപതാ നേതൃത്വത്തിന്റെയും മത്സ്യത്തൊഴിലാളിമേഖലയുടെയും നിശ്ചയദാർഢ്യത്തിന്റെയും സമ്മർദ്ദത്തിന്റെയും ഫലമാണ്. ഇതിനിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ദുരിതമേഖലയിൽ ഹ്രസ്വസന്ദർശനത്തിനെത്തി. കാരണം, കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധി ഓഖി ദുരിതബാധിതമേഖല സന്ദർശിച്ചതുതന്നെ. രാഹുൽഗാന്ധിക്കും പ്രധാനമന്ത്രിക്കും സഭാ നേതൃത്വം നിവേദനം നൽകി. 3500 കോടിരൂപയുടെ ഒരുപാക്കേജ് പ്രഖ്യാപിക്കണമെന്നതായിരുന്നു പ്രധാനമന്ത്രിക്ക് രൂപതാധ്യക്ഷൻ നേരിട്ട് നൽകിയ നിവേദനത്തിലെ ആവശ്യം.

അതിരൂപതാ അധ്യക്ഷന്റെയും അതിരൂപതാ നേതൃത്വത്തിന്റെയും ആഹ്വാനവും അഭ്യർത്ഥനയും ഉൾക്കൊണ്ട് ദൈവജനം സഹായഹസ്തങ്ങളുമായി ദുരന്തമേഖലയിലെ തങ്ങളുടെ സഹോദരങ്ങളെ ആശ്വസിപ്പിക്കാനെത്തി. അതിരൂപത രൂപം നൽകിയ ഓഖി ദുരിതാശ്വാസ നിധിയിലേക്ക് പണവും ഭക്ഷ്യസാധനങ്ങളും ഒഴുകിയെത്തി. ഇതിനോടകം വിവിധ രൂപതകളുടെയും സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും സംഭാവനയായി 1000 ത്തിലേറെ ടൺ ഭക്ഷ്യവസ്തുക്കൾ തൂത്തൂർ മുതൽ മാമ്പള്ളിവരെയുള്ള ഓഖി ദുരിതബാധിതമേഖലയിൽ വിതരണം ചെയ്യാൻ കഴിഞ്ഞു. അതിരൂപതാ അധ്യക്ഷന്റെ ആഹ്വാനപ്രകാരം ഡിസം.10 പ്രാർത്ഥനാ ദിനമായി അതിരൂപതയിൽ ആചരിച്ചു. ഡിസംബർ 17-ാം തീയതി ഞായറാഴ്ച ദേവാലയങ്ങളിൽ പ്രത്യേക കാണിക്കകൾ സ്വീകരിച്ച് ദുരിതാശ്വാസനിധിയിലേക്ക് നൽകി. ഒരു കോടി രൂപ മുതൽ ഒരു ദിവസത്തെ വേതനം വരെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് ഒട്ടേറെ പേർ ദുരിതമേഖലയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതിനിടെ, ദുരന്തമേഖലയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കേന്ദ്രസംഘം ദുരിതമേഖലകൾ സന്ദർശിച്ചു. ക്രിസ്മസിനോടനുബന്ധിച്ച് മുൻകേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ദുരിതമേഖലയിലെ 115 കുടുംബങ്ങൾക്ക് 5000 രൂപ വീതം വിതരണം ചെയ്തത് പ്രത്യേകം ശ്രദ്ധേയമായി. അതിരൂപതാ ദുരിതാശ്വാസനിധി പ്രയോജനപ്പെടുത്തിയുള്ള ദുരിതാശ്വാസ പാക്കേജ് ഡിസംബർ 29 ന് സ്റ്റാറ്റ്യൂ ജനറൽ ഹോസ്പിറ്റൽ ആശുപത്രി ജംഗ്ഷനിലെ ജോസ്ഫ്സ് സ്കൂൾ ആഡിറ്റോറിയത്തിൽ നടന്ന ഓഖി ദുരന്ത അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പ്രഖ്യാപിച്ചു.

കേവലം ഒരു പ്രകൃതി ദുരന്തം എന്നതിനേക്കാൾ ഉപരി ഒരു സമൂഹം നേരിടേണ്ടിവരുന്ന തീരാകഷ്ടതകളുടെ തുടക്കമായി ഇതിനെ കാണാം. ഇനി എങ്ങനെ? എന്ന് തിരിച്ചെത്തിയവരും ഇനി എന്തുചെയ്യും? എന്ന് തിരിച്ചെത്താത്തവരുടെ ഭാര്യയും മക്കളും വിലപിക്കുമ്പോൾ ചേർന്നുനിന്ന് ഒരിറ്റു സഹായം നൽകാനേ നമുക്കാകൂ. ഒപ്പം പ്രാർത്ഥനകളും. അലസൻമാരെയല്ല, കുടുംബങ്ങൾക്ക് നഷ്ടമായത് മറിച്ച് കുടുംബഭാരം മുഴുവൻ ചുമലിലേറ്റ് കുടുംബത്തിന്റെ വിശപ്പടക്കാൻ, മക്കളുടെ നല്ല ഭാവി സ്വപ്നം കണ്ട് അഹോരാത്രം പണിയെടുക്കുന്ന ഉത്തരവാദിത്വമുള്ള ഗൃഹനാഥന്മാരെ ഇവരുടെ വേർപാട് ഒരു നെരിപ്പോടായി ഹൃദയങ്ങളിൽ എരിയുമ്പോൾ ഒരിക്കലും വറ്റാത്ത ദൈവകൃപ ഈ കുടുംബങ്ങളിൽ നിറഞ്ഞ് നന്മയുടെ, സമ്പൽസമൃദ്ധിയുടെ ശാന്തിയുടെ സമാധാനത്തിന്റെ പൂമഴയായി ചൊരിയണമേ എന്ന് പ്രാർത്ഥിക്കാം. ■

# മരണമടഞ്ഞവരുടെ സ്മരണയ്ക്കായി ശവപ്പെട്ടിയും റീത്തുമായി അവരെത്തി



*ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ സ്മരണയ്ക്കായി ശവപ്പെട്ടിയും റീത്തുമായി രാജ്ഭവൻ മാർച്ചിന് എത്തിയവർ*

തിരുവനന്തപുരം: കാണാതായവരുടെ ചിത്രങ്ങളുള്ള പ്ലക്കാർഡുകളുമായാണ് രാജ്ഭവൻ മാർച്ചിൽ അവരെത്തിയത്. കടലിൽ മരണമടഞ്ഞവരുടെ പ്രതീകമായി ശവപ്പെട്ടിയും ഓർമ്മപ്പൂക്കളായി റീത്തും ഉണ്ടായിരുന്നു.

കരച്ചിലും പ്രതിഷേധവും രോഷവും നിറഞ്ഞുനിന്ന മാർച്ചിൽ, പക്ഷേ ഒന്നും അതിരുകടന്നില്ല. പോലീസ് ഒരുക്കിയ ബാരിക്കേഡിനുള്ളിൽ മണിക്കൂറുകളോളം സങ്കടത്തിര ഇരമ്പി നിന്നു.

ഓഖി ചുഴലിക്കാറ്റിൽ കടലിൽ കാണാതായവരെ കണ്ടെത്തുക. സംഭവത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾ നടത്തിയ മാർച്ചിലാണ് പ്രതീകങ്ങൾ സ്മരണയുയർത്തിയത്.

രാവിലെ 11.30 ന് പാളയം രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽനിന്നാണ് മാർച്ച് തുടങ്ങിയത്. അതിരൂപതയുടെ കീഴിലുള്ള എട്ട് ഫെറോനകളിലെ നൂറിലേറെ ഇടവകകളിൽ നിന്നായി ആയിരക്കണക്കിനാളുകൾ മാർച്ചിൽ പങ്കെടുത്തു.

ഇതിന് പുറമെ വിവിധ അൽമായ സംഘടനകൾ, സന്യാസി-സന്യാസിനീ സഭകളിലെ പ്രതിനിധികൾ, അതിരൂപതയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലെ അദ്ധ്യാപകർ, ജീവനക്കാർ എന്നിവരും മത്സ്യത്തൊഴിലാളികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുമാർച്ചിൽ പങ്കെടുത്തു.

പൂന്തുറ, വിഴിഞ്ഞം, അടിമലത്തുറ, വെട്ടുകാട് എന്നിവിടങ്ങളിൽ നിന്ന് കാണാതായവരുടെ ചിത്രങ്ങൾ ഉയർത്തിയാണ് സമരക്കാർ എത്തിയത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നടപടികളെ വിമർശിക്കുന്ന ബാനറുകളും കരിങ്കൊടികളുമുണ്ടായിരുന്നു. എല്ലാവരും കറുത്ത ബാഡ്ജ് ധരിച്ചിരുന്നു.

രാജ്ഭവന് മുന്നിൽ പ്രകടനം പോലീസ് ബാരിക്കേഡുയർത്തി തടഞ്ഞു. ഉദ്ഘാടനത്തിനുസേഷം മാർച്ച് അവസാനിച്ചതായി പ്രഖ്യാപനമുണ്ടായെങ്കിലും ആരും തിരിച്ചുപോയില്ല.

കാണാതായവരുടെ കുടുംബങ്ങളും ബന്ധുക്കളും ഉൾപ്പെടെയുള്ളവർ ഇടമുറിയാത്ത മുദ്രാവാക്യങ്ങളുമായി റോഡിൽ കുത്തിയിരുന്നു. പിന്നീട് രണ്ടരയോടെയാണ് സമരക്കാർ പിരിഞ്ഞുപോയത്. സമരക്കാർക്ക് നൽകാനായി വിതരണം ചെയ്ത കുടിവെള്ളത്തിന്റെ കുപ്പകൾ അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്തശേഷമാണ് സമരക്കാർ മടങ്ങിയത്.

## ആദരാഞ്ജലികൾ



**ഫാ. റിച്ചാർഡ് ഡിക്രൂസ്**
തിരുവനന്തപുരം ലത്തീൻ അതിരൂപത



**എ. നെൽസൺ**
വിദ്യാഭ്യാസ വിഭാഗം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, തിരു. ലത്തീൻ അതിരൂപത



**കെ. എൽ. ബർക്കുമൻസ്**
ടിഎസ്എസ്എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ



*ഓഖി ചുഴലിക്കാറ്റിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിലും കടലിൽ നഷ്ടപ്പെട്ടവരെ കണ്ടെത്തുന്നതിലും കേന്ദ്ര-സംസ്ഥാന സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ നിന്നും രാജ്ഭവനിലേക്ക് നടത്തിയ മാർച്ചിൽ ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കുറിലോസ്, മലങ്കര കത്തോലിക്കാസഭാ സഹായമെത്രാൻ ഡോ. സാമുവൽ മാർ*

# ലത്തീൻ അതിരൂപതാ രാജ്ഭവൻ

തിരുവനന്തപുരം: ചുഴലിക്കാറ്റുതകർത്ത തീരദേശത്തിന്റെ വേദനപേറി മത്സ്യത്തൊഴിലാളികൾ ലത്തീൻ അതിരൂപത നേതൃത്വത്തിൽ രാജ്ഭവൻ മാർച്ച് നടത്തി പ്രതിഷേധിച്ചു. ചുഴലിക്കാറ്റിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിലും കടലിൽ നഷ്ടപ്പെട്ടവരെ കണ്ടെത്തുന്നതിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വലിയ അനാസ്ഥ കാട്ടിയെന്ന് പ്രകടനം വിളിച്ചോതി.

ചുഴലിക്കാറ്റിനെക്കുറിച്ചുള്ള അറിയിപ്പ് ദിവസങ്ങൾക്കുമുൻപേ ലഭിച്ചിട്ടും ഗൗരവമായി എടുത്ത് മുന്നറിയിപ്പ് നൽകാതിരുന്നത് തികഞ്ഞ അനാസ്ഥയാണെന്നും മത്സ്യത്തൊഴിലാളികളോടുള്ള അവഗണനയെ വേദനയോടെ ശക്തമായ ഭാഷയിൽ അപലപിക്കുന്നുവെന്നും കേരള മെത്രാൻ സമിതി അധ്യക്ഷൻ കൂടിയായ ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യം പറഞ്ഞു. മാർച്ച് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മുന്നറിയിപ്പുകൾ പല കേന്ദ്രങ്ങളിൽ നിന്നറിഞ്ഞിട്ടും തക്ക സമയത്ത് നടപടിയുണ്ടായില്ല എന്നത് അനാസ്ത തന്നെയാണ്. സമയോചിതമായി ഇടപെട്ടിരുന്നെങ്കിൽ ഇത്രയേറെ മരണവും ദുന്തവും ഉണ്ടാകുമായിരുന്നില്ല.

നിലവിൽ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതി കുടുംബങ്ങൾ നേരിട്ട വൻ നാശനഷ്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുതാണ്. മത്സ്യത്തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുവേണം പാക്കേജ് തയ്യാറാക്കാൻ. തീരദേശ ജനതയുടെ സമഗ്ര വികസനത്തിനുള്ള ദീർഘകാലപദ്ധതിയും സർക്കാരിന് മുന്നിൽ വച്ചിട്ടുണ്ടെന്ന് ആർച്ച്ബിഷപ്പ് പറഞ്ഞു. മത്സ്യത്തൊഴിലാളി കുടുംബത്തിൽ പിറന്നത് ഓർമ്മിച്ചാണ് ഡോ. സൂസപാക്യം പ്രസംഗം തുടങ്ങിയത്.

അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര, കെആർഎൽസിസി വക്താവ് ഷാജി ജോർജ്ജ്, ജനറൽ കൺവീനർ ഫാ. തിയോഡേഷ്യസ്, ജോൺ ബോസ്കോ എന്നിവർ പ്രസംഗിച്ചു. തിരുവല്ല




*സർക്കാരുകൾ കാണിച്ച അനാസ്ഥയ്ക്കെതിരെ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ പാളയം ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ, തിരുവല്ല ആർച്ച്ബിഷപ്പ് ഐറേനിയസ്, വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര എന്നിവർ*

# മാർച്ച് പ്രതിഷേധ കടലിരമ്പമായി

ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കുറിലോസ്, നെയ്യാറ്റിൻകര ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ, മലങ്കര കത്തോലിക്കാസഭാ സഹായമെത്രാൻ ഡോ. സാമുവൽ മാർ ഐറേനിയസ്, ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് തുടങ്ങിയവർ പങ്കെടുത്തു.

ദുരന്തത്തിൽ കാണാതായവരുടെ ചിത്രങ്ങളേന്തിയ പ്ലക്കാർഡുകളും റീത്തുകളും പ്രതീക ശവപ്പെട്ടിയുമായാണ് പാളയത്തുനിന്ന് മാർച്ച് തുടങ്ങിയത്.

വിലപ്പെട്ട ജീവിതങ്ങളോടൊപ്പം തന്നെ ഒരായുസ്സുകൊണ്ട് അവർ സമ്പാദിച്ച ജീവിതോപാധികളും പാർപ്പിടങ്ങലും അടിസ്ഥാനസൗകര്യങ്ങളുമാണ് തകർന്നടിഞ്ഞത്.

ചുഴലിക്കാറ്റിലകപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം ഇനിയും തിട്ടപ്പെടുത്താൻ സാധിക്കാത്തത് ആശ്രിതരുടെ ആശങ്കയും ദുഃഖവും വർധിപ്പിക്കുന്നു.

മത്സ്യ-തീരദേശ വികസന അതോറിറ്റി, മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ സംവിധാനങ്ങളെ കാര്യക്ഷമമായ രീതിയിൽ ഏകോപിപ്പിക്കാൻ നടപടികളുണ്ടാകണം.

ദുരന്തത്തിന്റെ വ്യാപ്തി കണക്കിലെടുത്തു സംഭവത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം.

ഓരോ ദിവസവും കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ജീവനോടെ തിരിച്ചുവരുമെന്ന ഉറപ്പ് ആർക്കുമില്ല.

ശാസ്ത്രസാങ്കേതികവിദ്യകൾ പുരോഗമിച്ച കാലഘട്ടത്തിൽ, യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിസന്ധികളെ നേരിടാൻ ശക്തിയുണ്ടെന്ന് അവകാശപ്പെടുന്ന രാജ്യത്താണ് ഈ ദുരന്തമുണ്ടായതെന്ന് ഓർമിക്കണം.

സാഹചര്യങ്ങൾ മുതലെടുത്ത് സഭയിലും സമൂഹത്തിലും വിള്ളലുകളുണ്ടാക്കുന്നവരെ കരുതിയിരിക്കണമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

# ഓഖി ദുരിതാശ്വാസം : അതിരൂപത

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിനിരയായ തീരദേശി വാസത്തിനിരയായ സമഗ്ര പുനഃരധിവാസത്തിനായി തിരുവനന്തപുരം ലത്തീൻ അതിരൂപത 100 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കും. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, വിവാഹ സഹായം, ഭവനം എന്നീ മേഖലകളിൽ അഞ്ചുവർഷംകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്നതാണ് പദ്ധതികൾ.

ചുഴലിക്കാറ്റ് ദുരന്തം വിതച്ച് ഒരു മാസം തികഞ്ഞ ഡിസംബർ 29 ന് പാളയം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ആഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ പ്രാർത്ഥനയുടെയും ദിവ്യബലിയുടെയും സമാപനത്തിലാണ് ആർച്ച്ബിഷപ്പ് അതിരൂപതാ പാക്കേജ് പ്രഖ്യാപിച്ചത്. ദിവ്യബലിക്കുശേഷം കത്തിച്ച മെഴുകുതിരികളുമായി ദുരന്തത്തിൽ മരണമടഞ്ഞവരെയും ഇനി കണ്ടെത്താനുള്ളവരെയും അനുസ്മരിച്ചുകൊണ്ട് പാളയം രക്തസാക്ഷി മണ്ഡപത്തിലേക്ക് നടന്ന മെഴുകുതിരി പ്രദക്ഷിണത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ, ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ്, ബിഷപ്പ് ഡോ. സാമുവൽ മാർ ഐറേനിയോസ് തുടങ്ങിയവർ അനുസ്മരണ യാത്രയിൽ പങ്കാളികളായി. അതിരൂപത പാക്കേജുകൾ :



*മെഴുകുതിരിപോലെ ഉരുകുന്ന മനസ്സുമായി ഓഖി ദുരന്തത്തിനിരയായ പ്രിയ*
*ജംഗ്ഷനിൽ നിന്നും പാളയം രക്തസാക്ഷി മണ്ഡപത്തിലേക്ക് നടത്തിയ*

## വിദ്യാഭ്യാസ പദ്ധതികൾ

1) ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ഉപരിപഠനം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് നമ്മുടെ ലക്ഷ്യം. അതിനായി പഠനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക, ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക. പ്രഫഷണൽ വിദ്യാഭ്യാസത്തിന് സജ്ജരാക്കുക എന്നിവയാണ് ഉന്നംവയ്ക്കുന്നത്. ഇതിനായി മൂന്ന്കോടി ചെലവഴിക്കു ന്നതാണ്.

2) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ദുരന്തത്തിനിരയായ കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് മരിയൻ എഞ്ചിനീയറിംഗ് കോളേജ്, ആർക്കിടെക്ച്ചർ കോളേജ്, ആർട്ട്സ് & സയൻസ്, ബി.എസ്.സി നേഴ്സിംഗ് കോളേജ്, ബി.എഡ് കോളേജ്, സെന്റർ ഓഫ് എക്സലൻസ് തുടങ്ങിയ അതിരൂപതാ സ്ഥാപനങ്ങളിൽ അർഹരായവർക്ക് പ്രവേശനം നൽകുന്നതാണ്. അതോടൊപ്പം സൗജന്യവിദ്യാഭ്യാസം നല്കാമെന്ന് വാഗ്ദാനംചെയ്തിട്ടുള്ള ഇതര രൂപതാ സ്ഥാപനങ്ങളിലും സന്യസ്ഥസ്ഥാപനങ്ങളിലും വിദ്യാർഥിപ്രവേശനത്തിന് സൗകര്യം ഒരുക്കും. ഇതിനായി 5 കോടി രൂപ ചെലവഴിക്കും.

3) പ്രഫഷണൽ കോഴ്സ് എടുക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യസെമസ്റ്ററിനുള്ള ഫീസും തുടർന്നപഠനത്തിനാവശ്യമായ ബാങ്ക് ലോണിനുള്ള സൗകര്യവും രൂപത ഏർപ്പെടുത്തു ന്നതാണ്. ഇതിനായി 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

## തൊഴിൽ പദ്ധതികൾ

1) അതിരൂപതയുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജൂബിലി ആശുപത്രിയിലും 5 വർഷത്തേക്ക് ദുരിതബാധിതരായ കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന അടിസ്ഥാനത്തിൽ ജോലി നൽകുന്നതാണ്.

2) മത്സ്യമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്താൻ മുന്നോട്ടു വരു ന്നവർക്ക് ഉപകരണങ്ങൾ വാങ്ങാൻ അതിരൂപത 10 കോടി ചെലവഴിക്കു ന്നതാണ്.

3) സ്വയം തൊഴിൽ കണ്ടെത്താൻ മുന്നോട്ടു വരുന്ന സ്ത്രീകൾക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും ഉറപ്പാക്കാൻ 50 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

4) സേവ് എ ഫാമിലി മാതൃകയിൽ ഓഖി ദുരന്തത്തിൽപ്പെട്ട അർഹരായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന താണ്. ഈ പദ്ധതിയിലൂടെ ഓരോ കുടുംബത്തിന്റെയും അർഹത പരിശോധിച്ച് സഹായം നല്കുന്നതോടൊപ്പം സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുകയും ചെയ്യും. ഇതിനായി 2 കോടി രൂപ ചെലവഴിക്കു ന്നതാണ്.

5) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാംസ്ക്കാരിക ഉന്നമനത്തിനും കാലാവസ്ഥ വ്യതിയാനങ്ങളുടെ

# 100 കോടിരൂപയുടെ പാക്കേജ് നടപ്പാക്കും



*പ്പെട്ടവരെ ഓർത്ത് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജനറൽ ഹോസ്പിറ്റൽ അനുസ്മരണ യാത്ര*

അറിവുകൾ ലഭ്യമാക്കു ന്നതിനുമുള ള സാങ്കേതിക സംവിധാനം ഒരുക്കു ന്നതിനായി ഒരു കോടി രൂപ വകയി രുത്തിയിട്ടുണ്ട്.

## ആരോഗ്യ പദ്ധതികൾ

1) ദുരന്തം അതിജീവിച്ചെങ്കിലും തു ടർചികിത്സ ആവശ്യമായവർക്കും, അം ഗവൈകല്യലമോ, സാരമായ പരിക്കോ ഏറ്റവർക്കും അടുത്ത 2 വർഷത്തേക്ക് ജൂബിലി ആശുപത്രിയിൽ സൗജന്യമാ യി ചികിത്സ നൽകുന്ന താണ്. ഇതി നായി 50 ലക്ഷം രൂപ ചെലവഴിക്കും

2) അതിരൂപതയിലും ഫെറോന ത ലത്തിലും സൈക്കോ സ്പിരിച്ചൽ സെന്ററുകൾ ആരംഭിച്ച് ഓഖി ദുരന്ത ത്തിൽ അകപ്പെട്ട കുടുംബങ്ങളുടെ മാ നസികാരോഗ്യം ഉറപ്പുവരുത്തുന്നതാ ണ്. ഇതിനായി 50 ലക്ഷം രൂപ ചെല വഴിക്കു ന്നതാണ്.

## വിവാഹ ധനസഹായം

ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബ ങ്ങളിലെ സാമ്പത്തിക ഭദ്രതയില്ലാത്ത 100 പെൺകുട്ടികളെ അതിരൂപതയു ടെ സാന്ത്വനം മംഗല്യം പദ്ധതിയിൽ ഉൾപ്പെടുത്തി വിവാഹജീവിതത്തിലേ ക്ക് പ്രവേശിക്കാൻ സഹായിക്കു ന്ന താണ്. ഒരു പെൺകുട്ടിക്ക് ഏറ്റവും കൂടുതൽ 3 ലക്ഷം രൂപ വരെ നൽ കുന്ന താണ്. അത്തരത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭവനപദ്ധതി

ദുരന്തത്തിൽപ്പെട്ടവരിൽ ഭവനം നഷ് ടപ്പെട്ടവർക്കും, സ്വന്തമായി ഭവനമോ, സ്ഥലമോ ഇല്ലാത്തവർക്കും ഭൂമിയും സ്ഥലവും നൽകുംവിധം 20 കോടി വില മതിക്കുന്ന 5 ഏക്കർ സ്ഥലത്ത് ഓരോ വർഷവും ഓരോ ഓഖി ടൗൺഷിപ്പ് നിർ മ്മിക്കു ന്നതാണ്. അതിന്റെ ആദ്യഘട്ടമാ യി വരും വർഷം 100 വീടുകൾ നിർമ്മി ച്ചു നൽകും. ഓരോ ടൗൺഷിപ്പിനും 10 കോടി രൂപ ചിലവ് പ്രതീക്ഷിക്കു ന്നുണ്ടെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.



*രാജ്ഭവൻ മാർച്ച് ഉദ്ഘാടനം ചെയ്ത് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പ്രസംഗിക്കുന്നു*



# അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

# ഇരുൾ മൂടിയ അല്മായ ചരിത്രം

ക്രിസ്തുവർഷം 1300 മുതൽ 1500 വരെയുള്ള കാലഘട്ടം അല്മായരെ സംബന്ധിച്ചിടത്തോളം ഇരുൾ മൂടിയതായിരുന്നു. പാപ്പായുടെ അധികാരത്തോടുള്ള വിയോജിപ്പ്, പൗരോഹിത്യ മേധാവിത്വ (Clericalism) ത്തോടുള്ള എതിർപ്പ് ഇവ മൂലം സഭാധികാരികളിൽ നിന്നും അല്മായ സമൂഹം വളരെ വേഗം അകന്നുപോയി.

പാപ്പായുടെ അധികാരത്തെ ചോദ്യം ചെയ്യാനുള്ള ധൈര്യം അല്മായർക്ക് നൽകിയത് പാദുവായിലെ മാർസിലിയൂസിന്റെ പഠനങ്ങളാണ്. രാഷ്ട്രത്തിന്റെ നിയമങ്ങൾ മാത്രം അനുസരിച്ചാൽ മതി. രാഷ്ട്രത്തിനു മാത്രമേ നിയമനിർമ്മാണം നടത്താനാവൂ. അധികാരവും രാഷ്ട്രഭരണാധികാരികൾക്കാണ്. സഭാകാര്യങ്ങൾ രാഷ്ട്രഭരണാധികാരികളുടെ നിയന്ത്രണത്തിന് വിധേയമായിരിക്കണം. എന്നിങ്ങനെയായിരുന്നു മാർസിലിയൂസിന്റെ പഠനങ്ങൾ.

ലോകത്ത് വലിയ മാറ്റങ്ങൾ തുടങ്ങിവന്ന കാലഘട്ടമായിരുന്നു അത്. നവോത്ഥാനം (Renaissance, മാനവമതം (Humanism) തുടങ്ങിയവ അല്മായരിൽ വലിയ സ്വാധീനം ചെലുത്തി. അവർ വിദ്യാസമ്പന്നരായി. പ്ലേഗ്, പകർച്ച വ്യാധികൾ, ഇംഗ്ലണ്ടും ഫ്രാൻസുമായുള്ള 100 വർഷം വരെ നീണ്ടുനിന്ന യുദ്ധങ്ങൾ , രണ്ടു പാപ്പാമാരെ ഒരേ സമയം തിരഞ്ഞെടുക്കൽ, പാശ്ചാത്യ മതഭിന്നത (Great Western Schism, വിവിധ പാഷണ്ഡതകൾ, അവിഞ്ഞോൺ പേപ്പസി എന്നിവ അല്മായ കാഴ്ചപ്പാടുകളിൽ വലിയ മാറ്റം വരുത്തി. മഹറോൻ ചൊല്ലികൊണ്ട് ഇവയെ നേരിടാനേ സഭാ നേതൃത്വത്തിനായുള്ളു, അന്ധമായ വിശ്വാസങ്ങളിലും യാന്ത്രികമായ അനുഷ്ഠാനക്രമങ്ങളിലും കുടുങ്ങിക്കിടന്ന അല്മായർ, അതിൽ നിന്ന് മോചനം പ്രാപിച്ച് സ്വതന്ത്ര സ്വഭാവം കൈവരിച്ചു.

ഏറ്റവും ദുഃഖകരമായ കാര്യം എന്തെന്നാൽ ഈ സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ശ്രദ്ധിക്കാനോ അവ വിലയിരുത്താനോ ഉള്ള തുറവി ദൈവശാസ്ത്രജ്ഞർക്കോ, സഭാ നിയമ വിശാരദർക്കോ ഇല്ലാതെ പോയി എന്നുള്ളതാണ്. അങ്ങനെ പുരോഹിത-അല്മായ വിടവ് വർദ്ധിച്ചുകൊണ്ടേയിരുന്നു. 1512 മുതൽ 1517 വരെ നടന്ന ലാറ്ററൻ കൗൺസിലിന് പോലും ഇതൊന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെന്നുളളത് അത്ഭുതം ഉളവാക്കുന്ന സത്യമാണ്.

ഇരുണ്ട യുഗം (Dark Ages) എന്ന് അറിയപ്പെട്ട ഈ കാലഘട്ടത്തിൽ പാപ്പാമാരിലും വലിയ മൂല്യക്ഷതം സംഭവിച്ചുവെന്നത് കൂനിന്മേൽ കുരുപോലെയായി. തികച്ചും ലൗകീക ജീവിതത്തിൽ അഭിരമിച്ചിരുന്ന അവർ ലോകത്തിന് വലിയ സംഭാവന നൽകിയത് അവഗണിക്കാനാവില്ല. മൈക്കൽ ആഞ്ചലോ, റാഫേൽ തുടങ്ങിയ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, മനോഹരങ്ങളായ ദേവാലയങ്ങൾ നിർമ്മിക്കാൻ അവർ നേതൃത്വം നൽകുകയും ചെയ്തു. ആത്മീയ ചൈതന്യത്തേക്കാളുപരി മാനവികതാവാദികളായിരുന്നു അന്നത്തെ ഭൂരിപക്ഷം പാപ്പാമാരും . അല്മായന്റെ ചരിത്രം ഇരുളടഞ്ഞതിൽ ഈ പാപ്പാമാരുടെ പങ്ക് നമുക്ക് വിസ്മരിക്കാനാവില്ല.

ഇങ്ങനെ നിസ്സഹായരായ അല്മായർ ലക്ഷ്യബോധം കൈവിട്ടവരായി. ബാഹ്യാനുഷ്ഠാനങ്ങൾക്ക് അവർ പ്രാധാന്യം നൽകി. വിശുദ്ധരെ വണങ്ങൽ, കന്യാമറിയ ഭക്തി, തീർത്ഥാടനം, ദണ്ഡവിമോചനം നേടൽ ഇവയൊക്കെ മാത്രം മതിയെന്നൊരു ചിന്ത അല്മായരിൽ രൂഢമൂലമായി. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ അവർ മറന്നു. അവരെ അത് പഠിപ്പിക്കേണ്ട ആത്മീയ ഗുരുക്കന്മാർ ലൗകീകകാര്യങ്ങളിൽ മുഴുകിക്കഴിഞ്ഞു. അങ്ങനെ അല്മായ ചരിത്രം ഇരുൾ മൂടിയതായി.



# അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# നാം തന്നെയാണ് നമ്മുടെ രക്ഷകർ

നവം. 29, 30 തീയതികളിൽ കന്യാകുമാരി ജില്ലയുടെയും കേരളത്തിന്റെയും തീരദേശങ്ങളിലും കടലിലും വിശിഷ്യാ നമ്മുടെ അതിരൂപതയുടെ തീരങ്ങളെ കണ്ണീരിലാഴ്ത്തിക്കൊണ്ട് ആഞ്ഞുവീശിയ ഓഖി ചുഴലിക്കൊടുങ്കാറ്റ് അനേകരുടെ ജീവൻ അപഹരിക്കുകയും നിരവധിപേരുടെ ജീവനോപാധികളും ഭവനങ്ങളും നശിപ്പിക്കുകയും ചെയ്തു. ഓഖി ദുരന്തത്തെ തുടർന്ന് സുരക്ഷാ മുന്നറിയിപ്പിനെ ചൊല്ലിയും രക്ഷാപ്രവർത്തനങ്ങളിൽ വന്ന കാലതാമസത്തേയും പിഴവിനേയും കുറിച്ച് നിരവധിയായ ചർച്ചകളും സംവാദങ്ങളും മാധ്യമങ്ങളിലും ചാനലുകളിലും ഇടംപിടിച്ചിരുന്നുവല്ലോ. ഇതിനോടൊപ്പം ജീവനും ജീവനോപാധികളും പാർപ്പിടവുമൊക്കെ നഷ്ടപ്പെട്ടവരുടെ പുനഃരധിവാസത്തെക്കുറിച്ചുള്ള ആലോചനങ്ങളും പദ്ധതി ആവിഷ്കാരങ്ങളും നടക്കുന്നുണ്ടല്ലോ.

ഈ പശ്ചാത്തലത്തിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുമായി ബന്ധപ്പെടുത്തി ഓഖി ദുരന്തത്തിൽ നിന്നും പഠിക്കേണ്ട പ്രധാന പാഠങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്. തീരത്തേയും തീരജനതയേയും നടുക്കിയ ഇത്രയും വലിയൊരു ദുരന്തമുണ്ടായപ്പോഴും സാംസ്കാരിക സാക്ഷരകേരളത്തിലെ പൊതുസമൂഹം എന്തുമാത്രം നമ്മുടെ കൂടിയുണ്ടായിരുന്നു; നമ്മുടെ വേദന മനസ്സിലാക്കുവാൻ നമ്മുടെ നഷ്ടത്തിന്റെ ആഴവും വ്യാപ്തിയും അറിയാൻ നമ്മെ ഒന്ന് സാന്ത്വനിപ്പിക്കാൻ....

ഇവിടെയാണ് നാം വലിയൊരു സത്യം തിരിച്ചറിയേണ്ടത്. നമ്മൾ തന്നെയാണ് നമ്മുടെ രക്ഷകർ. പുറമെ നിന്നും നമ്മെ സമുദ്ധരിക്കാൻ നമുക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകാൻ നമുക്ക് പുറമെ നിന്ന് മറ്റാരെയെങ്കിലും പ്രതീക്ഷിക്കുകയും ആ പ്രതീക്ഷയ്ക്കൊത്ത് ആരും ഉണരാതിരിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും നാം നിരാശയിലാണ്ടുപോകുന്നു. നമ്മുടെ രക്ഷ അനിശ്ചിതത്വത്തിലാകുന്നു.

നമുക്കുതന്നെ നമ്മുടെ രക്ഷകരാകാൻ സാധിക്കും... സാധിക്കണം.... അതിനാവശ്യമായ അവശ്യം വേണ്ടുന്ന സംവിധാനങ്ങളും ഘടനയും നമുക്കുണ്ട്. എന്നാൽ പലപ്പോഴും നമ്മുടെ ശുശ്രൂഷാ സംവിധാനങ്ങളുടെ അടിസ്ഥാന ഘടനയുടെ ശക്തിയും മൂല്യവും തിരിച്ചറിയുന്നില്ല. ഓഖി ദുരന്തം നൽകിയ അനുഭവങ്ങളിൽ നിന്നും നാം പഠിക്കേണ്ട പ്രധാന പാഠങ്ങൾ.

1) നമ്മുടെ ഇടവകകളിലെ ശുശ്രൂഷാ സംവിധാനങ്ങളെ കോർത്തിണക്കുന്ന അടിസ്ഥാന ഘടനയായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ശക്തിയെ തിരിച്ചറിയുക. ബിസിസി യൂണിറ്റുകളെ ശക്തിപ്പെടുത്തി ഫലപ്രദമായി ഉപയോഗിക്കുക.

2) നമ്മൾ ഒന്നിക്കേണ്ടതിന്റെ, ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വിവിധ ശുശ്രൂഷാ സമിതികളിലൂടെ യൂണിറ്റ് അംഗങ്ങളെ ബോധ്യപ്പെടുത്തുക.

3) മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോഴുണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചും അനുബന്ധ പ്രകൃതി ദുരന്തത്തെക്കുറിച്ചും അത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ചുള്ള വ്യക്തമായ അവബോധം മത്സ്യത്തൊഴിലാളികൾക്ക് നൽകുക.

4) ബിസിസി യൂണിറ്റ് ഭാരവാഹികളെയും ശുശ്രൂഷാ സമിതി അംഗങ്ങളെയും നമ്മുടെ ഗ്രാമങ്ങളിലെ അനുഭവജ്ഞാനവും പ്രവർത്തി പരിചയവുമുള്ളവരെ ഏകോപിപ്പിച്ച് നിലവിലെ സർക്കാർ സംവിധാനവുമായി കൈകോർത്തുകൊണ്ട് തീരദേശ ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തി പ്രവർത്തനനിരതരാക്കുക.

5) ഓഖി ദുരന്തത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കപ്പെട്ട നമ്മുടെ സഹോദരങ്ങളുടെ വേദനയിലും നഷ്ടത്തിലും പങ്കുചേരുന്നതിന്റെ ഭാഗമായി ഓരോ ബിസിസി യൂണിറ്റും ഇടവയുടെ/അതിരൂപതയുടെ ദുരിതാശ്വാസ നിധി സമാഹരണത്തിലും തുടർ പ്രവർത്തനങ്ങളിലും സജീവമായി പങ്കുചേരുക.

6) ഇനിയും നാം വൈകാൻ പാടില്ല. ഇനിയും പുറമെ നിന്നുള്ള രക്ഷകരെ പ്രതീക്ഷിച്ച് സമയം കളഞ്ഞ് നിരാശയിലാകരുത്. നമുക്ക് സംഘടിച്ച് ഉയർത്തെഴുന്നേൽക്കാം. നമ്മുടെ രക്ഷ നമുക്കുതന്നെ ഏറ്റെടുക്കാം. അതിനായി ഇരുട്ടിനെ പഴിക്കാതെ നമ്മളാൽ കഴിയുന്ന ചെറുതിരിനാളങ്ങൾ തെളിച്ച് പരസ്പരം ഊർജ്ജം നൽകാം.



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പ്രത്യക്ഷീകരണ തിരുനാൾ (ജനു. 7)

# എപ്പിഫനി നൽകുന്ന ചിന്തകൾ

ഏശ. 60: 1–6 | എഫെ. 3: 2–3a. 5–6. | മത്താ. 2: 1–12

ഏശയ്യാ പ്രവാചകൻ കണ്ട സ്വപ്നം ഇങ്ങനെ; “എല്ലാ രാജ്യങ്ങളും അന്ധകാരത്തിലമർന്നപ്പോൾ ജറുസലേം മാത്രം പ്രകാശത്തിലിരിക്കുന്നു. അന്ധകാരത്തിൽ പ്രകാശം കണ്ട ജനത ഭൂമിയുടെ അതിർത്തികൾവിട്ട് ജറുസലേമിൽ ഒരുമിച്ചുകൂടുന്നു. കൈനിറയെ സമ്മാനങ്ങളുമായാണ് ജനങ്ങൾ പ്രകാശത്തെ സമീപിക്കുന്നത്.” (ഏശ. 60:1–6). ഒരു പ്രവാചകന്റെ മാത്രം സ്വപ്നമല്ല ഇത്. ഹൃദയത്തിൽ നന്മതേടുന്ന ഒരുവലിയ ജനതയുടെ നെഞ്ച് തുറന്നുള്ള പ്രാർത്ഥനയായിരുന്നു കൈനിറയെ സമ്മാനങ്ങളുമായി പ്രകാശത്തെ ആലിംഗനം ചെയ്യുന്ന സ്വപ്നം. ഈ സ്വപ്നത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു ഇസ്രായേൽ ജനത. ഈ കാത്തിരിപ്പിന്റെ ഉത്തരമാണ് ഇന്നത്തെ സുവിശേഷത്തിലെ കൈനിറയെ സമ്മാനങ്ങളുമായി പ്രകാശത്തെ ആലിംഗനം ചെയ്യുന്ന മൂന്നു രാജാക്കന്മാർ. തിരുസഭ ഈ സംഭവത്തെ പ്രത്യക്ഷീകരണ തിരുനാൾ എന്നുവിളിക്കുന്നു. ദൈവം തന്നെ ലോകത്തിന് വെളിപ്പെടുത്തിയതിന്റെ ഓർമ്മപുതുക്കൽ.

തിരുസഭയോടൊപ്പം നാം ഈ തിരുനാൾ ആഘോഷിക്കുമ്പോൾ പ്രത്യക്ഷീകരണം നമുക്ക് ചില ചിന്തകൾ നൽകുന്നുണ്ട്.



ഒരുപാട് കാര്യങ്ങളെക്കുറിച്ച് വ്യാകുലചിത്തരായി നാം വല്ലാതെ മാർത്തായെ അനുകരിക്കുന്നു. അപ്രധാന കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധ. ക്രിസ്തുവിന്റെ പാദാന്തികത്തിലിരുന്ന് വചനം ശ്രവിച്ച് ഏറ്റവും നല്ലത് മാത്രം തെരഞ്ഞെടുത്ത മേരിയുടെ ജ്ഞാനത്തിനു വേണ്ടിയാണ് ഇന്ന് നാം പ്രാർത്ഥിക്കുന്നത്.

### സാധാരണതകളിലെ അസാധാരണത്വം

ആകാശത്ത് തെളിഞ്ഞത് അസാധാരണ നക്ഷത്രം. എന്നാൽ അതിനെ ഒരു ദൈവീക നിമിത്തമായി ജ്ഞാനികൾ വായിച്ചെടുത്തു. ജ്യോതിശാസ്ത്രത്തിൽ അഗ്രഗണ്യരായ എത്രയോപേർ ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്നിരിക്കണം. അതിൽ ചിലരെങ്കിലും ആ പുതിയ നക്ഷ്ത്രത്തെ നിരീക്ഷിട്ടുമുണ്ടാകണം. എന്നാൽ പൗരസ്ത്യ ജ്ഞാനികൾക്ക് മാത്രമാണ് അതിന് പിന്നിലെ ദൈവീക നിയോഗങ്ങൾ വെളിപ്പെട്ടുകിട്ടുക. ദൈവം നമ്മോട് സംസാരിക്കുന്നത് നാം നിത്യേന ഇടപെടുന്ന സംഗതികളിലൂടെയാണ്. ഒരു മിഴി ദൈവത്തിൽ പതിപ്പിച്ചുകൊണ്ട് ജീവിക്കുന്നവർക്കുമാത്രമാണ് സങ്കീർണ്ണമായ ജീവിത ചുറ്റുപാടുകളിൽ നിന്ന് ദൈവത്തിന്റെ സ്വരം തിരിച്ചറിയാനാവുക.

### ക്രിസ്തുവിനെ ഭയക്കുന്നു:

ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് കേൾക്കുമ്പോൾ ഹേറോദ് ഭയവിഹ്വലനാവുകയാണ്. “മഹാനായ ഹേറോദ്” എന്നാണ് ചരിത്രം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ആ പദവിക്ക് അദ്ദേഹം അർഹനുമാണ്. പാലസ്തീനിൽ സമാധാന പൂർണമായ ഭരണം നടത്താൻ കഴിഞ്ഞ ഒരേയൊരു ഭരണാധികാരിയാണദ്ദേഹം. ജറുസലേം ദൈവാലയത്തിന്റെ നിർമ്മാതാവും, നികുതി ഭാരം ഗണ്യമായിക്കുറച്ച് ജനങ്ങളുടെ ആദരവും പ്രശംസയും നേടിയെടുത്ത രാജാവാണദ്ദേഹം. പക്ഷേ, ക്രിസ്തുവിന്റെ വരവ്



അദ്ദേഹത്തെ അസ്വസ്ഥനാക്കി. അത് തന്റെ പദ്ധതികളെയും അധികാരത്തെയും തകിടം മറിക്കുമെന്ന് അയാൾ ഭയപ്പെട്ടു. എല്ലാം നന്നായി ചെയ്യുന്നുവെന്ന് തെറ്റിദ്ധരിക്കുന്ന നാം, ദൈവിക ഇടപെടലിനെ ഭയക്കുന്നു. ദൈവവുമായി കണ്ടുമുട്ടേണ്ടിവന്നാൽ എന്റെ ഇഷ്ടങ്ങൾ തകിടം മറിയുമെന്ന് നാം ഭയപ്പെടുന്നു. ആകയാൽ ദൈവത്തിൽ നിന്നും നിശ്ചിതമായൊരു അകലം നാമെപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന് സ്ഥാനമില്ലാത്ത ജീവിതം എന്നും ആശങ്കയുടെ നിഴലിലായിരിക്കും.

## രക്ഷയും രക്ഷകനും നിന്റെ സമീപത്തുതന്നെ

ക്രിസ്തു ജനിക്കുന്നത് ബെത്‌ലഹേമിൽ. ജെറുസലേമിന് തൊട്ടടുത്ത്. എന്നിട്ടും തൊട്ടടുത്തുള്ള ഹേറോദിന് അത് തിരിച്ചറിയാനാകുന്നില്ല. എന്നാൽ, അകലെ കിഴക്കുനിന്നുള്ള ജ്ഞാനികൾ അത് തിരിച്ചറിയുന്നു. രക്ഷയും രക്ഷകനും നിന്റെ സമീപത്തുതന്നെ ജനിച്ചിട്ടുണ്ട്. തിരിച്ചറിയാൻ നിനക്ക് കഴിയുന്നുണ്ടോ എന്നതാണ് ചോദ്യം. അടയാള നക്ഷത്രം കാണാനുള്ള ശ്രദ്ധയും, സ്വീകരിക്കാനുള്ള ഹൃദയവിശാലതയും ഉണ്ടെങ്കിലേ അത് സാധിക്കൂ. ഇത് രണ്ടുമുണ്ടെങ്കിൽ നീ ആരായിരുന്നാലും, എവിടെയായിരുന്നാലും രക്ഷകൻ നിന്റെ ജീവിതത്തിലേക്ക് കടന്നുവരും.

## നിന്നെ വലിയവനാക്കുന്നത് കർത്താവാണ്:

ബെത്‌ലഹേം യൂദാ നഗരങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വലിപ്പത്തിൽ ചെറുതാണെങ്കിലും, ബെത്‌ലഹേമിന്റെ ചരിത്രത്തിലെ സ്ഥാനം വളരെ വലുതാണ്. കാരണം ക്രിസ്തുവിന്റെ ജനനം തന്നെ. നിന്റെ വലിപ്പത്തിനുള്ള യഥാർത്ഥ കാരണവും ഇതു തന്നെയാകണം. നിന്റെകൂടെയുള്ള ക്രിസ്തുവിന്റെ സാന്നിധ്യം. നിന്റെ കൂടെയുള്ള നിന്റെ തമ്പുരാനാണ് നിന്നെ വലിയവനാക്കുന്നത്. അതോടൊപ്പം, നിന്റെ ജപം കൊണ്ടും കർമ്മംകൊണ്ടും സാന്നിധ്യം കൊണ്ടും പലരേയും നിനക്ക് വലിയവരാക്കാനാവും. അങ്ങനെ അനേകരെ വലിയവരാക്കുമ്പോഴാണ് നീ ക്രിസ്തുശിഷ്യനായി മാറുന്നത്.

## അധികാരമല്ല അറിവാണ് ശ്രേഷ്ഠം

രാജാവും ജ്ഞാനികളുമാണ് രണ്ട് കഥാപാത്രങ്ങൾ. ഹേറോദ് നാട്ടിലെ രാജാവാണ്; അധികാരി. കിഴക്കുനിന്നു വന്നവരോ - പരദേശികൾ. എന്നാൽ അവർ ജ്ഞാനികളായിരുന്നു. അധികാരമുണ്ടായിരുന്നവന് ക്രിസ്തുവിനെ അംഗീകരിക്കുവാനോ കണ്ടെത്തുവാനോ പറ്റിയില്ല. എന്നാൽ ജ്ഞാനമുള്ളവന് ക്രിസ്തുവിനെ അന്വേഷിക്കുവാനും കണ്ടെത്തുവാനും അവന്റെ മുമ്പിൽ സ്വയം സമർപ്പിക്കുവാനുമായി. നിന്റെ ജ്ഞാനം പരിപോഷിപ്പിക്കുവാനാണ് നീ പരിശ്രമിക്കേണ്ടത്. അതായിരിക്കും നിന്നെ രക്ഷകനിലേക്കും രക്ഷയിലേക്കും നയിക്കുക. നിന്റെ അധികാരത്തിന് നിന്നെ അപകടത്തിലേക്കും നിത്യനാശത്തിലേക്കും നയിച്ചേക്കാമെന്ന അപകടം നീ വിസ്മരിക്കരുത്.

## വചനം അറിഞ്ഞതുകൊണ്ട് മാത്രം രക്ഷയില്ല:

പുരോഹിതന്മാരും വേദപണ്ഡിതരും തിരുവചനം പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്. തിരുലിഖിതം പഠിച്ചിട്ടാണ് ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന് അവർ കണ്ടെത്തുന്നത് (2:5-6). എന്നിട്ടും അവർക്കാർക്കും ബെത്‌ലഹേമിലെത്താനോ ക്രിസ്തുവിനെ കാണാനോ കഴിഞ്ഞില്ല. ദൈവവചനത്തെക്കുറിച്ചുള്ള നിന്റെ അറിവും പരിചയവും നിന്നെ ക്രിസ്തുവിലെത്തിക്കണമെന്ന് നിർബന്ധമില്ല. വചനത്തോടും സത്യത്തോടുമുള്ള തുറവിയും എളിമയുമില്ലെങ്കിൽ വിശുദ്ധ ഗ്രന്ഥം പോലും നിന്നെ രക്ഷിക്കില്ല.

## പരദേശികൾ ജ്ഞാനികൾ

കാലിത്തൊഴുത്തിലെ ഉണ്ണിയെ ആരാധിക്കാൻ നക്ഷത്രവെട്ടത്തിലെത്തിയ പരദേശികളെ ജ്ഞാനികളെന്നാണ് വിളിക്കുക. സ്വനാടും വീടും ഉപേക്ഷിച്ചവർ ബെത്‌ലഹേമിലെ കാലിത്തൊഴുത്തിലെത്തിയത് രക്ഷകനെ കാണാനായിരുന്നു. ജീവിത്തിൽ ഏറ്റവും ജ്ഞാനത്തോടെ ഒരാളെടുക്കുന്ന തീരുമാനം ക്രിസ്തുവിലേക്ക് കടന്നുവരുന്ന നിമിഷമായിരിക്കും.

ലോകത്തിന്റെ അറിവിന്റെയും സുഖത്തിന്റെയും പിന്നാലെ പോയ ഭോഷനായ ഒരു ചെറുപ്പക്കാരനുണ്ട്; അഗസ്റ്റിൻ. ഇരുപതാം വയസ്സിൽ പ്രസംഗകലയും, തത്വശാസ്ത്രവും തർക്കശാസ്ത്രവും സ്വായത്തമാക്കിയവൻ. അമ്മ മോനിക്കയുടെ സദുപദേശത്തിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി മിലാനിലേക്ക് കപ്പൽ കയറിയവൻ. യാദൃശ്ചികമായി അംബ്രോസ് മെത്രാന്റെ പ്രസംഗം കേട്ട് ആത്മീയ വെളിച്ചത്തിലേക്ക് കടന്നുവന്നവൻ. ഒടിവിലവൻ 'കുമ്പസാര'മെന്ന ആത്മകഥയിലെഴുതി. "ഇത്ര പുരാതനവും ഇത്ര നവീനവുമായ സൗന്ദര്യമെ, നിന്നെ സ്നേഹിക്കാൻ ഞാനെത്രെ വൈകി." വൈകിയാണെങ്കിലും ഒടുവിലവൻ ജ്ഞാനത്തിന്റെ മാർഗത്തിലെത്തി.

ഒരുപാട് കാര്യങ്ങളെക്കുറിച്ച് വ്യാകുലചിത്തരായി നാം വല്ലാതെ മാർത്തായെ അനുകരിക്കുന്നു. അപ്രധാന കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധ. ക്രിസ്തുവിന്റെ പാദാന്തികത്തിലിരുന്ന് വചനം ശ്രവിച്ച് ഏറ്റവും നല്ലത് മാത്രം തെരഞ്ഞെടുത്ത മേരിയുടെ ജ്ഞാനത്തിനുവേണ്ടിയാണ് ഇന്ന് നാം പ്രാർത്ഥിക്കുന്നത്. ■

## നീർച്ചാലുകൾ

ഫാ. ഡൈസൺ

# രക്ഷയുടെ തീരത്ത്

1 സാമു. 3 : 3a-10, 19 | 1 കൊറി. 6:13c-15a.17-20 | യോഹ. 1: 35-42



രക്ഷയുടെ നിധി കണ്ടെത്തുന്നവൻ ഭാഗ്യവാൻ. കാരണം രക്ഷയുടെ വസന്തം അനുഭവിക്കാൻ സാധിക്കും. രക്ഷയുടെ വസന്തം അനുഭവിച്ചവൻ അനേകരെ രക്ഷയുടെ തീരത്തെത്തിക്കുന്ന ഏലിയായി, യോഹന്നാനായി മാറാൻ സാധിക്കും. രക്ഷകന്റെ തീരത്ത് അനേകരെ എത്തിച്ച് രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ പ്രയത്നിക്കാം!

രക്ഷയുടെ നല്ല സന്ദേശങ്ങൾകൊണ്ട് സമ്പുഷ്ടമാണ് ആണ്ടുവട്ടം രണ്ടാം ഞായറിലെ തിരുവചന ഭാഗങ്ങൾ. കാരണം ഈ വായനകൾ നമ്മെ ശിമയോനിൽനിന്നും പത്രോസിലേക്കും, സാവൂളിൽനിന്നും പൗലോസിലേക്കും, അവിശ്വാസിയായ തോമസിൽനിന്നും ആഴമാർന്ന വിശ്വാസമുള്ള തോമായിലേക്കും, ചുങ്കക്കാരനായ സക്കേവൂസിൽനിന്നും വിശുദ്ധനായ സക്കേവൂസിലേക്കും മാറുവാൻ സഹായിക്കുന്നു. മാത്രമല്ല, ലോകത്തിന്റെ സ്വരങ്ങളിൽ നിന്നും വ്യത്യസ്ഥമായ ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ കുഞ്ഞുമക്കളെ സഹായിക്കാൻ കഴിയുന്ന ഏലിയായി മാറാനും, മറ്റ് കുഞ്ഞാടുകളിൽനിന്നും വ്യത്യസ്തമായി ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായ യേശുവിനെ ചൂണ്ടിക്കാണിക്കുന്ന യോഹന്നാനായി മാറാനും, യേശുവിന്റെകൂടെ ആയിരിക്കുന്ന ശിഷ്യന്മാരാകാനും ഈ ബൈബിൾ ഭാഗങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു.

### രക്ഷയുടെ തീരത്തെത്തിക്കുന്ന ഏലിയും യോഹന്നാനുമാകാം

ഇതാണ് ദൈവത്തിന്റെ സ്വരമെന്ന് കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുന്ന ഏലിമാരുടെ അഭാവം വലിയ അപകടമാണ്. ഇന്നിന്റെ ലോകത്ത് മാതാപിതാക്കളും, ജ്ഞാനമാതാപിതാക്കളും, മതബോധന അധ്യാപകരും, സന്യസ്തരും, ദൈവികരും ഏലിയുടെ ദൗത്യം ഏറ്റെടുക്കണം. തിന്മയുടെ ശബ്ദമലിനീകരണംകൊണ്ട് നിറഞ്ഞ ഈ ലോകത്തിൽ ദൈവത്തിന്റെ ശബ്ദം കേൾക്കാൻ കുഞ്ഞുമക്കളെ സഹായിക്കുവാൻ മുന്നോട്ടുവരുന്ന വ്യക്തി ഏലിയാണ്.

ജീവിതത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ഉത്തരം തേടി യഹൂദജനത പോയിരുന്നത് ഗുരുക്കന്മാരോടാണ്. നിത്യജീവൻ പ്രാപിക്കാൻ ഞാനെന്തുചെയ്യണമെന്ന് അധികാരി ചോദിക്കുന്നത് ഗുരുവായ യേശുവിനോടാണ് (ലൂക്ക. 18:18). നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാണെന്ന് നിയമപണ്ഡിതർ ചോദിക്കുന്നത് ഗുരുവായ യേശുവിനോടാണ് (മത്താ. 22:36). എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ സാധിക്കുന്ന ഏക ഗുരുവാണ് കർത്താവായ യേശു. ആ ഗുരു ലോകത്തിൽ വന്നത് ഈ ലോകത്തിന്റെ മുഴുവൻ പാവങ്ങൾക്കും ഉത്തരമാകാനാണ്. പാപങ്ങൾ മുഴുവനും സ്വന്തം ചുമലിൽ ഏറ്റെടുത്ത ദൈവത്തിന്റെ കുഞ്ഞാടാണ് യേശു. ദൈവത്തിന്റെ കുഞ്ഞാടായ യേശുവിനെ, എല്ലാ ചോദ്യങ്ങൾക്കും ഉത്തരമായ യേശുവിനെ യോഹന്നാൻ ശിഷ്യന്മാർക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതുപോലെ നമുക്ക് രക്ഷ നൽകുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുവിനെ അനുധാവനം ചെയ്യാൻ പ്രേരിപ്പിക്കുന്ന യോഹന്നാനാകാം!

**രക്ഷകന്റെ തീരത്തെത്തിക്കാം:** യേശുവെന്ന നിറവസന്തം ഉള്ളിൽ ഉള്ള വ്യക്തിക്ക് അടങ്ങിയിരിക്കുവാൻ സാധിക്കുകയില്ല. അവർ നിരത്തുകളിലും, കോണുകളിലും കടൽ കടന്നുപോലും ഉള്ളിലെ വസന്തമായ യേശുവിനെ പ്രഘോഷിക്കും. ആത്മാക്കളെ തരിക, ബാക്കിയെല്ലാം നിങ്ങൾ എടുത്തുകൊള്ളുകയെന്ന് പറഞ്ഞ ഫ്രാൻസീസ് സേവ്യർ അനേകായിരങ്ങളെ ക്രിസ്തുവിന്റെ പക്കലെത്തിച്ചു. ദൈവത്തിന്റെ കരങ്ങളിൽ ഒടിഞ്ഞതും പരുപരുത്തതുമായ പെൻസിലായിക്കൊണ്ട് അനേകായിരങ്ങളെ ക്രിസ്തുവിന്റെ സന്നിധിയിൽ മദർ തെരേസ എത്തിച്ചു.

അന്ത്രയോസിന്റെ ജീവിതത്തിൽ വസന്തമായി മാറിയ യേശു അനുഭവം, തന്റെ സഹോദരൻ പത്രോസുമായി പങ്കുവച്ചു. തൽഫലമായി യോഹന്നാനാൽ യേശുവിന്റെ പക്കൽ എത്തിയ അന്ത്രയോസ് തന്റെ സഹോദരൻ പത്രോസിനെ യേശുവിന്റെ പക്കൽകൊണ്ടുവന്നു. പത്രോസ് ഫിലിപ്പോസിനെ, ഫിലിപ്പോസ് നാഥനിയേലിനെ യേശുവിന്റെ പക്കൽ കൊണ്ടുവന്നു. രക്ഷകനായ യേശുവിനെ അനുഭവിച്ച പൗലോസ് പറഞ്ഞു: "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്." അനേകായിരങ്ങളെ

ക്രിസ്തുവിന്റെ പക്കൽ പൗലോസ് കൊണ്ടുവന്നു. തന്റെ ജീവിതത്തിന്റെ വസന്തമായി മാറിയ ക്രിസ്തുവിന്റെ പക്കൽ സമരിയാക്കാരിയായ സ്ത്രീ ഒരു ഗ്രാമത്തെ മുഴുവനും കൊണ്ടുവന്നു. തളർവാതരോഗിയെ അവന്റെ നാലു കൂട്ടുകാർ യേശുവിന്റെ പക്കൽ കൊണ്ടുവന്നു. അമ്മമാർ മക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. നക്ഷത്രം മൂന്നു രാജാക്കന്മാരെ കൊണ്ടുവന്നു. രക്ഷകന്റെ തീരത്ത് മറ്റുള്ളവരെ കൊണ്ടുവരുന്നവരാകാം!

**അന്വേഷിക്കേണ്ട നിധി:** മനുഷ്യജീവിതം സമ്പന്നമാകുന്നത് ധനം കൊണ്ടല്ല; കർത്താവായ യേശുവാകുന്ന നിധിയെ അന്വേഷിച്ചുകണ്ടെത്തുമ്പോഴാണ്. നിധി ഒളിഞ്ഞിരിക്കുന്ന വയൽ സർവ്വ സമ്പത്തുംകൊടുത്ത് കൈക്കലാക്കിയ വിവേകമതിയായ മനുഷ്യരായിരിക്കണം നമ്മൾ. കാരണം ചിലവിട്ട സമ്പത്തിനേക്കാൾ ഉപരിയായി ഏറ്റവും വലിയ വിലയുള്ള നിധി കർത്താവായ യേശുവാണ്! ദൈവത്തെ അന്വേഷിക്കുന്നവരുടെ ഒരു തലമുറ ഇന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. ലോകം മുഴുവൻ നേടുന്നതിനേക്കാൾ ജീവിതത്തിന് സന്തോഷം നൽകുന്ന നിധി കർത്താവായ യേശുവാണ്! നാം ആഗ്രഹിക്കുന്ന ഈ നിധിക്ക്, നമുക്ക് സ്വന്തമാക്കാൻ അവകാശമുള്ള ഈ അമൂല്യനിധിക്ക് ഒരു പേരും മുഖവുമുണ്ട് – കർത്താവായ യേശു. ഈ നിധി കണ്ടെത്തിയ വി.അഗസ്റ്റിൻ പറഞ്ഞു, എത്ര വൈകിപ്പോയി ദൈവമേ, എത്ര വൈകി പോയി നിന്നെ കണ്ടെത്താൻ!

രക്ഷയുടെ നിധി കണ്ടെത്തുന്നവൻ ഭാഗ്യവാൻ. കാരണം രക്ഷയുടെ വസന്തം അനുഭവിക്കാൻ സാധിക്കും. രക്ഷയുടെ വസന്തം അനുഭവിച്ചവൻ അനേകരെ രക്ഷയുടെ തീരത്തെത്തിക്കുന്ന ഏലിയായി, യോഹന്നാനായി മാറാൻ സാധിക്കും. രക്ഷകന്റെ തീരത്ത് അനേകരെ എത്തിച്ച് രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ പ്രയത്നിക്കാം! ■

ആണ്ടുവട്ടം 3-ാം ഞായർ (ജനു. 21)

# ഏക തൊഴുത്തും ഏക ഇടയനും

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

യോന. 3:1-5, 10. | 1 കൊറി. 7: 29-31 | മാർക്കോ. 1 : 14-20

യോഹന്നാൻ ദൈവജനത്തെ ദൈവമക്കൾ എന്നാണ് വിളിക്കുന്നത്. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ ദൈവമക്കളുടെ പുൽക്കൂടുകൾ കടലെടുത്തു. അവർ അവരുടെ അന്നത്തിനായി കടലാഴങ്ങൾ തേടിപ്പോയ രക്ഷകർ തിരികെ വരാനാവാത്ത വിധത്തിൽ കടലിൽ മറഞ്ഞുപോയി. ഒരു കള്ളക്കടലായി കറുത്ത മൂടുപടത്തിൽ നീർച്ചുഴിയായി വന്ന് നമ്മുടെ സോദരരെ കവർന്നെടുത്തു. വലിയ വിലാപങ്ങളുടെ ദുഃഖനോമ്പിൽ ഉറ്റവരുടെ കണ്ണുകളിൽ മടങ്ങിവരവിന്റെ പ്രതീക്ഷയുടെ വള്ളം കമിഴ്ന്നിരിക്കുന്നു. ഇന്ന് അവർ വറുതികളെ വറുത്ത് തിന്നുകയാണ്. അനിശ്ചിതത്വങ്ങളുടെ, അപ്രതീക്ഷിത ആഘാതങ്ങളുടെ നിരാശയുടെ ഈ കടൽക്കരയിൽ ആടുകൾ അവരുടെ ഇടയന്മാരുടെ അടുക്കലേക്കും ഇടയന്മാർ ആടുകളുടെ അടുക്കലേക്കും ഓടിയടുക്കുന്നത് നാം കണ്ടു. അതെ അവർ ദൈവമക്കളാണ്. ഏകതൊഴുത്തും ഏക ഇടയനും ആയി മാറണമെന്നുള്ള സഭയുടെ കാഴ്ചപ്പാടുകളാണ് നാം ഈ ദുരന്തമുഖത്ത് കണ്ടത്. നീതി പ്രവർത്തിക്കാത്തവൻ ദൈവത്തിൽനിന്നുള്ളവനല്ല. സഹോദരന്റെ ഇടർച്ചയിൽ അവനെ സ്നേഹിക്കാത്തവനും ദൈവത്തിന്റേതല്ല.

ഒരിക്കൽ വിതക്കപ്പെട്ടാൽ കർഷകൻ ഉറങ്ങുകയാണെങ്കിൽപോലും സ്വയമേവ മുളച്ചുവളരുന്ന ഒരു വിത്തിനെപ്പറ്റി സുവിശേഷം പറയുന്നു(മാർക്കോസ് 4: 26-29). വചനത്തിന്റെ വ്യാപനത്തിലേക്കുള്ള നിയന്ത്രണാതീതമായ ഈ സ്വാതന്ത്ര്യ മനോഭാവമാണ് നമുക്കുണ്ടാകേണ്ടത്. ദരിദ്രരുടെ വിലാപം കേൾക്കാൻ അവരെ വിമോചിപ്പിക്കുവാൻ വളർത്തുവാൻ സമൂഹത്തിൽ പൂർണ്ണ അംഗത്വം ഉള്ളവരാക്കുവാൻ ഊട് വഴികളിലേക്കും അരികുകളിലേക്കും നാം പോകേണ്ടിയിരിക്കുന്നു. "ദൈവം പോലും ഒരു കണ്ണുറങ്ങി ഞങ്ങളച്ചാ ഉറങ്ങിയതേയില്ല...." പൂന്തുറയുടെ മേടയിലിരുന്ന് കരഞ്ഞ ഒരമ്മയുടെ വിലാപമാണിത്.

ഓഖി ദുരന്തമുഖത്ത് ആടുകളുടെ മണമുള്ള ഇടയരാകുവാൻ നാം ഏറെ പരിശ്രമിച്ചുവെങ്കിലും മഗ്ദലേന മറിയത്തിന്റെ നേർക്ക് ഉയർന്നുവന്ന കൂർത്ത കല്ലുകൾപോലെ ഉണ്ടായ വിമർശനങ്ങൾ നാം കാണാതെ പോകരുത്. ഇസ്രായേൽ ജനത പരിതപിച്ചത് മേല്നോട്ടക്കാരുടെ ക്രൂരതകളെക്കുറിച്ചാണ്. നമ്മുടെ ഇടയദൗത്യത്തിൽ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്താനും ആടുകൾക്ക് ഒരേ ആലയിലേക്ക് മടങ്ങിവരുവാനും മ



ഓഖി ദുരന്തമുഖത്ത് ആടുകളുടെ മണമുള്ള ഇടയരാകുവാൻ നാം ഏറെ പരിശ്രമിച്ചുവെങ്കിലും മഗ്ദലേന മറിയത്തിന്റെ നേർക്ക് ഉയർന്നുവന്ന കൂർത്ത കല്ലുകൾപോലെ ഉണ്ടായ വിമർശനങ്ങൾ നാം കാണാതെ പോകരുത്.

നസ്സും താല്പര്യവും സൃഷ്ടിക്കുന്ന തുറന്ന ഹൃദയമുള്ള ഇടയരാകുവാൻ നമുക്ക് സാധിച്ചെങ്കിൽ.

നമുക്കുള്ള സമയം പരിമിതമാണെന്ന് പൗലോസ് അപ്പസ്തോലൻ വെളിപ്പെടുത്തുന്നു. സഭ ഇന്ന് നവീകരണത്തിനുവേണ്ടിയുള്ള വീരോചിതവും അക്ഷമവുമായ സമരത്തിലാണ്. സഭയുടെ അംഗങ്ങൾ വരുത്തിയ വീഴ്ചകൾ തിരുത്താനുള്ള സമരം. തന്റെ മാതൃകയായ ക്രിസ്തുവിനെ പ്രതിബിംബിച്ചുകൊണ്ട് നടത്തുന്ന ആത്മപരിശോധനയിൽ അത് ഏതൊക്കെയാണെന്ന് കണ്ടെത്തുന്നു. താൻ ഓടുന്നതും ഓടിയതും വ്യർത്ഥമായതെന്നു തിരിച്ചറിയാൻവേണ്ടി ജറുസലേമിലെ അപ്പോസ്തലന്മാരുടെ 14 വർഷത്തിനുശേഷം പൗലോസ് വന്നു. പൗലോസിന്റെ സുവിശേഷദൗത്യങ്ങൾക്ക് അകമഴിഞ്ഞ പ്രോത്സാഹനം ലഭിക്കുമ്പോഴും പത്രോസും കൂട്ടരും ഉപദേശിച്ചത് പാവങ്ങളെപ്പറ്റി ചിന്തവേണം എന്നുമാത്രമാണ്. സുവിശേഷത്തിന്റെ കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടാത്ത ചില ആചാരങ്ങളുമായി നാം കെട്ടുപിണഞ്ഞുകിടക്കുന്നു. അവ സുന്ദരമായിരിക്കാം. പക്ഷേ ഇന്ന് സുവിശേഷം കൈമാറാനുള്ള മാർഗമായി അത് തീരുന്നില്ല. അവയെ പുനപരിശോധനക്ക് വിധേയമാക്കാൻ നാം ഭയപ്പെടരുത്. ഈ ലോകത്തിന്റെ രൂപഭാവങ്ങൾ നമ്മുടെ പ്രവർത്തികൾകൊണ്ട് മലീമസമായ ഇടപെടലുകൾകൊണ്ട് മാറി മറിഞ്ഞുകൊണ്ടിരിക്കുകയാണ്. വ്യക്തിയായാലും സമൂഹമായാലും നമ്മുടെ തീരുമാനങ്ങളും പ്രവർത്തിയുമാണ് പ്രകൃതിയെ മാറ്റിമറിക്കുന്നത്. ഫ്രാൻസിസ് പാപ്പ പറയുന്നു. ദൈവം എല്ലായ്പ്പോഴും ക്ഷമിക്കുന്നു. നമ്മൾ ചിലപ്പോൾ മാത്രം ക്ഷമിക്കുന്നു. പക്ഷേ പ്രകൃതിയെ, സൃഷ്ടിയെ വികലമാക്കിയാൽ അവൾ ഒരിക്കലും ക്ഷമിക്കുകയില്ല.

വിളവെടുപ്പിന്റെ പശ്ചാത്തലത്തിലാണ് യേശു സമയം സമാഗതമായിരിക്കുന്നുവെന്ന് പറയുന്നത്. ഇവിടെ ഗോതമ്പിന്റെ വിളവെടുപ്പിന് സമയമായിട്ടില്ല. ആദ്ധ്യാത്മികമായ ഒരു വിളവെടുപ്പിന് സമയമായെന്ന് വ്യക്തമാക്കുന്നു. ഗലീലിയയിൽ ആരംഭിച്ച് ജറുസലെമിൽ അവസാനിക്കുന്ന ഒരു ജൈത്രയാത്രയാണ് ക്രിസ്തുവിന്റേത്.

യേശുവിന്റെ സ്വത്ത് വെളിപ്പെടുത്തുവാനിടയായാൽ അവന് രണ്ടോ മൂന്നോ ഉടുപ്പും ഒരു ചെരുപ്പും ഒരു ഉളിയും ചുറ്റികയും അപ്പം വാങ്ങുവാനുള്ള കുറച്ച് ദനാറയുമേ ഉണ്ടാകുകയുള്ളൂ. മരക്കുരിശും മുൾക്കിരീടവും പോലും സ്വന്തമല്ല. എണ്ണിയാൽ തീരാത്ത സഭയുടെ ആസ്തികൾ, കോളെജുകൾ, സ്കൂളുകൾ, ഹോസ്പിറ്റലുകൾ, പള്ളികൾ ഒന്നും അവന്റെ ബിനാമി സ്വത്തല്ല. എന്തിനേറെ അവനൊരു സത്രം നടത്തിപ്പുകാരൻ പോലുമല്ല. സമരിയാക്കാരനെപ്പോലെ ദരിദ്രന്റെ മുറിവുകളെ വെച്ചുകെട്ടുവാനുള്ള ഒരു സത്രമിടം മാത്രം ആഗ്രഹിക്കുന്നവനാണ് ക്രിസ്തു. മറ്റുള്ളവരുടെ മുമ്പിൽ പരിഹാസ്യരും വിമർശനവിധേയമാകുന്ന നിർമാണ സഭയാകാതെ നമുക്ക് സമരിയാക്കാരന്റെ സഭയെന്ന് വിളിക്കപ്പെടാം.

യേശു ആദ്യമായി തിരഞ്ഞെടുക്കുന്നത് പത്രോസിനെയും അന്ത്രയോസിനെയുമാണ്. അപ്പോൾ അവർ കടലിൽ വലയെറിയുകയായിരുന്നു. ആ പ്രവർത്തി ലൗകികമായ അപ്പം തേടലിന്റെ, സുരക്ഷിതത്വത്തിന്റെ അവസരമൊരുക്കലാണ്. ഉപേക്ഷിക്കപ്പെടുന്നത് ആ സുരക്ഷിതത്വത്തിന്റെ വലകളാണ്. കുറച്ചുദൂരംകൂടി നടന്നുകഴിയുമ്പോഴാണ് സെബദീപുത്രന്മാരെ യേശു വിളിക്കുന്നത്. ഈ കുറച്ചുദൂരംകൂടി നടക്കൽ ഉപേക്ഷിക്കലിൽനിന്ന് ഒരു തെരഞ്ഞെടുപ്പിലേക്കുള്ള യാത്രയാണ്. കുറച്ചുദൂരം അകലെമാത്രമായി വഞ്ചിയിലിരുന്ന് വലയുടെ കേടുപോക്കുകയായിരുന്ന യാക്കോബും യോഹന്നാനും ഒരു പൊതുവിളിയുടെ ഭാഗമായി. പത്രോസിന്റെയും അന്ത്രയോസിന്റെയും കൂട്ടുകാരാകുന്നു. വലിയ മീൻപിടുത്തക്കാരായ ആ മുക്കുവസുഹൃത്തുക്കൾ ഒടുവിൽ ദൈവരാജ്യത്തിന്റെ പന്തയക്കാരും ഓട്ടക്കാരുമായി. പിതാവായ സെബദിയെ വള്ളത്തിൽ തന്നെ വിട്ടിട്ടാണ് യേശുവിനെ അവർ അനുഗമിച്ചത്. വലകളുപേക്ഷിക്കലും പിതാവിനെ ഉപേക്ഷിക്കലുമെല്ലാം ഈ ദൈവരാജ്യത്തിലേക്കുള്ള ശൂന്യതപ്പെടുത്തലാണ്.

യേശു ദൈവപുത്രനാണ് ആദ്യമായി പരസ്യപ്രഖ്യാപനം നടത്തിയത് പത്രോസാണ്. മരിക്കേണ്ടിവന്നാലും യേശുവിനെ ഉപേക്ഷിക്കില്ലെന്ന് പറഞ്ഞയാൾ നിർണായകഘട്ടത്തിൽ പരിചാരികയുടെ മുമ്പിൽ പതറി. അയാൾക്ക് സ്ഥിരത ഇല്ല. യേശു കൊല്ലപ്പെട്ടപ്പോൾ മീൻ പിടിക്കുവാനായി മടങ്ങിപ്പോയവൻ. ഉപേക്ഷിച്ച വലകളെ വീണ്ടും തേടുന്ന ലൗകികതയുടെ മനസ്സുള്ള ഒരു സാധാരണമുക്കുവനായി പത്രോസ് മാറുന്നു. എന്നാൽ പത്രോസിന്റെ രണ്ടാം വിളിയിൽ ആ മടക്കം ആത്മസമർപ്പണത്തിലേക്കും സുവിശേഷത്തെപ്രതിയുള്ള ജീവിതബലിയിലേക്കും അവനെ നയിക്കുന്നു. ■

## നീർച്ചാലുകൾ

ഫാ. അജിമോൻ IVDei

ആണ്ടുവട്ടം 4-ാം ഞായർ (ജനു. 28)

# ദൈവത്തിന് എന്നെ വേണം

നിയ. 18:15-20, | 1 കോറി 7:32-35 | മാർക്കോ 1:21-28

ലോകത്തിന് പുതിയ നേതാവിനെ തെരഞ്ഞെടുക്കുവാനുള്ള സമയമായി. ഇവിടെ നിങ്ങളുടെ വോട്ടിന് മാത്രമാണ് പ്രസക്തി. അല്ലെങ്കിൽ നിങ്ങളുടെ വോട്ട് നിർണാ

യകമാണ്. മൂന്ന് സ്ഥാനാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. നിങ്ങളിൽ ഇവരിൽ ആർക്ക് വോട്ടുചെയ്യും. സ്ഥാനാർത്ഥി 1 : സൂത്രശാലിയായ രാഷ്ട്രീയക്കാരുമായി ബന്ധം, ജ്യോതിഷ പണ്ഡിതന്മാരുമായി ആലോചിച്ച് കാര്യങ്ങൾ തീരുമാനിക്കുന്നു. അയാൾക്ക് രണ്ട് ഭാര്യമാരും ഉണ്ട്. തുടർച്ചയായി പുകവലിക്കുന്ന ശീലമുണ്ട്.

സ്ഥാനാർത്ഥി 2 : രണ്ടുതവണ ഓഫീസിൽ നിന്ന് പുറത്താക്കിയതാണ്. ഈ മനുഷ്യന് ഉച്ചവരെ കിടന്നുറങ്ങുന്ന ശീലമുണ്ട്. കോളേജിൽ പഠിക്കുന്ന കാലത്ത് കറുപ്പ് ഉപയോഗത്തിന് അടിമയായിരുന്നു.

സ്ഥാനാർത്ഥി 3: വളരെയധികം പുകഴ്ത്തപ്പെട്ട ഒരു യുദ്ധ നായകൻ. തികഞ്ഞ സസ്യഭുക്ക്. പുകവലിക്കില്ല. ഒരിക്കൽ പോലും തന്റെ ഭാര്യയെ വഞ്ചിച്ചിട്ടില്ല. നിങ്ങൾ ആരെ തെരഞ്ഞെടുക്കും.

എനിക്ക് തോന്നുന്നു മൂന്നാം സ്ഥാനാർത്ഥിക്ക് കൂടുതൽ സാധ്യതയുണ്ട്: ഇനി ആരാണ് ഇവർ യഥാർത്ഥത്തിൽ (1) ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് (2) വിൻസ്റ്റൻ ചർച്ചിൽ (3) അഡോൾഫ് ഹിറ്റ്ലർ. നമ്മുടെ തെരഞ്ഞെടുപ്പ് എവിടെയോ പാളിപ്പോയി. നമ്മുടെ തെരഞ്ഞെടുപ്പിൽ തെറ്റുപറ്റിയിരിക്കുന്നു. ലോകം കണ്ട ക്രൂരനായ നേതാവിനെ നാം തെരഞ്ഞെടുത്തുപോകുന്നു. നാം വഞ്ചിതരാകുന്നു.

ദിവസത്തെ വചന പാഥേയമായി തിരുസഭ നൽകുന്നത് അതാണ്. പ്രവാചകന്മാരെ തെരഞ്ഞെടുക്കുന്നതിലും തിരിച്ചുപറയുന്നതിലും ഇസ്രയേൽ ജനം ആശയ കുഴപ്പത്തിലാണ് (ഒന്നാം വായന) ആദിമ ക്രൈസ്തവർ വിവാഹിതനും അവിവാഹിതനും എങ്ങനെ ശുശ്രൂഷിക്കുന്നു. (രണ്ടാം വായന) സുവിശേഷത്തിൽ എത്തുമ്പോൾ ആശയകുഴപ്പത്തിന് വിരാമമായി. പ്രവചനങ്ങളുടെയും പ്രവാചകന്മാരുടെയും പൂർത്തീകരണമായവൻ ദൈവത്തിന്റെ സുവിശേഷത്തിലാണ്. യഥാർത്ഥ തെരഞ്ഞെടുപ്പ് നടക്കുന്നത് അശുദ്ധാത്മാവും ദൈവത്തിന്റെ പരിശുദ്ധനും, ജീവിതത്തിന്റെ രണ്ട് സാധ്യതകൾ. നമ്മൾ ആരെ തെരഞ്ഞെടുക്കുന്നു. അത് പിന്നെ നമ്മുടെ ജീവിതമായി മാറുന്നു. നിയോഗമായി മാറുന്നു, വിളിയായി മാറുന്നു. വിവാഹിതന്റെയും അവിവാഹിതന്റെയും ജീവിതത്തിലൂടെ വി. പൗലോസപ്പോസ്തലൻ ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം വെളിവാക്കുന്നു. ഒന്നാം വായനയിൽ കണ്ടതുപോലെ യഥാർത്ഥ ക്രിസ്ത്യാനിയെ തിരിച്ചറിയാൻ നമ്മുടെ തെരഞ്ഞെടുപ്പും നിയോഗവും വിളിയും കാരണമാകുന്നു.



നാം നമ്മുടെ നിയോഗം തിരിച്ചറിയാതെ പോകുന്നില്ലേ? പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും തിരിച്ചറിയുമ്പോഴും നാമെന്തേ വൈകുന്നു. നിയോഗങ്ങൾ തിരിച്ചറിയണമെങ്കിൽ മുഖംമൂടികൾ മാറ്റുക. ആകാശം കീഴടക്കാനുള്ള ചിറകുകൾ നിനക്കുണ്ടായിട്ടും ഭൂമിയിൽ നിന്നെ തളച്ചിടുന്ന നിന്റെ ദൗർബല്യമെന്താണ്? കാരണം നിന്റെ തെരഞ്ഞെടുപ്പ്. കടലോളം സ്നേഹമുണ്ടായിട്ടും കൈക്കുമ്പിളിൽ പോലും അത് പകർന്നുനൽകാത്ത നിന്റെ സ്വാർത്ഥതയെന്തേ ഉടയാത്തത്? കാരണം നിന്റെ തെരഞ്ഞെടുപ്പ്.

ചിലപ്പോഴെല്ലാം ജീവിതം നമ്മെ നോക്കി പരിഹസിക്കും. സ്നേഹമില്ലാത്ത സ്നേഹപ്രകടനങ്ങളിൽ, ഹൃദയം കരയാതിരിക്കുമ്പോഴും കണ്ണുകൾ നിറഞ്ഞൊഴുകുമ്പോൾ, പ്രാർത്ഥിക്കാതിരിക്കുമ്പോഴും ആത്മീയ മനുഷ്യനെന്ന് മറ്റുള്ളവർ നമ്മെ തെറ്റിദ്ധരിക്കുമ്പോൾ.... ഹൃദയത്തിലും മുഖത്തും മൂടുപടമണിഞ്ഞ നമ്മെ നോക്കി ജീവിതം പരിഹസിക്കുന്നു. എന്നിട്ടും കുരിശിന് കീഴെ കുനിഞ്ഞ ശിരസ്സുമായി നിൽക്കാനും ഇടറിപ്പോയി എന്നുപറഞ്ഞ് പിഴയടിക്കാനും ഒന്നു വഴിമാറി നടക്കാനും നമുക്കാവുന്നില്ല. മൂടുപടമണിഞ്ഞ് നമുക്ക് നമ്മുടെ മുഖം മറയ്ക്കാം. എന്നാൽ ഹൃദയം കാണുന്ന കർത്താവിനോട് നമുക്ക് പറയാൻ ഒന്നുമാത്രം ദൈവമേ പൊറുക്കണേ... നമ്മുടെ തെരഞ്ഞെടുപ്പുകൾ നമ്മെ ദൈവത്തിന്റെ പരിശുദ്ധരാക്കട്ടെ കപടഭക്തർ ആക്കാതിരിക്കട്ടെ.

അടർന്നുവീഴുന്ന ഒരു ഇലയെ നോക്കി ധ്യാനിക്കുക അതുവരെ ഒരു മരത്തിന്റെ ഉള്ളറിഞ്ഞവനായിരുന്നു. ആ ഇല-തായ്തടിയോട് ചേർന്നുനിന്ന് ഒരു വസന്തത്തിനോ, ഒരു വേനലിനോ, ഒരു വർഷത്തിനോ സ്വാഗതം ആശംസിച്ചതാണത്. ഒരു കുറഞ്ഞ ജീവിതകാലം. മരം കണ്ട ഋതുക്കളെല്ലാം അത് കണ്ടിട്ടുണ്ടാവില്ല. ഏതോ ഒരു ഋതുവിൽ പിറന്ന് ആ കാലം കഴിയും മുൻപേ അത് അടർന്നുവീഴുന്നു. എങ്കിലും അതിനെ ധ്യാനവിഷയമാക്കണം. ശിഖരത്തോട് ചേർന്നുനിന്ന് അത് വൃക്ഷത്തിന്റെ ഉള്ള് അറിഞ്ഞിരുന്നു. വസന്തത്തിൽ അത് പൂവുകളെയും കായ്കളെയും അറിഞ്ഞിട്ടുണ്ട്. വേനലിന്റെ ചൂട് അത് അനുഭവിച്ചിട്ടുണ്ട്. കാലം മരത്തിൽ പതിവു മാറ്റങ്ങൾക്ക് സാക്ഷിയായിട്ടുണ്ട്. ഏറ്റവും ഒടുവിൽ അത് താഴെ വീണ് മരത്തിന് തന്നെ വളമാകുന്നു. ക്രിസ്തീയ ജീവിതത്തെ അല്ലെങ്കിൽ നമ്മുടെ വിളിയെ നമ്മുടെ തെരഞ്ഞെടുപ്പിനെ വ്യാഖ്യാനിക്കേണ്ടത് ഇപ്രകാരം തന്നെ. ക്രിസ്തുവിനോടുകൂടെ ഒന്നായി ചേർന്ന് അവന്റെ ജനനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനുള്ള വിളിയാണത്. ഒരു പക്ഷേ അവനെ പൂർണമായി മനസ്സിലാക്കാൻ പോലും നിനക്ക് സാധിച്ചുവെന്ന് വരില്ല. എങ്കിലും നിനക്ക് ഒരു തിരിച്ചറിവുണ്ടാകണം ഞാൻ അവനിൽ നിന്നാണ് അവനിലേക്ക് തിരിച്ചുപോകേണ്ടവനാണ് എന്ന്.

നമ്മുടെ ജീവിതത്തെ നാം നമ്മുടേതായ തണ്ടിലേക്കുള്ള തിരിച്ചുപോക്കായി കണക്കാക്കുക. നമ്മുടെ തെരഞ്ഞെടുപ്പ്, നിയോഗം, വിളി അത് തിരിച്ചറിഞ്ഞ് ഫലം പുറപ്പെടുവിക്കാനുള്ള സമയമാണിത്.

നീ വിത്താണെങ്കിൽ നിന്നിൽനിന്ന് പുതുനാമ്പുകൾ പുറത്തുവരട്ടെ. മരമാണെങ്കിൽ ഫലം പുറത്തുവരട്ടെ. ഇലയാണെങ്കിൽ നീ നിന്റെ തായ്തടിയുടെ ഉള്ളറിയട്ടെ. പൊഴിയുന്ന ഇല നോക്കി ധ്യാനിക്കുമ്പോൾ നീ മനസ്സിൽ ജപിക്കുക ദൈവത്തിന് എന്നെ വേണം. അവനെ മറ്റുള്ളവർക്കായി പകർന്നുനൽകാൻ. അവന്റെ പ്രവാചകനെപ്പോലെ (ഒന്നാം വായന), ദൈവത്തെ പ്രീതിപ്പെടുത്തുന്നവനായി (രണ്ടാം വായന) ദൈവത്തിന്റെ പരിശുദ്ധനായി (സുവിശേഷം).

– ആമേൻ.

# വചനജ്വാല

**2018 ഫെബ്രുവരി മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# കൂട്ടായ്മയുടെ കൂട്ടുത്തരവാദിത്തം



## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ മുഖമുദ്രയായി കാണുന്ന സവിശേഷത അംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും കൂട്ടുത്തരവാദിത്തവുമാണ്. ബിസിസി യൂണിറ്റുകളുടെ ഘടനയേയും അതിലെ ഭാരവാഹികളുടെ പ്രവർത്തനശൈലിയേയും കുറിച്ച് വിമർശിക്കുകയും അവയുടെ കുറവുകളെക്കുറിച്ച് മാത്രം പെരുപ്പിച്ച് കാണിക്കുമ്പോഴും നാം ഓർക്കേണ്ട വലിയൊരു സത്യം അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണത്തിനുശേഷം നമ്മുടെ ഇടവകകളിൽ ഗ്രാമങ്ങളിൽ വന്നിട്ടുള്ള മാറ്റം, വളർച്ച ഏറെ ശ്രദ്ധേയമാണ്.

പൊതുവേയുള്ള മനുഷ്യസ്വഭാവം നന്മകളേക്കാളുപരി കുറവുകൾ കണ്ടെത്താനാണ് കൂടുതൽ സമയം ചെലവഴിക്കുന്നത്. അതിലൂടെ നാം ചെയ്യുന്നത് നമ്മുടെ ഉള്ളിലുള്ള സൃഷ്ടിപരമായ, സർഗ്ഗാത്മകമായ ഊർജ്ജത്തെ നാശോന്മുഖമാക്കി മാറ്റുന്നു. അനന്തരഫലമോ, നിരാശയും അലസതയും അസൂയയും വൈരാഗ്യവും വർധിക്കുന്നു.

കഴിഞ്ഞമാസത്തെ യോഗവേളയിൽ ഒരുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് പുത്തനാണ്ടിലേക്കുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുകയായിരുന്നു. അതിന്റെ ചുവടുപിടിച്ചുകൊണ്ട് നമ്മുടെ ഈ യൂണിറ്റ് രൂപപ്പെട്ടതിനു ശേഷം കൈവരിച്ചിട്ടുള്ള വളർച്ചയെക്കുറിച്ച് ചിന്തിക്കണം. പ്രത്യേകിച്ച് നമ്മൾ തമ്മിലുള്ള ബന്ധം, ആരാധനാ കർമ്മങ്ങളിൽ ഉണ്ടായ പങ്കാളിത്തം. ഇത്തരം വിലയിരുത്തലിലൂടെ ഈ യോഗത്തിൽ മുഖ്യമായും നാം ഊന്നൽ നൽകുവാനാഗ്രഹിക്കുന്നത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ സവിശേഷതകളിൽ മുഖ്യമായ, കൂട്ടായ്മകളും കൂട്ടുത്തരവാദിത്തവും നമ്മുടെ യൂണിറ്റിൽ എന്തുമാത്രമുണ്ട്, യൂണിറ്റ് പ്രവർത്തനങ്ങളിൽ ഇവയുടെ പ്രസക്തി എന്ത് എന്നാണ്.

## 4. യേശുവിനെ ക്ഷണിക്കൽ

നാം സ്വാർത്ഥരായി ഒറ്റപ്പെട്ട് കഴിയേണ്ടവരല്ല. മറിച്ച്, കൂട്ടായ്മയിൽ ജീവിച്ചുകൊണ്ട് ഒറ്റക്കെട്ടായി നമ്മുടെ തന്നെ രക്ഷക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കേണ്ടവരാണെന്ന ബോധ്യം നല്കുവാനായി കൂട്ടായ്മയുടെ ഉറവിടവും പ്രചോദനവുമായ

യേശുവിനെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

(1 കൊറി. 12; 12-27)

### 7. വചനവിചിന്തനം

നാം ഇപ്പോൾ ശ്രവിച്ച തിരുവചന ഭാഗത്ത് മുഖ്യമായും രണ്ട് ആശയങ്ങൾ അഥവാ സന്ദേശങ്ങളാണ് നമുക്ക് ഉൾക്കൊള്ളുവാനാവുക. ഒരു ശരീരത്തിലെ പല അവയവങ്ങൾ തമ്മിലുള്ള പരസ്പരബന്ധം. ഈ ബന്ധത്തെ നമ്മുടെ ബിസിസി യൂണിറ്റിന്റെ പശ്ചാത്തലത്തിൽ 'കൂട്ടായ്മ' എന്നുവിശേഷിപ്പിക്കാവുന്നതാണ്. ഈ കൂട്ടായ്മയുടെ സവിശേഷതയായി നാം മനസ്സിലാക്കുന്ന വസ്തുതകൾ. ഈ പാരസ്പരിക ബന്ധത്തിന്റെ കൂട്ടായ്മയുടെ ഉറവിടം ദൈവാത്മാവാണ്. വ്യത്യസ്തസ്വഭാവവും രൂപവും പ്രവർത്തനശൈലിയുമുള്ള പല അവയവങ്ങൾ ചേരുമ്പോഴാണ് ഒരു ശരീരമുണ്ടാകുന്നത്. അതുപോലെ വ്യത്യസ്ത സ്വഭാവവും, വിദ്യാഭ്യാസവും ചിന്താശക്തിയും പ്രവർത്തനശൈലിയുമുള്ള വ്യത്യസ്ത അംഗങ്ങൾ ചേരുന്നതാണ് നമ്മുടെ കുടുംബ കൂട്ടായ്മയും. ഈ യാഥാർത്ഥ്യം അംഗീകരിക്കുകയാണ് ആദ്യം വേണ്ടത്.

ബൈബിൾ ഭാഷ്യമനുസരിച്ച് ഈ കൂട്ടായ്മയുടെ ഒരു പ്രധാന സവിശേഷത ഒരു അവയവം മറ്റൊന്നിനെ പഴിപറയുന്നില്ല, കുറച്ചുകാണുന്നില്ല. നിലനിൽപ്പിനെ, തനിമയെ ചോദ്യം ചെയ്യുന്നില്ല. പ്രത്യക്ഷത്തിൽ ചെറുതും നിസാരവുമെന്ന് തോന്നുന്ന അവയവങ്ങളെ കാഴ്ചയ്ക്ക് വലുതെന്ന് തോന്നുന്ന അവയവങ്ങളും അംഗീകരിക്കുന്നു. അവയവങ്ങളുടെ അഥവാ അംഗങ്ങളുടെ വ്യത്യസ്തത അതിൽ തന്നെ ഒരു കുറവല്ല, മറിച്ച് ഒരു ശക്തിയും സുഗമമായ പ്രവർത്തനത്തിന് പ്രചോദനവുമാണ്. ഓരോ അവയവങ്ങളുടെയും ഇഷ്ടപ്രകാരമല്ല, മറിച്ച് ദൈവേഷ്ടപ്രകാരമാണ് ഓരോ അവയവത്തേയും തൽസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. നമ്മുടെ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും ഈ സന്ദേശം ഏറെ പ്രസക്തമാണ്. നമ്മുടെ തന്നെ ബിസിസി യൂണിറ്റിലും ഭാരവാഹികളെയും ശുശ്രൂഷാ പ്രതിനിധികളെയും തൽസ്ഥാനത്ത് അവരോധിച്ചിരിക്കുന്നത് ദൈവേഷ്ടപ്രകാരമായതിനാൽ അംഗങ്ങളെല്ലാം യൂണിറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി അവരുമായി സഹകരിക്കണം.

ഈ വചനഭാഗത്തുനിന്നും ബിസിസി യൂണിറ്റുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന ആശയം കൂട്ടുത്തരവാദിത്തമാണ്. ഓരോ അവയവത്തിനും അംഗത്തിനും അതിന്റേതായ ധർമ്മമുണ്ട്. ഒന്ന് മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമോ നിസ്സാരമോ അല്ല. ഓരോന്നിന്റെയും ധർമ്മം വിലപ്പെട്ടതും പ്രസക്തവുമാണ്. ഓരോ അവയവും അംഗവും അവരവരുടെ ധർമ്മം വിശ്വസ്തതയോടെ ചെയ്യേണ്ടസമയത്ത് ചെയ്യുന്നതാണ് കൂട്ടുത്തരവാദിത്തത്തിന്റെ കാതൽ.

ഈ കൂട്ടുത്തരവാദിത്തത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ മാന്യങ്ങളെല്ലന്ന് കരുതപ്പെടുന്ന അവയവങ്ങൾക്ക് നമ്മൾ കൂടുതൽ മാന്യത കല്പിക്കുകയും, ഭംഗി കുറഞ്ഞവയെന്ന് കരുതപ്പെടുന്നവയെ കൂടുതൽ അലങ്കരിക്കുകയും ചെയ്യുന്നു. ഭംഗിയുള്ള അവയവങ്ങൾക്ക് ഇവയൊന്നും ആവശ്യമില്ല. ദൈവാത്മാവാകട്ടെ അപ്രധാനങ്ങളായ അവയവങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം ശരീരം സംവിധാനം ചെയ്തിരിക്കുന്നു. അത് ശരീരത്തിൽ ഭിന്നിപ്പുണ്ടാകാതെ അവയവങ്ങൾ പരസ്പരം തുല്യം ശ്രദ്ധയോടെ വർത്തിക്കേണ്ടതിന് തന്നെ" (1 കൊറി. 12:22-25).

ഇതിൽ നിന്നും മനസ്സിലാക്കേണ്ട കാര്യം നമ്മുടെ യൂണിറ്റിൽ ഇടവകയിൽ പ്രത്യേകശ്രദ്ധയും പരിഗണനയും അർഹിക്കുന്ന അംഗങ്ങളുണ്ട്. അവരെ കണ്ടെത്തി അവരർഹിക്കുന്ന പരിഗണന നൽകി, മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് കൂട്ടുത്തരവാദത്തിന്റെ കൂട്ടായ്മയുടെ ധർമ്മമാണ്. നമ്മുടെ യൂണിറ്റിലും ഇത്തരക്കാരുണ്ട്. നമ്മുടെ തീരങ്ങളിൽ കഴിഞ്ഞ രണ്ടുമാസമായി ഓഖി ദുരന്തത്തിൽപ്പെട്ട് ജീവനും ജീവനോപാധികളും നഷ്ടപ്പെട്ടുകഴിയുന്നവരും ഈ വിഭാഗത്തിൽപ്പെടുന്നവരാണ്.

### 8. ചർച്ച

1. നമ്മുടെ യൂണിറ്റിലോ, നമുക്കു ചുറ്റിലുമോ ആയി പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്ന കുടുംബങ്ങൾ ഏവ? അവർക്കുവേണ്ടി നമ്മുടെ കുടുംബകൂട്ടായ്മയ്ക്ക് എന്തുചെയ്യുവാനാകും?

2. വചനത്തിലും, വചന വിചിന്തനത്തിലും ശ്രവിച്ചതനുസരിച്ച് കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്തത്തിന്റേയും ഭാഗമായി നമ്മുടെ യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുവാൻ/മെച്ചപ്പെടുത്തുവാൻ യൂണിറ്റ് ഭാരവാഹികളും ശുശ്രൂഷാ പ്രതിനിധികളും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? അത് എങ്ങനെ നടപ്പിലാക്കാം?

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

എ) ഓഖി ദുരിതബാധിതർക്കു വേണ്ടി യൂണിറ്റ്/ഇടവക തലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ.

ബി) ശുശ്രൂഷാതല പ്രതിനിധികളുടെ റിപ്പോർട്ട്.

സി) ഇടവക ഫെറോനാ അതിരൂപതയിൽ നിന്നുള്ള പൊതു അറിയിപ്പ്.

12) വിശ്വാസികളുടെ പ്രാർത്ഥന : നമ്മുടെ യൂണിറ്റിലും ഇടവകയിലും പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവർക്കും, ഓഖി ദുരന്തത്തിനിരയായി എല്ലാം നഷ്ടപ്പെട്ട് വേദയനുഭവിക്കുന്നവർക്കും നമ്മുടെ കരുതലേറിയ ശുശ്രൂഷാതല പ്രവർത്തനങ്ങളിലൂടെ, ദൈവീക സാന്നിധ്യമായി, സാന്ത്വനമായി, ഔഷധമായി, അന്നമായ് തീരുവാനുള്ള കൃപക്കായി നമുക്ക് പ്രാർത്ഥിക്കാം.

### 12. വിശ്വാസികളുടെ പ്രാർത്ഥന

### 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

### 14. സമാപനഗാനം

### 15. സ്നേഹവിരുന്ന്.

### 16. നന്ദി

*തയ്യാറാക്കിയത്*

**ഫാ. മൈക്കൾ തോമസ്**

ബി.സി.സി. എക്സി. സെക്രട്ടറി




# ഇളംതൂവൽ

## സെന്റ് തോമസ് എച്ച്.എസ്.എസ്.

### പൂന്തുറ

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പൂന്തുറ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ 1910 ൽ പ്രവർത്തനം ആരംഭിച്ചു. 1959 ൽ യുപിയായും, 1982 ൽ ഹൈസ്കൂളായും 2000 ൽ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു. അദ്ധ്യയന നിലവാരത്തിലും അച്ചടക്കത്തിലും വിശിഷ്യ സ്വഭാവ രൂപീകരണത്തിലും പ്രത്യേക ശ്രദ്ധ ഈ സ്ഥാപനം നൽകിവരുന്നു.

കടൽത്തിരകൾ താരാട്ടുപാടുന്ന പൂന്തുറ പ്രദേശത്ത് കടലോരമക്കൾക്ക് അക്ഷര വെളിച്ചം തൂകി സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ എന്ന വിദ്യാലയം തലയെടുപ്പോടെ നിൽക്കുന്നു. ആയിരക്കണക്കിന് മക്കൾക്ക് വിജ്ഞാനമേകി പൂന്തുറയുടെ ദീപസ്തംഭമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ ദീപസ്തംഭമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ സാമൂഹികമായ വളർച്ച ഉറപ്പാക്കാൻ ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റും ബദ്ധശ്രദ്ധരാണ്. അറിവും മൂല്യബോധവും പരസ്പര പൂരകങ്ങളാണ് എന്ന ബോധ്യത്തിൽ കർമ്മനിരതരായ അധ്യാപകർ ഈ മക്കൾക്ക് താങ്ങും തണലുമേകുന്നു. ഈ സ്കൂളിന്റെ പ്രിൻസിപ്പൽ സിൽവസറ്ററും, ഹെഡ്മിസ്ട്രസ് ഫ്ളോറൻസ് ഫെർണാണ്ടസും പൂർണ്ണപിന്തുണയേകി കടലോരമക്കൾക്കൊപ്പം നിൽക്കുന്നു.

പഠനസാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധാലുക്കളാണ് ഓരോ അദ്ധ്യാപകരും. പഠനസമയത്തിനുപരിയായി രാവിലെയും വൈകുന്നേരവും പ്രത്യേക ക്ലാസ്സുകൾ 10-ക്ലാസ്, +2 വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തെ മെച്ചപ്പെടുത്തുന്നു. മൂല്യാധിഷ്ഠിതവിദ്യാഭ്യാസം നൽകുന്നതിനായി വിവിധ ക്ലാസുകൾക്ക് പുറമെ പഠനസാഹചര്യമില്ലാത്ത കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികൾക്കായി പഠിക്കാൻ നൈറ്റ് ക്ലാസും സെന്റ് തോമസിന്റെ പ്രത്യേകതയാണ്. കരിയർ ഗൈഡൻസ് സെൽ, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ് തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. റിച്ചാർഡ് ഹേ എം.പിയുടെ ഫണ്ടിൽ നിന്നും 15 കമ്പ്യൂട്ടറുകൾ ലഭ്യമാക്കി സ്മാർട്ട് റൂം ക്ലാസ് റൂം തയ്യാറാക്കി. അധ്യാപകരുടെ പൂർണ്ണസഹകരണത്തോടുകൂടി ഷിജു എന്ന വിദ്യാർത്ഥിക്ക് ഒരു ഭവനം നിർമ്മിച്ചു. നൽകാനും ബ്ലഡ് ക്യാൻസർ ബാധിതനായ ജഗന് ചികിത്സാ സഹായം ലഭ്യമാക്കാനും കഴിഞ്ഞു.

കലോത്സവ-കായികമത്സരങ്ങളിൽ ഈ സ്കൂൾ ഉന്നതവിജയം കൈവരിക്കുന്നു. വിദ്യാർത്ഥികളെ സമൂഹ നന്മയ്ക്കായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ശക്തമായ പിറ്റിഎയും, മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ ഇവരുടെ കൂട്ടായ ശ്രമത്തിലൂടെ ഈ വിദ്യാലയം പുരോഗതി കൈവരിച്ചുകൊണ്ടേയിരിക്കുന്നു. ■



## സെന്റ് തോമസിന്റെ അഭിമാനം: ഗിന്നസ് പദവി വില്യമിന്



ദൈവത്തിന്റെ കരവേലകൾ എത്ര വിസ്മയകരമാണ്. ഓരോരുത്തർക്കും വിവിധ താലന്തുകൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിദ്യാലയത്തിലെ ചിത്രകലാദ്ധ്യാപകനായ വില്യം പനിപ്പിച്ച 72 മണിക്കൂർ തുടർച്ചയായി കാരിക്കേച്ചർ വരയിലൂടെ ഗിന്നസ് ബുക്കിൽ സ്ഥാനം പിടിച്ചത് ഈ വിദ്യാലയത്തിന് അഭിമാനിക്കാവുന്ന നേട്ടമായി. 2010 ൽ അമേരിക്കയുടെ ഗ്യാരിജേവിയറിന്റെ 48 മണിക്കൂറും, 2014 ൽ കാനഡക്കാരനായ റൊണാൾഡ് ഫ്രാൻസിസ്ഹെബ്രിറിംഗ് ആസ്ട്രിയിൽ വച്ച് നേടിയ 61 മണിക്കൂർ 55 മിനിറ്റ് എന്ന റെക്കോർഡാണ് തുടർച്ചയായി 72 മണിക്കൂർ കാരിക്കേച്ചർ വരച്ച് വില്യം ഭേദിച്ചത്. ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രിക ലേഖനങ്ങൾക്കായി 40 ചിത്രങ്ങൾ തയ്യാറാക്കിയതും ഇദ്ദേഹമായിരുന്നു. ഓഖി ദുരന്തത്തിൽപ്പെട്ടവരെ സംരക്ഷിക്കാനുള്ള രാജ്ഭവൻ മാർച്ചിനുള്ള ലോഗോ രൂപകല്പ്പന ചെയ്തതും വില്യമാണ്.



പൂന്തുറ സെന്റ് തോമസ് എച്ച്എസ്എസിലെ അദ്ധ്യാപകരും അനദ്ധ്യാപകരും ചേർന്ന് സ്വരൂപിച്ച 3.5 ലക്ഷം രൂപ ഓഖി ദുരിതാശ്വാസത്തിനായി സ്കൂൾ മാനേജർ ഫാ. ജസ്റ്റിൻ ജൂഡിന് കൈമാറുന്നു

## മരണക്കാറ്റ്

ഒരു പേമാരിയാംവിധം ആ ദുരന്തം
തീരത്തെങ്ങും പെയ്തിറങ്ങി
പനിനീർമൊട്ടുപോൽ വിടർന്നൊ-
രെൻ പൗത്രനും തൻ താതനും
ചേതനയറ്റ ശരീരമായി പൊഴിയവെ
ദേശമെങ്ങും കൂരിരുൾ വ്യാപിച്ചു
മുറവിളി തൻ അലയൊലികൾ
കരച്ചിലായി കാതുകളിൽ മുഴങ്ങുന്നു
കാറ്റ്.... ചുഴലിക്കാറ്റ്
'ഓഖി' എന്ന മരണക്കാറ്റ്



**- ഷാലോം**
**എസ്. ആന്റണി**
9 ഡി



61-ാമത് കേരള സ്റ്റേറ്റ് സ്കൂൾ ഗെയിംസ് ചാമ്പ്യൻഷിപ്പ് ഫുട്ബോൾ - ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാന കരസ്ഥമാക്കിയ വിശ്വൽ 10 ബി.



സബ് ജില്ലാ കായികമത്സരത്തിൽ വിജയം നേടിയ സെന്റ് തോമസ് സ്കൂൾ ടീം ട്രോഫിയുമായി പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ് എന്നിവരോടൊപ്പം

## 'ഓഖി' – ആഴിയിൽ മുക്കിയ അഴലിൽ

ഓഖി ചുഴലിക്കാറ്റ് കവർന്നെടുത്ത ജീവന്റെ ശേഷിക്കുന്ന തുടിപ്പുകൾക്ക് ആശ്വാസമേകാൻ സെന്റ് തോമസ് സ്കൂളിലെ അദ്ധ്യാപകർ നടന്നുനീങ്ങിയത് ദുഃഖം കനംവച്ച വഴികളിലൂടെയായിരുന്നു. കറുത്ത കൊടികൾ, മരണ വീടിനെ അടയാളപ്പെടുത്താനെന്നപോലെ, റ്റീച്ചറേ, ഇത് സജിന്റെ വീടാണ്. അവന്റെ അച്ഛനെയും കാണാനില്ല. അമ്മയും മക്കളും തളർന്നുകിടക്കുന്ന കാഴ്ച. സാന്ത്വനവാക്കുകൾക്ക് മറുപടിയായി വിങ്ങിപ്പൊട്ടുന്ന കരച്ചിലും കണ്ണീർത്തുള്ളികളും മാത്രം.

ഈ വിദ്യാലയത്തിൽ പഠിക്കുന്ന ധാരാളം കുഞ്ഞുങ്ങൾക്ക് അച്ഛൻ നഷ്ടപ്പെട്ടു. ഇനിയും മരിച്ചോ ജീവിച്ചിരിപ്പുണ്ടോയെന്ന് യാതൊരു ഉറപ്പുമില്ലാതെ വിദ്യാർത്ഥികളും ഉറ്റവരും കലങ്ങിയ കണ്ണുകളും വിങ്ങുന്ന ഹൃദയവുമായി കാത്തിരിപ്പ് തുടരുന്നു. ഭരണവർഗത്തിന്റെ സാന്ത്വനങ്ങളും രാഷ്ട്രീയക്കളികളും മാധ്യമവിശകലനങ്ങളൊന്നും ഈ മക്കളുടെ കണ്ണീർ തുടയ്ക്കാൻ പര്യാപ്തമല്ലെന്ന് നമുക്കറിയാം. നഷ്ടപ്പെട്ടവന്റെ വിലാപം എന്നും ഒരുപോലെ തന്നെ. സുമനസ്സുകളുടെ കാരുണ്യവും രക്ഷാപ്രവർത്തനങ്ങളും ഒരു സാന്ത്വനമായി അവരോടൊപ്പമുണ്ട്. കരുണ വറ്റാത്ത ഹൃദയങ്ങളെ തിരിച്ചറിയാനുള്ള അവസരം കൂടി ഇതുവഴി നമുക്ക് ലഭിക്കുന്നു.

നേർക്കാഴ്ച

● ജെ.സി



# ശുചിത്വസാഗരം പദ്ധതിയും വേളി തീരദേശ പുലിമുട്ടുനിർമ്മാണവും

ഏതാനും വർഷമായി മത്സ്യലഭ്യത കുറയുന്നതിന്റെ കാരണമന്വേഷിക്കുന്നതിനിടെയാണ് ചെന്നൈ തീരനിവാസികളുമായി ഈ മേഖലയിലെ ഒരു ഗവേഷകൻ ഞെട്ടിപ്പിക്കുന്ന വസ്തുത പങ്കുവച്ചത് - ചത്തുകരയ്ക്കടിഞ്ഞ സ്രാവിന്റെ വയറ്റിൽ കണ്ടത് 50 കിലോയിലധികം പ്ലാസ്റ്റിക്. കടലിൽ തങ്ങുന്ന പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ മൂലം മത്സ്യസമ്പത്ത് കുറയുന്നതായും സ്വന്തം ഉപജീവനത്തെയാണ് ഇത് ബാധിക്കുന്നതെന്നും മനസ്സിലായതോടെ സന്നദ്ധ പ്രവർത്തകരോടൊപ്പം ശുചീകരണക്കാര്യത്തിൽ അണിചേർന്ന് അവർ പുതിയ മാതൃക സൃഷ്ടിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ തങ്ങുന്ന കാര്യത്തിൽ മുൻനിരയിലാണ് ഇന്ത്യയെന്ന് രാജ്യാന്തരപഠനം വ്യക്തമാക്കുന്നു. മാലിന്യ സംസ്കരണത്തിന്റെ ഉത്തരവാദിത്വം സംസ്ഥാന പരിസ്ഥിതി വകുപ്പിനെയും തദ്ദേശസ്ഥാപനങ്ങളെയും കേന്ദ്ര സർക്കാർ ഏൽപ്പിച്ചിരിക്കുകയാണ്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തമായ നയപരിപാടികളും സാങ്കേതിക പിൻതുണയുമില്ലാതെ ആശയക്കുഴപ്പത്തിലാണ്. വിവിധ വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും പ്ലാസ്റ്റിക് ഉപയോഗം കുറച്ചുകൊണ്ടുവരാനും പുനരുപയോഗസാധ്യതകൾ കണ്ടെത്താനും ഫലപ്രദമായ മാർഗങ്ങൾ ഇതുവരെയും കേരളത്തിൽ ആവിഷ്ക്കരിച്ചിട്ടില്ല.

എങ്കിലും കടൽ പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ ശുചീകരണ യത്നം പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ട്രോളിംഗ് നിരോധന കാലാവധി തീർന്നപ്പോൾ കൊല്ലമേഖലയിലെ മത്സ്യബന്ധന ബോട്ടുകൾ ശുചീകരണ പ്രതിജ്ഞയുമായാണ് കടലിലിറങ്ങിയത്. മുൻപ് വലകളിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തിരികെ കടലിൽ എറിഞ്ഞുകളയുകയായിരുന്നു പതിവ്. അതിനുപകരം അവ ബോട്ടിൽ തന്നെ ശേഖരിച്ച്, കരയാൻ എത്തിച്ച് സംസ്കരിക്കാനുള്ള പദ്ധതിയ്ക്ക് ഈയിടെ തുടക്കം കുറിച്ചു. ഫിഷറീസ് വകുപ്പ് ശുചിത്വസാഗരം പദ്ധതിയുമായി മുന്നോട്ടിറങ്ങിയതോടെ കടൽ ശുചീകരണം സാധ്യമാണെന്ന് നാം കണ്ടു. തീരദേശത്തുനിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള ആലോചനയും സജീവമാണ്. എന്നാൽ വേളി തീരഗ്രാമത്തിൽ പുലിമുട്ട് നിർമ്മിച്ച് തിരുവനന്തപുരം നഗരത്തിലെ മാലിന്യ വാഹിനികളായ പാർവതീപുത്തനാർ ആമയിഞ്ചാൻ തോടുൾപ്പെടെയുള്ള എല്ലാ അഴുക്കുചാലുകളും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൂമ്പാരം തന്നെ വേളിയിലേക്ക് തങ്ങാനുള്ള ഓപ്പറേഷൻ അനന്തപദ്ധതി സർക്കാർ പ്രഖ്യാപിച്ച നയത്തിന് ഘടകവിരുദ്ധമായ നീക്കമാണ് - ശുചിത്വസാഗര പദ്ധതിക്ക് എതിരാണിത്. മാത്രമല്ല, പുലിമുട്ട് നിർമ്മാണം ഉണ്ടാക്കുന്ന പാരിസ്ഥിതികാഘാതം വേറെയുമുണ്ട്. വേളിയെന്ന ഗ്രാമത്തിലെ മൂവായിരത്തോളം വരുന്ന ഭവനങ്ങൾ തീരം നഷ്ടപ്പെടുമ്പോൾ കടലിലേക്ക് ഒഴുകിപോകുമെന്ന ആശങ്കയുമുണ്ട്. തദ്ദേശവാസികൾ ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചിരിക്കുകയാണ്.

ശുചിത്വസാഗരം പദ്ധതിയിൽ പ്രകടമാകുന്ന ഉത്സാഹം ആരംഭശൂരത്വമാകരുത്. മത്സ്യബന്ധനമേഖലയിലുള്ളവരുടെ ജീവിത സൗഭാഗ്യങ്ങൾ മത്സ്യലഭ്യതയെ ആശ്രയിച്ചിരിക്കുന്നു എന്ന തിരിച്ചറിവ് അവരെ നയിക്കുമെന്ന് തീർച്ച. അനുബന്ധമായി പ്ലാസ്റ്റിക് വേർതിരിക്കാനും സംസ്കരിക്കാനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വവുമാണ്. നമ്മുടെ നദികളും കായലുകളും കൂടി പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് മുക്തമായാലേ കടൽ ശുചീകരണം ഉദ്ദേശിച്ച ഫലം കാണുകയുള്ളൂ. ഓരോരുത്തരും പരിസ്ഥിതിയുടെ കാവൽക്കാർ എന്ന തിരിച്ചറിവിൽ മാത്രമേ നമ്മുടെ കരയും കായലും കടലും നിർമ്മലമാവുകയുള്ളൂ. ഇതിലേക്ക് നമുക്ക് അണിചേരാം. ■


RC Matrimonial
Latin Archdiocese of Trivandrum
ക്രിസ്തീയ വിവാഹ ബ്യൂറോ
www.rcmatrimonial.org
ഓഫീസ്:
ആർ സി വിവാഹ ബ്യൂറോ
തിരുവനന്തപുരം ലത്തീൻ അതിരൂപത
വെള്ളയമ്പലം
+91471 2724001, +91 93872 962313
matrimonialrc@gmail.com